R No 3077
(1)

# കളരി

പത്രാധിപർ:
എ. വി. എസ്സ്. പണിക്കർ.

പുസ്തകം 1 | 1954 ആഗസ്റ്റ് | ലക്കം 3

## മഹാകവി വള്ളത്തോൾ.

സമസ്യപൂരണം.

അറുപതു് കൊല്ലങ്ങൾക്കുമുമ്പു് ഒരു പൂരത്തിലെ കവിസംഘത്തിൽവെച്ചു് വൈദ്യൻ,
“ശ്രീ മുണ്ടോളി നമ്പ്യാർ”
“പൊടിപ്പാത്രം മാത്രം പൊറുതി ചെറുതേൻ നേർമൊഴിമണേ”
എന്നൊരു സമസ്യ ചൊല്ലിയതു് 1129-ാമാണ്ടു് മേടമാസം 28-ാംനു ചൊവ്വാഴ്ച—
തൃശ്ശൂർ പൂരദിവസം ഓർമ്മവരികയാൽ പൂരിപ്പിച്ചതു്.

ചൊടിയ്ക്കും നിർഭാഗ്യസ്ഥിതിയൊടു; കനംവിട്ടുകരയും;
മിടിയ്ക്കും നെഞ്ചോടേ വിരിയിലുരുളും വിരഹി ഞാൻ
തൊടില്ലാ; നിദ്രപ്പെ — ണ്ണിരവുകൾ പുലർന്നാൽ മമവെറും
പൊടിപ്പാത്രം മാത്രം പൊറുതി ചെറുതേൻ നേർമൊഴിമണേ!

---

### കളരി 2-ാംലക്കത്തിലെ സമസ്യയുടെ പൂരണങ്ങൾ.

അദ്ധ്വാനിപ്പൊരു ശീലവും, ഗുരുജനത്തിങ്കൽ പരം ഭക്തിയും,
സിദ്ധാന്തങ്ങൾ പിതാക്കൾ ചൊൽകിലവയേ മാനിച്ചനുഷ്ഠിക്കയും,
ശ്രദ്ധിച്ചീവകയൊത്തു നിത്യത കഴിച്ചൌന്നത്യമോരേണ്ടതി-
ന്ന “ദ്ധ്യേതാക്കളവശ്യമീവകയറിഞ്ഞീടേണമെല്ലാവരും”

കെ. കെ പുരുഷോത്തമൻ

വൃത്തിയ്ക്കൊത്ത വിശുദ്ധി, ഗാത്ര, ഹൃദയങ്ങൾക്കെന്നുവേണ്ടതിനും
ബുദ്ധിയ്ക്കുള്ളൊരു ശക്തിയേററമിയലാനേറുന്നൊരാലോചന
സിദ്ധിയ്ക്കായ് ഗുരുവയ്യ, മാതുല, പിതാക്കന്മാരെ വന്ദിയ്ക്കയെ-
ന്ന “ദ്ധ്യേതാക്കളവശ്യമീവകയറിഞ്ഞീടേണമെല്ലാവരും”

പണ്ഡിതർ എൻ. പി. രാഘവപിഷാരോടി.

സിദ്ധിക്കും ജയമെന്നുറച്ചു ഹൃദിനന്നായി തെളിഞ്ഞോറവും
ബുദ്ധിക്കൂർജ്ജതയേററി സൽഗ്ഗുരുപദംപററി പഠിച്ചാദരാൽ
മദ്ധ്യേവിസ്മൃതിയാൽ പിഴക്കിടവരുത്തീടാതെയും, വെല്ലുവാൻ
"അദ്ധ്യേതാക്കളവശ്യമീവകയറിഞ്ഞീടേണമെല്ലാവരും"

ഡോക്ടർ, കെ. കെ. രാമദാസ്.

ആദ്ധ്യാത്മികരസോദയം പുണരുമപ്പുണ്യ പ്രഭാപോൽക്കരം
ശ്രദ്ധാബന്ധുരമായ് ലസിപ്പുപനിഷദ് ഗ്രന്ഥങ്ങളിൽ തോഴരേ!
സദ്ധർമ്മാമൃത വൈഖരീപരിചയം സാധിച്ചു ബോധിക്കുവാൻ
"അദ്ധ്യേതാക്കളവശ്യമീവകയറിഞ്ഞീടേണമെല്ലാവരും."

വൈദ്യരത്നം, പി. സി. ഗോവിന്ദൻ നായർ,
(വൈദ്യർ വല്ലപ്പുഴ)

ബുദ്ധിക്കാർദ്രത നൽകുവാൻ കഴിയുമാറുള്ളോരു ധർമ്മങ്ങളും
ശ്രദ്ധാപൂർവ്വമിരുന്നതാതുദിവസം ചെയ്യേണ്ട കർമ്മങ്ങളും,
വർദ്ധിച്ചീടിന വൈദുഷീസുഷമയാൽ ഗർവ്വിച്ചിടാതായ് വരാൻ
"അദ്ധ്യേതാക്കളവശ്യമീവക അറിഞ്ഞീടേണമെല്ലാവരും"

സരസകവി, കുന്നത്തുള്ളി ഗോവിന്ദപണിക്കർ (ആശാൻ)

വേദാദ്യാഗമസൂക്തി നിത്യപഠനം, സാഹിത്യ സംസേവനം,
സത്യാസത്യവിവേചനം, പരിചെഴും സന്മാർഗ്ഗസമ്പോഷണം,
കൃത്യാകൃത്യവിചിന്തനം, ബഹുതരം രാഷ്ട്രീയവൈരുദ്ധ്യവും
"അദ്ധ്യേതാക്കളവശ്യമീവകയറിഞ്ഞീടേണമെല്ലാവരും!!"

പി. കെ. ബാഹുലേയൻ, പാറളിക്കാട്ട്.

കൃത്യം, നിത്യ മുഷസ്സിലോത്തുണരണം, പാഠം പഠിച്ചെപ്പോഴും
സത്യം ചൊല്ലണ, മാരിലും കൃപ കലർത്തേണം, കടന്നൊന്നിനും.
മദ്ധ്യേ തർക്കമുരച്ചിടാതെ വിനയം കാട്ടേണമാചാര്യനോ-
ട"ദ്ധ്യേതാക്കളവശ്യമീവകയറിഞ്ഞീടേണമെല്ലാവരും"

കെ. ജി. പണിക്കർ.
('ജ്യോതിഷമഞ്ജരി' പത്രാധിപർ)

# "കളരി"

(പുത്തേഴത്ത് രാമമേനോൻ)

കളരി, കേരളത്തിൻെറ ജീവനായിരുന്നു; അന്തർശ്ശക്തിയായിരുന്നു; ആത്മാവായിരുന്നു. അതൊരു ഭംഗിവാക്കല്ല, മിഥ്യാപ്രശംസയല്ല, ദുരഭിമാനപ്രകടനവുമല്ല. കേരളവും കളരിയും ഒന്നുതന്നെ ആയിരുന്നു എന്നു്, ആ രണ്ടു പദങ്ങളുടെ പരസ്പരബന്ധവും, ഘടനയും തന്നെ തെളിയിക്കുന്നു; രണ്ടിന്നും അക്ഷരങ്ങൾ ഒന്നുതന്നെ; ക, ര, ള! ദേഹവും ദേഹിയും പോലെ, കേരളവും കളരിയും കൂടിക്കലൎന്നും, കെട്ടുപിണഞ്ഞും കിടക്കുന്നു! ഇതൊരു യാദൃശ്ചികസംഭവമാണെന്നു തോന്നുന്നില്ല. കേരളത്തിൻെറയാണു കളരി. കളരിയില്ലെങ്കിൽ കേരളവുമില്ല. ഇതായിരുന്നു പണ്ടത്തെ നില. ഇന്നു്, ആ നിലയല്ല മാത്രമല്ല, ഏതു നിലകൾക്കും, ഒരു നിലയില്ലായ്മ സംഭവിച്ചിരിക്കുന്നു. കേരളത്തിൽ, കളരി എന്നൊന്നുണ്ടായിരുന്ന കഥപോലും, "കേട്ടുകഥ"യോ "കെട്ടുകഥ"യോ ആയിരിക്കുന്നു!

അങ്ങിനെയിരിക്കുമ്പോഴാണു്, ഈയിടയിൽ, ദെൽഹിയിൽവെച്ചൊരു കളരി പ്രദൎശനമുണ്ടായതും, ഉത്തരേന്ത്യക്കാരായ ഭരണധുരന്ധരന്മാരും, മററു മഹാന്മാരും അതു കണ്ടു് അത്ഭുതപരതന്ത്രരായതും, പ്രയിംമിനിസ്റ്റർ ശ്രീ നെഹറു ആവേശഭരിതനായി, എടുത്തുചാടി, സമീപസ്ഥൻെറ കയ്യിലുണ്ടായിരുന്ന വടി വലിച്ചുവാങ്ങി, ഒരു പയററിന്നു പുറപ്പെട്ടതും! അന്നത്തെ പ്രദൎശനക്കാരുടെ "ഉദ്ഘാടനം" നെഹറുജി സനിഷ്ക്കൎമ്മം പരിശോധിക്കുന്നതിൻെറയും, മുൻപറഞ്ഞ വടിയേന്തി പയററുകാരനായി നില്ക്കുന്നതിൻെറയും ചിത്രങ്ങൾ ചില പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിക്കണ്ടു! കേരളത്തിലെ കളരിയെക്കുറിച്ചു വടക്കേ ഇന്ത്യക്കാർ അറിഞ്ഞതും, ആശ്ചൎയ്യം പൂണ്ടതും അന്നാണു്. അതോടുകൂടി, "കളരി"യിലെ 'കള' നീങ്ങുകയും, 'കരി' പോകുകയും, അതിൻെറ ശുദ്ധരൂപം പ്രത്യക്ഷപ്പെടുകയും, ചരിത്രാന്വേഷണകാൎയ്യത്തിൽ ശ്രദ്ധപതിയുകയും ശുദ്ധികലശത്തിൽ താല്പൎയ്യം ജനിക്കുകയും ചെയ്തു! കേരളത്തിൻെറ കളങ്കരഹിതമായ കേളിയെ, കടലുകൾക്കപ്പുറത്തുംകൂടി എത്തിച്ചതായ കഥകളി ജനിച്ചതും, കളിച്ചതും ഈ കളരിയിലാണെന്നോൎക്കുമ്പോൾ, കളരിയെക്കുറിച്ചു, കരളിളക്കം കൂടാതെ ചിന്തിക്കുവാൻ സാധിക്കുന്നതല്ല. ആദ്യം കഥകളി, പിന്നെ കളരി, എന്ന ക്രമത്തിൽ, ഇപ്പോൾ രണ്ടും കാണേണ്ടവർ കാണുകയും, കൊണ്ടാടേണ്ടവർ കൊണ്ടാടുകയും ചെയ്തുകഴിഞ്ഞിരിക്കുന്ന അവസരത്തിൽ, ശ്രീ നെഹറുജിതന്നെ—പ്രതിനിധികളാരെങ്കിലും—കേരളത്തിലെ ലും ഒരു കളരിയിൽ ചേൎന്നു പയററുപഠിച്ചു, കുറുപ്പുസ്ഥാനമോ, പണിക്കർപദവിയോ സമ്പാദിക്കുവാൻ പുറപ്പെട്ടു എന്നുവരാം! അങ്ങിനെ, കളരിക്കൊരു നല്ല കളരി കൈവന്നിട്ടുള്ള കാലത്താണു്, കളരിപ്പേരു വഹിച്ചുകൊണ്ടുള്ള, ഒരു പുത്തൻമാസികയുടെ ആവിർഭാവം! വാളും പരിചയുമാണീ മാസികയുടെ 'മുദ്ര'യായി വിലസുന്നതെന്നുള്ളതും, കുറുപ്പന്മാരും പണിക്കന്മാരുമായ ഒരു സംഘമാണു് കളരിക്കാരായിരിക്കുന്നതെന്നുള്ളതും സമഞ്ജസവും, സാരാൎത്ഥപൂൎണ്ണവുമാകുന്നു.

കളരികളിലെല്ലാം, കളകളും, കരിയും നിറഞ്ഞിട്ടു കാലമേറെയായി; പയററുകളും, കളരിക്കു പുറത്തല്ലെങ്കിൽ, കുറുപ്പിൻെറ നെഞ്ഞത്തു് എന്ന മട്ടിലായിട്ടും വളരെ നാളായി! 'പിള്ളരുപണിക്കന്മാർ', കുറുപ്പന്മാരെ, ഉറപ്പില്ലാത്തവരാക്കിക്കഴിഞ്ഞു. "കുറുപ്പിൻെറ ഉറപ്പു" തന്നിമിത്തം പതിരില്ലാത്ത പഴഞ്ചൊല്ലുമായി! കളരിക്കൽ കാക്കലും, കളരിയിൽ വണങ്ങലും, കളിയുമില്ല, കാൎയ്യത്തിനുമില്ലാ എന്നായിക്കഴിഞ്ഞു. കെട്ടിമേച്ചിലും, വിളക്കുവെപ്പുമില്ലാതെ നശിച്ചു കിടക്കുന്ന കളരികളെ കാണണമെങ്കിൽ മോഹൻജദാരോക്കാരെങ്കിലും കിളച്ചു നോക്കണമെന്നായി!

കേരളത്തിലെ കളരികൾ, മൂന്നു മഹാകാൎയ്യങ്ങളെയാണു് വളൎത്തുകയും, പുലൎത്തുകയും ചെയ്തിരുന്നതു: പരദേവതാ ഭജനം, ഗുരുശിഷ്യബന്ധം, ദേഹാരോഗ്യം. അവ മൂന്നുമായിരുന്നു കേരളത്തിൻെറ പൂൎവ്വ സമ്പത്തുകൾ, കീൎത്തിക്കുള്ള നിദാനങ്ങൾ, ഐശ്വൎയ്യത്തിനുള്ള ഉപാധികൾ. കളരികൾ ദേവാലയങ്ങൾ കൂടിയായിരുന്നു; കളരി ആശാൻ പ്രത്യക്ഷദൈവതമായിരുന്നു; കളരിയഭ്യാസം ആയുരാരോഗ്യവൎദ്ധകമായിരുന്നു; ആ വൎദ്ധനവു് നിൎഭയത്വത്തെയും, പ്രയത്നശീലത്തെയും, ഐശ്വൎയ്യാഭിവൃദ്ധിയേയും വളൎത്തുന്നതായിരുന്നു. അങ്ങിനെ, കളരിയുടെ കേളികേട്ടകാലം, കേരളത്തിൻെറ സ്വാതന്ത്ര്യകാലവും, സമ്പത്തു്കാലവും ആയിരുന്നു. മുച്ചാൻവടിയുടെ മൂച്ചിലും, അച്ചടക്കവും മെയ്യൊതുക്കവും, മുറയ്ക്കു നിലനിന്നിരുന്നു.

ഉഴിച്ചിലും പിഴിച്ചിലും, തിരുമ്മലും ഉരുമ്മലും, കച്ചകെട്ടും കൊച്ചുകൊട്ടും, എല്ലാംകൂടി നോക്കിയാൽ, അന്നത്തെ കളരികൾ, അമ്പലങ്ങളും, രണഭൂമികളും, വിദ്യാലയങ്ങളും, "ജിംനേഷ്യയങ്ങളും" എല്ലാം കൂടി

ങ്ങളായിരുന്നു. നാട്ടതോറും, ദേശം ചപ്പൊഴും പലേടത്തും വീട്ടതോറും, കളച്ചകെട്ടുസമ്പ്രദായങ്ങളുമുണ്ടായിരുന്നു. ഇന്നു ചില രാജ്യങ്ങളിലുള്ള നിർബ്ബന്ധിത സൈനിക പരിശീലനംപോലെ, പണ്ടത്തെ കേരളത്തിൽ, ഒരു നിർബ്ബന്ധവും കൂടാതെ, കേവലം കർത്തവ്യത്തിന്റെ നിലയിൽ, കളരിയഭ്യാസം സാർവ്വത്രികമായിരുന്നു; പുരുഷന്മാർ മാത്രമല്ല, സ്ത്രീകളും കൂടി, അതിൽ ഉൾപ്പെട്ടിരുന്നു. വടക്കൻ പാട്ടുകൾ നോക്കിയാൽ കാണാം, ആണുങ്ങളെ തോല്പിച്ച പെണ്ണുങ്ങളുടെ പയററുകഥകളും ''പൌരുഷ'' പ്രകടനങ്ങളും!

അന്ധവിശ്വാസമായാലും, അധമ മനസ്ഥിതിയായാലും, കേരളത്തിലെ — കേരളീയരുടെ — എല്ലാ പ്രവൃത്തികളും, ഈശ്വരാർപ്പണമായും, ഈശ്വരാനുഗ്രഹമർത്ഥിച്ചുകൊണ്ടുമല്ലാതെ ആരംഭിക്കാറില്ല. വൈദ്യനും, ജോത്സ്യനും, കുരപ്പിന്നും പണിക്കർക്കും ആശാരിക്കും മൂശാരിക്കും നായർക്കും നായാടിക്കുമുണ്ടായിരുന്നു ഒരാരാധനാമൂർത്തി, ഒരു ഭരദേവത, ഒരു കുലദൈവം. അവിടെ വന്ദിച്ചും, പൂജിച്ചുമല്ലാതെ കളപറിയായാലും, കളരിപ്പയററായാലും ആരും ആരംഭിക്കാറില്ല! ആശാന്റെ ആജ്ഞകൾ സുഗ്രീവാജ്ഞകളുമായിരുന്നു. ഇന്നതൊക്കെ മാറി: എല്ലാം അട്ടിമറിഞ്ഞു: പേരും പെരുമയും പോയി മറിഞ്ഞു. ഈശ്വരൻ ഇല്ലാത്തവനായി, വിശ്വാസം മനസ്സിന്റെ ദൌർബ്ബല്യമായി, അനുസരണം സ്വാതന്ത്ര്യക്കുറവിന്റെ അടയാളമായി, ആചാരങ്ങൾ അബദ്ധജടിലങ്ങളായ ആഭാസങ്ങളായി! അപ്പോൾ, എന്തായി നില? സർവ്വസ്ഥലത്തും ''കുരപ്പില്ലാകളരികളാ''ത്; കുരപ്പന്മാരൊക്കെ ഉറപ്പും പൊറുപ്പും മുട്ടിയവരായി. പയററുകൾ പടിത്താററികളിലും, കച്ചകെട്ടുകൾ തുണിച്ചുരുക്കപ്പീടികകളിലും ആയി! അപ്പൊഴോ? അനാഥത്വം അച്ചടക്കമില്ലായ്മ, ആരോഗ്യഹാനി, അജ്ഞത, അഹങ്കാരം, അധപ്പതനം, ദാരിദ്ര്യം, ദാസ്യം!! ഇന്നത്തെ കേരളം ആവകക്കളു ''കളരി''കളായി മാറിപ്പോയി!!

ആത്മവിശ്വാസവും, ഈശ്വരവിശ്വാസവുമാണ് മനുഷ്യനെ മുമ്പോട്ടു നയിക്കുന്ന രണ്ടു പ്രേരക ശക്തികൾ. അതു രണ്ടുമററാൽ, മനുഷ്യൻ ചളിയിൽ നിപതിച്ച ഗജേന്ദ്രനെപ്പോലെ, കയറുവാനും, എളകുവാനും നിവൃത്തിയില്ലാതെ, നിന്നനിലയിൽ കിടന്നു നശിക്കുകയേ ഉള്ളൂ. ആത്മവിശ്വാസത്തിന്റെ തന്നെയും അടിസ്ഥാനവും, അന്തർപ്രചോദനവും, തന്നെക്കാൾ മീതെയായി, ഉപരിയായി, ഒരു ശക്തി, തന്നെയും, താൻ ഏതിന്റെ എത്രയും എളിയ ഒരംശമായിരിക്കുന്നുവോ ആ പ്രപഞ്ചത്തെയും ഭരിക്കുന്നു, നിയന്ത്രിക്കുന്നു, നിലനിർത്തുന്നു, എന്നുള്ള ബോധവും, ജ്ഞാനവുമാകുന്നു. അതില്ലാത്തവനു്, ആകാശവുമില്ല, ഭൂമിയുമില്ല. അവൻ തന്നെയുമില്ല! കേരളസംസ്കാരത്തിന്റെ ആദികർത്താക്കളും, അധിനായകന്മാരും, ആ തത്വം ധരിച്ചിരുന്നവരായിരുന്നു.

'ഗുരു'—കുരുക്കൾ—അറാക്ക്, ഈശ്വരനായിരുന്നു. ''ഈശ്വരനെന്നും ഗുരുവെന്നും രണ്ടല്ല, നിശ്ചയിച്ചോക്കുമ്പോളൊന്നുതന്നെ'' എന്നായിരുന്നു അവരുടെ അഭിപ്രായം. ഗുരുശുശ്രൂഷകൊണ്ടുമാത്രം, ഗുരുവിനെക്കാൾ വലിയവനായ ശിഷ്യനെക്കുറിച്ചുള്ള കഥകളുണ്ട്. ശ്രീകൃഷ്ണഭഗവാൻപോലും, ഗുരുപത്നിയുടെ ചൊല്പടിക്കു വിറകുവെട്ടാൻപോയ കഥ പ്രസിദ്ധമാണല്ലോ. ഇന്നത്തെ ചില ''പഴമ''ക്കാരോടു ചോദിച്ചാൽ പറയും, അവരുടെ ഗുരുശുശ്രൂഷ എങ്ങിനെ ഇരുന്നുഎന്നു്. ഗുരുവിന്നുവേണ്ടി മരിക്കുന്നതുപോലും ശിഷ്യന്റെ ധർമ്മവും കർത്തവ്യവുമായിരുന്നു.

ഇപ്രകാരം, ഈശ്വരവിശ്വാസമെന്നും, ഗുരുഭക്തിയെന്നും ഉള്ള രണ്ടു നിതാന്തനിർമ്മല സുശക്ത ചക്രങ്ങളിന്മേലാണ് കേരളത്തിലെ പണ്ടത്തെ ''കളരികൾ''—കളരികൾ മാത്രമല്ല ഏതു സ്ഥാപനവും—ഉറപ്പിച്ചിരുന്നതു്. ആ രണ്ടു ചക്രങ്ങളും തകർന്തരിപ്പണമായി. പണ്ടു് മഹാബലിയെ, വാമനൻ, പാതാളത്തിലേക്കു ചവുട്ടിത്താഴ്ത്തിയപോലെ, ഇന്നു ദൈവത്തെ പുതുമതക്കാർ പാതാളത്തിന്റെയും അപ്പുറത്തേക്കു ചവുട്ടിത്താഴ്ത്തിയിരിക്കുന്നു! ''ഗുരു'' വാദ്ധ്യാരും, മാസ്റ്ററും, ടീച്ചറും ആയി രൂപാന്തരപ്പെട്ടതോടുകൂടി, ഗുരുശിഷ്യബന്ധത്തിന്റെ ഭാവവും രൂപവും മാറി, ശിഷ്യന്മാരുടെ ''ഗുരുശുശ്രൂഷ'' നിമിത്തം, പല ഗുരുക്കന്മാരും ആസ്പത്രികളെ ശരണീകരിക്കേണ്ടിയുംവന്നു! പിന്നെ കളരികളെങ്ങിനെ നിലനില്ക്കും കുരപ്പന്മാർപോലും കളരിക്കുപുറത്തായി. കളരികൾ, കളയും കരിയും നിറഞ്ഞവയുമായി!

എല്ലാ മനുഷ്യനും എന്നപോലെ, എല്ലാ രാജ്യത്തിന്നുമുണ്ടു്, അതിന്റേതായ ഒരു കർമ്മവാസനയും, ധർമ്മബോധവും; ഇംഗ്ലീഷിൽപറയുന്ന ''ജീനിയസ്സ്'' എന്ന അന്തർപ്രവണത. പ്രവൃത്തികളെല്ലാം അതിന്നനുസാരമായും, വിരുദ്ധമല്ലാതേയുമിരിക്കണം എന്നാൽ മാത്രമേ, അതു ശരിപ്പെടുകയും, ഫലപ്പെടുകയും ചെയ്യുകയുള്ളൂ. അതിനെയാണ്, ''സ്വധർമ്മം'' എന്നു ഗീതയിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടുള്ളതു്. ''ശ്രേ

സാഹിത്യാചാര്യൻ

# ശ്രീ. എ. ബാലകൃഷ്ണപിള്ള.

## "മരണമില്ലാത്ത 'കേസരി'യുടെ സാഹിത്യ സപര്യയിലേയ്ക്കൊരെത്തിനോട്ടം______"

—കാറളം ബാലകൃഷ്ണൻ.

ഔചിത്യമാണ്, അദൃഷ്ടപൂർവ്വതയല്ല ഒരു മഹാകവിക്കുണ്ടായിരിക്കേണ്ട ഗുണങ്ങളുടെ പ്രധാന ഘടകമെന്നും അഭിജ്ഞമതമുണ്ട്. എങ്കിൽ, അത്തരം മഹാകാവ്യങ്ങളുടെ ഭാവനയെപോലും തുലനം ചെയ്യുന്ന നിഷ്കൃഷ്ടമായ ഒരു ചിന്താസരണി തീർച്ചയായും നിരൂപകനും ഉണ്ടായിരിക്കേണമല്ലോ. മലയാള സാഹിത്യത്തിന്റെ കാൽനൂററാണ്ടുകാലത്തെ ചരിത്രം പരിശോധിച്ചാൽ നാം പ്രശസ്തനായ ഒരു നിരൂപകനെ കണ്ടെത്തുന്നു—ശ്രീ. എ. ബാലകൃഷ്ണപിള്ള! മരണമില്ലാത്ത ആ 'കേസരി'യെക്കുറിച്ച് അറിയാത്ത കലാപ്രണയികൾ ചുരുങ്ങും. പത്രപ്രവർത്തകൻ, കഥാകാരൻ, വ്യാഖ്യാതാവ്, നോവലിസ്റ്റ്, നിരൂപകൻ സർവ്വോപരി ഇളംതലമുറയുടെ സാഹിത്യാചാര്യൻ എന്നീ നിലകളിൽ വ്യക്തമായ ഭൂരിപക്ഷം സാഹിത്യപ്രണയികളുടെ പിതാവാണദ്ദേഹം—.

ഇങ്ങിനെയൊരാളെ പരിചയപ്പെടാൻ ഒരു സാഹിത്യ വിദ്യാർത്ഥിയായ എനിക്ക് കൌതുകം തോന്നിയതിന്റെ ഫലമാണ് ഈ ലേഖനം.

1950 സെപ്തംബർ 1-ാംനു- ഞാൻ അദ്ദേഹത്തെ വടക്കൻ പറവൂരിലുള്ള ഭാര്യാഗൃഹത്തിൽ ചെന്നു കണ്ടു. മാടവനപ്പറമ്പ്! സാഹിത്യകലാസപാകരുടെ തീർത്ഥാടനകേന്ദ്രമായി എത്രയോ കാലംമുമ്പ് രൂപം പൂണ്ട ആ കേസരിയുടെ പാവനമായ സാഹിതീക്ഷേത്രത്തി

(ശേഷം 10-ാം പേജിൽ)

---

യാൻ സ്വധർമ്മോവിഗുണഃ പരധർമ്മാൽ സ്വനുഷ്ഠിതാത" എന്ന ഗീതാവാക്യത്തിന്റെ ഉള്ളർത്ഥം, വ്യക്തിഗതമായും, രാജ്യപരമായും ഉള്ള ഈ 'ജീനിയസ്സി'നെ സ്പർശിക്കുന്നതാകുന്നു. കേരളത്തിനുമുണ്ട്, അതിന്റേതായ ഒരു 'ജീനിയസ്സ്'. അതിൽകൂടിയും, അതിന്നനുസാരമായും ഉള്ള പ്രവൃത്തികൾ മാത്രമേ, ആത്മരക്ഷക്കായും, ലോകകല്യാണത്തിന്നായും ഭവിക്കയുള്ളു. ഇന്നത്തെ പരിഷ്കാരത്തിന്റെ പരക്കംപാച്ചിൽ, പേനായയെപോലയോ, മദംപൊട്ടിയ ആനയെപോലയോ ഉള്ള "കണ്ണും കരയുമില്ലാത്ത" പരക്കംപാച്ചിൽ, ഉണ്ടാവാൻ വയ്യാത്ത സമത്വത്തിന്റെ ഇല്ലാത്ത സൌന്ദര്യത്തെ ഭ്രമിച്ചുകൊണ്ടുള്ള പാച്ചിൽ, എല്ലാം 'ഇരുന്നു നോക്കിയാൽ നിരന്നുകാണാറാക്കി'യേ അവസാനിക്കയുള്ളു എന്ന് തോന്നുന്നു! ഏതായാലും, കേരളത്തിലെ കളരികൾ ചേരികളായി മാറി, ഇനി ചേരില്ലാഎന്ന വിധം മാറി, അതോടുകൂടി അറയുടെ സ്ഥാനവും, അടിസ്ഥാനവും കൂടി അജ്ഞതയിലും, അന്ധകാരത്തിലുമാണ്ടു.

കള്ളനെ പിടിക്കുവാൻ അവന്റെ പിന്നാലെ ഓടുന്നവരുടെ അനുഭവമാണിന്നത്തെ ലോകത്തിനുതന്നെ പരക്കെ പററിയിരിക്കുന്നത്. ഓടി ഓടി വിയർത്ത്, കിതച്ചു; കള്ളനെ കണ്ടില്ല; കുറച്ചുകഴിഞ്ഞപ്പോൾ കൂട്ടത്തിൽനിന്നുതന്നെ ഒരാൾ ചോദിച്ചു, നാം എന്തിനാണ് ഓടിയതെന്ന്. നല്ല വിവരം ആർക്കുമുണ്ടായിരുന്നില്ല. ഒടുവിൽ എല്ലാവരും ലജ്ജിച്ചും, തലതാഴ്ത്തിയും, മൌനമവലംബിച്ചും, മന്ദം മന്ദം മടക്കയാത്ര തുടങ്ങി!! ആധുനിക ലോകത്തിന്റെ കുതിച്ചുപായൽ അതുപോലെയാണ്. എന്തിനാണ്, എവിടെക്കാണ്, എന്നു കൂട്ടക്കാർ ചിലർതന്നെ — ചില ഉൽകൃഷ്ട ചിന്തകന്മാർ — ചോദിച്ചു തുടങ്ങീട്ടുണ്ട്. ആററംബോമ്പോടുകൂടി അററം കാണും. തിരിച്ചുള്ള യാത്രയും തുടങ്ങും. അല്ലങ്കിൽ, ഓടിഓടി ആരംഭിച്ചേടത്തു തിരിച്ചെത്തും. ഭൂമിയും ഉരുണ്ടതാണല്ലൊ.

കേരളവും ഓടുകയാണ്, പന്തയം പറഞ്ഞു ഓടുകയാണ്; കളരിയെ കൈവെടിഞ്ഞ് ഓടുകയാണ് എന്തുകിട്ടാനാണു? ആർക്കറിയാം? അതാക്കും തീർച്ചയില്ല; അഥവാ ഉണ്ടെങ്കിൽതന്നെ, അതു അഭികാമ്യമാണോഎന്നും അറിയില്ല. കേരളത്തിന്റെ 'ജീനിയസ്സിനെ' വിട്ടെറിഞ്ഞാണ് ഓടുന്നതെന്നു നിരാക്ഷേപമാണ്. കളരിയും, കഥകളിയും അതാണ് വിളിച്ചുപറയുന്നത്. കഥകളി രക്ഷപ്പെട്ടു. പാശ്ചാത്യർ പറഞ്ഞപ്പോൾ, പാച്ചിൽ നിറുത്തി പഠിപ്പുതുടങ്ങിയപ്പോൾ, രക്ഷപ്പെട്ടു. കളരിയും രക്ഷപ്പെടും. ദെൽഹിപറഞ്ഞു, ന്യൂയോർക്കും, ലണ്ടനും, മോസ്കോവും പറയും. അന്നു കളരികളും, കുറുപ്പന്മാരും, കേരളത്തിൽ വീണ്ടും വിളങ്ങു

പത്രാധിപക്കുറിപ്പ്.

# കലാകേന്ദ്രം

പൌരാണിക കാലംമുതൽ പേരും പ്രശസ്തിയും ആൎജ്ജിച്ചിട്ടുള്ള മഹൽസ്ഥാപനങ്ങളാണ് "കളരികൾ." കായികവും ആത്മീകവുമായ സാംസ്കാരീക കാൎയ്യങ്ങളെ ഉത്തരോത്തരം വൎദ്ധമാനമാക്കി ജീവിതത്തെ ശ്രേഷ്ഠമായ ഒരു പദ്ധതിയിൽക്കൂടെ നയിക്കുവാൻ അവശ്യങ്ങളും അനപേക്ഷണീയങ്ങളുമായ പരിതസ്ഥിതികളെ സൃഷ്ടിക്കുക എന്നുള്ളതാണു ഈദൃശങ്ങളായ സ്ഥാപനങ്ങളുടെ ആദരണീയമായ ആദൎശം. ഒരു കളരിയുടെ കൎമ്മപരിധിയിൽ ഉൾക്കൊള്ളുന്ന നിരവധി കലാപ്രവൃത്തനങ്ങളുടെ ശാഖയിൽവെച്ച് ഉന്മേഷപ്രദമായ ഒരു എളിയ ആയോധനപദ്ധതിയാണ് കളരിപ്പയററ്. അടുത്ത അവസരത്തിൽ നമ്മുടെ പ്രധാന മന്ത്രി പണ്ഡിററ്ജി ഡെൽഹിയിൽവെച്ചു നടന്ന കളരിപ്പയററ് പ്രദൎശനത്തിൽ സംബന്ധിക്കുകയും അവരുടെ ആയോധനവൈദഗ്ദ്ധ്യം കണ്ടു ആവേശഭരിതനായി ചാടിഎഴുന്നേററ സമീപസ്ഥന്റെ വടി തട്ടിപ്പറിച്ച് പയററിൽ പങ്കുകൊള്ളുവാൻ ശ്രമിച്ചുവെന്നും മററും ഇന്ത്യയിലെ എല്ലാ പത്രങ്ങളും പ്രാധാന്യംകല്പിച്ചു പ്രസിദ്ധീകരിച്ചിരുന്നതു നാമോൎക്കുന്നുവല്ലൊ! പണ്ഡിതനായ പണ്ഡിററ്ജിക്കുപോലും ഇത്രയേറെ ഹൎഷമുണ്ടാക്കുവാൻ പൎയ്യാപ്തമായ പ്രസ്തുത പ്രസ്ഥാനം കേരളീയരായ നമുക്കു അവാച്യമായ ആനന്ദത്തിന്നും, അഭിനന്ദനത്തിന്നും നിദാനമായിത്തീൎന്നു. ഇപ്രകാരം അനേകം പ്രമേയങ്ങളുടെ ഒരു കേന്ദ്രകാൎയ്യാലയമാണു ഇത്തരമുള്ള കളരിസ്ഥാപനങ്ങൾ. ഗുരുകുലവിദ്യാഭ്യാസാടിസ്ഥാനത്തിലാണ് ഈ കളരികളുടെ പ്രവൃത്തനം നിൎവ്വഹിച്ചിരുന്നതു്. എന്നാൽ നവീനയുദ്ധസാമഗ്രികളുടെ പ്രചാരവും ആധുനീകവിദ്യാകേന്ദ്രങ്ങളായ സ്കൂളുകൾ കോളേജുകൾ മുതലായവയുടെ ആവിൎഭാവവുംമൂലം കളരികളുടെ ആവശ്യകത ലുപ്തപ്രായമാകുകയും നാനാവിധ വിദ്യാസമ്പന്നരും കേരളീയജനതയുടെ ആദിഗുരുനാഥന്മാരും പ്രസ്തുത കളരി അധിപന്മാരും, കളരിപ്പണിക്കർ കുറുപ്പ് സമുദായത്തിന്റെ പൂൎവ്വികന്മാരുമായ വീരയോദ്ധാക്കളുടെ സാമുദായികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ കഴിവുകൾ നഷ്ടപ്പെട്ടു അധഃപതിച്ചുപോകുകയും ചെയ്തു.

രാജ്യഭരണം പൊതുജനങ്ങളിൽ നിക്ഷിപ്തമായതോടെ പൊതുജനതാല്പൎയ്യങ്ങളുടെ സാദ്ധ്യതക്ക് ഗവൎമ്മെണ്ടു് അംഗീകാരം നൽകുന്നതു സംഘടനാടിസ്ഥാനത്തിലായിത്തീൎന്നു. തന്നിമിത്തം, നാളിതുവരെ സംഘടനാരഹിതമായ ഈ സമുദായം പൂൎവ്വാധികം അധഃപതിക്കുകയും ചെയ്തു. എന്നാൽ ഈ വൈകിയകാലത്തിൽതന്നെയെങ്കിലും പ്രസ്തുത സമുദായത്തിന്നു കളരിക്കുറുപ്പ് പണിക്കർ സംഘം എന്ന പേരിൽ ഒരു സംഘടന രൂപവൽകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. സാമുദായികമായും വിദ്യാഭ്യാസപരമായുമുള്ള പുനരുദ്ധാരണത്തിന്നു ഈ സംഘടന ഇന്നു അതീവ യത്നിച്ചുവരികയും ചെയ്യുന്നു.

കളരിസ്ഥാപനങ്ങളുടെ അധികാരപരിധിയിൽ ഉൾക്കൊണ്ടിരുന്ന പല വിശിഷ്ടകലകളും ഇന്നു പൊതുലോകത്തിന്നു അത്യന്താപേക്ഷിതമായിത്തീൎന്നിട്ടുള്ളതുകൊണ്ടു അവയെ പുനരുദ്ധരിക്കേണ്ടും മാൎഗ്ഗം ആരായേണ്ടതായിരിക്കുന്നു.

ഗുരുകുലവിദ്യാഭ്യാസം ശരീരാരോഗ്യസംമ്പാദനപദ്ധതി തുടങ്ങിയ കേരളീയ പുരാതന മൌലികതത്വസമ്പത്തുക്കൾ ഇന്നു കേവലം നശിച്ചിരിക്കുകയാണ്. വേദചക്ഷുസ്സായ ജ്യോതിശ്ശാസ്ത്രം, വേദാംഗമായ ആയുൎവ്വേദം, വേദഭാഗമായ ധനുൎവ്വേദം, ഇവയുടെ ഇന്നത്തെ ശോചനീയമായ പരിതസ്ഥിതിതന്നെ ഇതിന്നുദാഹരണമാകുന്നു. ഇന്നു പൊതുലോകത്തിന്നു അത്യാവശ്യമായ പഞ്ചാംഗത്തിന്റെ ഗണിതത്തിൽ നേരിട്ടിട്ടുള്ള അഭിപ്രായവൈരുദ്ധ്യംമൂലം സംഭവിച്ചിട്ടുള്ളതും സംഭവിക്കാവുന്നതുമായ വിഷമങ്ങൾ ജ്യോതിശ്ശാസ്ത്രത്തിന്റെ മൌലീകസിദ്ധാന്തങ്ങൾക്കുപോലും വൈകല്യകരമായിത്തീൎന്നിരിക്കുന്നു. ആശുപത്രികളുടേയും നേഴ്സിൻ ഹോമുകളുടേയും, ക്രമാധികമായ വൎദ്ധനവുകളിൽനിന്നും നമ്മുടെ കേരളീയരുടെ ആരോഗ്യസ്ഥിതിയെ സാമാന്യം മാനദണ്ഡം ചെയ്യാവുന്നതാണ്; ഉഴിച്ചൽ, പിഴിച്ചൽ, തിരുമ്പൽ, കച്ചകെട്ട്, തുടങ്ങിയ ആരോഗ്യസംവൎദ്ധകങ്ങളായ കളരിയഭ്യാസചൎയ്യകൾ അഭിവൃദ്ധിപ്പെട്ടിരുന്ന ആ കാലഘട്ടത്തിൽ ഇത്തരം സ്ഥാപനങ്ങളുടെ ആവശ്യകതതന്നെ ഇല്ലായിരുന്നു. ഈവിധം മാനുഷീകജീവിതത്തിന്നു

# ജീവിതത്തിൽ.

(വിദ്വാൻ, കെ. എസ്സ്. പണിക്കർ)

കാലനിമ്നഗയൊട്ടും കാലതാമസമെന്യേ
കാൽക്ഷണം നിന്നീടാതെ മുന്നോട്ടുഗമിയ്ക്കു-
മ്പോൾ,
അഴലിൻകാകോളവുമാനന്ദാമൃതവുമായ്
കഴിയും ജനതതിയെത്രയെന്നറിയാമോ?
മന്ദമന്ദമായെത്തിനോക്കീടും ബാലാർക്കനും
സുന്ദരപ്രഭതൂകി നിന്നീടും സന്ധ്യാശ്രീയും
മർത്ത്യജീവിതത്തിന്റെ ബാലപാഠങ്ങളല്ലി!
നിത്യവും പഠിപ്പിയ്ക്കാനുത്സുകരായീടുന്നു.
പുഞ്ചിരിനിലാവൊളി തൂകിയും ചിലനാളിൽ;
സന്തതം സന്താപത്തിന്നിരുളിൽ മുഴുകിയും
ആശയാലനുപമ സൗധങ്ങൾ വിരചിച്ചും
ക്ലേശങ്ങളൊരുവിധം പിന്നിട്ടുനില്പൂ! ലോകം
ഒന്നുകിലത്യാഹിത സംഭവം തുടർന്നാലും
എന്നെന്നും മിഴിനീരിൽ കുളിച്ചുനിന്നീടിലും
ഉർവ്വിയിൽ ഉദ്ധാരമാമെന്തൊന്നു വന്നാലും ഹാ!
സർവ്വവും വിസ്മരിച്ചു ജീവിതമാശിയ്ക്കുന്നു.
പച്ചിലക്കാട്ടിൽ പണ്ടു പ്രാകൃതനായിരുന്ന
മർത്ത്യനോ പരിഷ്കാര ലോകത്തിലെത്തിച്ചേർന്നു.
മാരകായുധം മേന്മേൽ സൃഷ്ടിച്ചു സന്തോഷിയ്ക്കും
മാദകസമയത്തിലിന്നു നാം ജീവിയ്ക്കുന്നു.
കലയും, സംസ്കാരവും കൈവളർത്തുവാനല്ലാ
കലഹംവളർത്തുവാനാണോ ജീവിതമെന്നോ?
മർത്ത്യജീവിതം കഷ്ടം! മത്സരപദത്തിന്റെ
മറ്റൊരുപര്യായമായ് തീർന്നിതു ദയനീയം.
ഇല്ലൊരുസമാധാനം; സമരാവേശത്തിങ്ക-
ലല്ലയോ ജനതയ്ക്കു ശ്രദ്ധയും, വിശ്വാസവും.
എന്നിനികാലംമാറി, സ്നേഹസമ്പന്നമായി,
മന്നിടം ആശാകേന്ദ്ര രംഗമായ് രാജിച്ചീടും
സത്യവും, അഹിംസയും ഒത്തുചേർന്നൊരുകാലം
എത്തുമോ, പുതിയൊരു ജീവിതം കണ്ടീടുമോ?
കാലചക്രത്തിൻ ഗതിവേഗത്തിൽ ഇനിയൊരു-
കാലവും അസംതൃപ്തി കൈവരാതിരിയ്ക്കട്ടെ!!

---

അത്യന്താപേക്ഷിതമായ കേരളീയ പൌരാണികസമ്പത്തുക്കളെ പുനർജ്ജീവിപ്പിച്ചു പ്രവൃത്തനരംഗത്തിൽ വരുത്തുവാനും മറ്റുമായി കലാകേന്ദ്രമെന്നപേരിൽ ഒരു മഹനീയ സ്ഥാപനം ആ ആർഷസംസ്കാരത്തെ മാനിക്കുന്ന ചിലരുടെ പരിശ്രമഫലമായി സമാരംഭിക്കപ്പെട്ടിരിക്കുന്നു. സുരക്ഷിതമായ സാമ്പത്തീക ഭദ്രതയെ അടിസ്ഥാനപ്പെടുത്തിവേണം ഇത്തരം ധാർമ്മിക സംരംഭങ്ങൾക്കു മുന്നിട്ടു ഇറങ്ങുവാൻ. ഇതിന്നു ഉദ്ദേശം 100000 (ഒരു ലക്ഷം) രൂപയെങ്കിലും അത്യാവശ്യമായി വരുമെന്നു ഉദ്ദേശിക്കാം. കേരളത്തിലെ ഉദാരമതികളായ പലെ മഹാന്മാരും ഇതിന്നു കയ്യഴച്ചു സഹായിക്കാമെന്നു തീരുമാനിച്ചിട്ടുണ്ടു. പ്രസ്തുത സ്ഥാപനം കലാകേന്ദ്രം ക്ലിപ്തം (Kalakendram Ltd ) എന്ന പേരിൽ ഒരു പൊതുജനസ്ഥാപനമായി രൂപീകരിക്കുവാനും പ്രവൃത്തിക്കുവാനും തീരുമാനിച്ചിരിക്കുന്നു. ഇന്നു മുദ്രിതങ്ങളല്ലാത്ത പലവിധ പ്രാചീന വിശിഷ്ടഗ്രന്ഥങ്ങൾ മുദ്രണം ചെയ്തു പ്രസിദ്ധീകരിക്കുക; ജ്യോതിഷത്തേയും, ആയുർവ്വേദത്തേയും യഥാവിധി പരിഷ്കരിച്ചു ഗുരുകുലാടിസ്ഥാനത്തിൽ വിദ്യാഭ്യാസം ചെയ്യിപ്പിക്കുക; ശരീരാരോഗ്യവർദ്ധനത്തിന്നുള്ള ഉഴിച്ചൽ, പിഴിച്ചൽ, കച്ചകെട്ട്, ചെറുതൊഴിൽ, മുതലായവ പരിശീലിപ്പിക്കേണ്ടുന്ന സ്ഥാപനങ്ങൾ ഏർപ്പെടുത്തുക; ഗ്രന്ഥശാലകൾ സ്ഥാപിക്കുക; ഇവക്കു ആവശ്യമായ പ്രസ്സ്, വർക്ക്ഷാപ്പ് മുതലായ ഉപകരണങ്ങൾ സംഭരിക്കുക; മാസിക, വാരിക, ആഴ്ചപ്പതിപ്പ്, ദിനപത്രം മുതലായ മനസ്സംസ്കാരസംവർദ്ധകങ്ങളായ കാര്യങ്ങൾ തെയ്യാർ ചെയ്തു പ്രചരിപ്പിക്കുക; കൂടാതെ സുകുമാരകലകൾക്കു പ്രോത്സാഹനം നൽകി പോഷിപ്പിക്കുക; എന്നിവയെല്ലാം കലാകേന്ദ്രത്തിൽ ഉൾക്കൊള്ളുന്ന പ്രധാന വിഷയങ്ങളാകുന്നു. ആയതു കൊണ്ടു പ്രാചീന കളരി ശിഷ്യന്മാരുടെ പിൻഗാമികളെന്നു അഭിമാനിക്കുന്ന ഓരൊ വ്യക്തിയും പ്രസ്തുത സ്ഥാപനത്തെ വിജയപ്രദമാക്കിത്തീർക്കുവാൻ ആത്മാർത്ഥതയോടുകൂടി മുന്നിട്ടുവരുമെന്ന വിശ്വാസത്തോടെ ഈ കലാകേന്ദ്രത്തിനുവേണ്ടി ഞങ്ങളും പരിശ്രമിക്കുന്നു.

# ദേവീസ്തവം.

(തുടർച്ച)

(നടവരമ്പത്ത് കൃഷ്ണക്കുറുപ്പ്)

തിലപ്പൂ കൈക്കൂപ്പും സുലളിതതരം നാസമതി നി-
സ്തുലം നാസാഗ്രാമണിയുമമലേ കാന്തിവിളസും
കിളിച്ചുണ്ടും തൊണ്ടിപ്പഴവുമഥ നാണിക്കുമധരം
കളിച്ചെന്നെക്കാട്ടിത്തരിക ശുഭദേ മോഹനതരം. 9

വിളങ്ങേററം കാന്തിപ്രചുരതയെഴും മുത്തുമണിതോ-
ററിളിഞ്ഞീടും ദന്തം വിടരുടെ ഹൃദന്തപ്രദമുമെ
തെളിഞ്ഞീടും ചന്ദ്രപ്രഭ നഭസി തോറേറാടുമൊരുനിൻ
വിളങ്ങിടും ചാരുസ്മിതവുമൊരു കൺകാണണമഹം. 10

ശിവേശംഖിൻവ്രാതം ശിവശിവഗളം കണ്ടു ജലധൌ
പരംമുങ്ങിച്ചാകുന്നിതു പരമലജ്ജാവിവശരായ്
സരോജം കൈക്കൂപ്പും കരയുഗളവും ചാരുവിരലും
സ്മരാരാതി പ്രാണപ്രണയിനി ജവാൽ ദശ്യവിഭോ. 11

ഹിമക്കുന്നിൻമാതേ കനകകലശം കന്ദുകമിവ—
ക്കമന്ദം വൈരാഗ്യം പ്രതിദിന മുദിപ്പിക്കുമൊരുനിൻ
ശ്രമംചേരാതുള്ള കുചയുഗളവും ഹാരനിരയും
സുമന്ദസ്മേരാസ്യേ സദയമിവനെക്കാട്ടുക ശിവേ. 12

നിരന്നിട്ടെല്ലാമൊത്തഴകൊടരയാൽ പത്രമഖിലം
കരംനൽകും കുക്ഷിസ്ഥലവുമമിതാനന്ദമിയലും
കരിശ്രേഷ്ഠൻ തുമ്പിക്കരമൊടെതിരാം തുത്തുടകളും
പരംമേകാണ്മാനായ് വരമരുളണം ദേവി സദയം. 13

മനോജപ്പൊൻചെപ്പോടെതിർ പൊരുതിടും ജാനുയുഗവും
മനോജ്ഞം തൃപ്പാദദ്വയകനക കൂർമ്മങ്ങളതുമെൻ
ശുഭേ ചിത്തേനിത്യം നിവസതു നിനപ്പോക്കു പരമം
പദംനൽകും ദേവി തവസുതനിവൻ ചഞ്ചലതരൻ. 14

കുംഭീന്ദ്രൻ കൊമ്പുകുത്തും തവനടയുമനങ്ങാതെ ചന്ദ്രപ്രകാശം
സ്തംഭിച്ചീടും സുമന്ദസ്മിത രുചിയുമിനിക്കല്പകാലത്തിനുള്ളിൽ
കമ്പംകൈവിട്ടുകാട്ടീടണമഖില ജഗന്നായികേ വൻപ്രമോദാ-
ലെൻ പാപം തീർന്നിടാനായ് ശിവശിവ സുകൃതത്തിൻെറ-
കട്ടക്കുഴമ്പേ. 15

ആപാദചൂഡമയി നിന്നെ ഭജിക്കുമെൻെറ
താപങ്ങളാസകല മിന്നകലത്തകററി
പാപാടവിദവകൃശാനുപതംയൊരമ്മേ
ശ്രീപാർവ്വതീ ശിവപദം തരണം പരം മേ. 16

(പഞ്ചദശകം മണിപ്രവാളം)

സമാപ്തം.

(7-ാംപേജ് തുടർച്ച)

ലേക്ക് നാലുകൊല്ലം മുൻപ് കാലു നുറവാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാനന്നു കാണുമ്പോൾ ആ കൊച്ചു ഗൃഹത്തിലെ "വരാന്തയുടെ ഒരു ഭാഗത്ത് തട്ടികമറച്ചുള്ളിലുള്ള 'ഈസിച്ചെയറിൽ' അദ്ധ്യയനം ചെയ്യുകയാണ് കേസരി: ആ കസേര നിറയെ തലയിണ പാകിയിട്ടുണ്ട്………… വെള്ളമുണ്ട്, വട്ടക്കഴുത്തുള്ള വെള്ളയുടുപ്പ്, മാറോളം ഞാന്നുകിടക്കുന്ന വെള്ളത്താടി, പററെ വെട്ടിയിട്ടുള്ള വെള്ളമുടി—എല്ലാംകൂടികണ്ടാൽ വാഗ്ദേവതയുടെ പുഞ്ചിരിനിലാവിൽ മുഴുകിയിരിക്കുന്ന ഒരു സാത്വികനാണദ്ദേഹമെന്നു തോന്നും. ഒരു യാക്കോബായക്കാരനാരോ മുസ്ലിംതങ്ങളോ ആണെന്നു പറഞ്ഞാലും ആർക്കും അതിൽ അവിശ്വാസം തോന്നുകയില്ല"*.

ഉല്പതിഷ്ണുത്വത്തിൻെറ ഉറവു വററാത്ത ദൃഷ്ടിയോടെ ആ വിദ്യാവയസ്സൻ എന്നെ സ്വീകരിച്ചു എനിക്കു പലതിനെക്കുറിച്ചു അറിയണമെന്നുണ്ടായിരുന്നു. കവിത, ചെറുകഥ, ഗാനങ്ങൾ, ചിത്രനിരൂപണം എന്നിങ്ങിനെ പലതിനെക്കുറിച്ചും. അങ്ങിനെ ഞങ്ങൾ അൻപത്തഞ്ചു മിനിട്ടുനേരം സംസാരിച്ചു. സംഗീതമയമായിരിക്കണം കവിതയെന്നു ബാലകൃഷ്ണപിള്ള സമർത്ഥിച്ചു. ഫ്രെഞ്ചു,റഷ്യൻഎന്നീഭാഷകളിൽനിന്നും നിരവധി സാഹിത്യകാരന്മാരെ അദ്ദേഹം എനിക്കു പരിചയപ്പെടുത്തി. അവരുടെ രീതികളുള്ള സൃഷ്ടിയിൽ മാതൃകയാക്കാൻ ആവശ്യപ്പെട്ടു. ആ കെല്ലുടി സാഹിത്യകലയെക്കുറിച്ചുള്ള ഒരു നർമ്മസല്ലാപമായിരുന്നു അന്നെനിക്കു സംഭാവനയായി ലഭി

---

* ഞാൻ കണ്ട സാഹിത്യകാരന്മാർ: ഡോ. എസ്സ്. കെ. നായർ.

ച്ചത്. വളരെനാളായി ഞാൻ ആഗ്രഹിച്ചിരുന്ന ആ ഭാഗ്യനിമേഷങ്ങളിൽ പങ്കുകൊള്ളാൻ സാധിച്ച നിർവൃതിയോടെ ഞാൻ അന്നുമടങ്ങി. പിന്നീട് ഇന്നേവരേയും എത്രയോ തവണ ഞാൻ ആ സാഹിതീക്ഷേത്രം സന്ദർശിച്ചിട്ടുണ്ട്. കലാസേവനത്തെ ഒരു രാഷ്ട്രീയമീമാംസയുടെ രൂപത്തിൽ കൈകാര്യം ചെയ്യുന്ന അപൂർവ്വം ആചാര്യരിൽ ഒരാളാണ് ശ്രീ. ബാലകൃഷ്ണപിള്ള അവർകൾ.

ഒരു കാര്യം പലപ്പോഴും എനിക്കു് ഒരു സത്യമായിത്തോന്നിയിട്ടുണ്ട്. ബാലകൃഷ്ണപിള്ളയുടെ നേതൃത്വം മലയാളസാഹിത്യത്തിന്നു മഹത്തായ പല നേട്ടങ്ങളും ഉണ്ടാക്കിയിട്ടുണ്ട്' ആ വലിയ അലമാറികളിൽ നിറച്ചിരിക്കുന്ന ഗ്രന്ഥങ്ങളിലുള്ളതിനേക്കാൾ എത്രയോമടങ്ങു' വിജ്ഞാനം കോരിക്കുടിച്ച് അനുഭവൈകവേദ്യമായരീതിയിൽ അതിനെ മററുള്ളവർക്കുവേണ്ടി ഉപയോഗപ്പെടുത്തുകയാണദ്ദേഹത്തിന്റെ ലക്ഷ്യമെന്നും സ്പഷ്ടമാണ്.

പൊൻകുന്നം വർക്കി, തകഴി, കേശവദേവ്, ബഷീർ, ചങ്ങമ്പുഴ, കെടാമംഗലം തുടങ്ങി ഒട്ടനവധി സാഹിത്യകാരന്മാരെ അദ്ദേഹം പ്രോത്സാഹനത്തിന്റെ വെള്ളവും വളവും നൽകി കൈപിടിച്ചുയർത്തിയിട്ടുണ്ട്. (എന്തിനേറെ—നമ്മുടെ സാഹിത്യത്തിലെ ആ സന്ധിയില്ലാത്ത വിപ്ലവത്തിന്റെ നേതാവായ കുററിപ്പുഴ കൃഷ്ണപിള്ളപോലും 'കേസരി'യുടെ ആരാധകനാണെന്നു പറഞ്ഞാൽ തീർന്നല്ലോ—!) ബാലകൃഷ്ണപിള്ളയ്ക്കൊരു കുറവുണ്ട്. നന്മയേറിയതെന്തിനേയും ബഹുമാനിക്കുകയെന്നതാണതു്. ഇന്നത്തെ പല 'പുരോഗമന' വാചകക്കാരുടേയും ദൃഷ്ടിയിൽ അതൊരു കുറവുതന്നെയാണല്ലോ? അല്ലെങ്കിൽ ഇപ്പറഞ്ഞ ഞാൻ പിന്തിരിപ്പനാകും.......?

പതിനെട്ടാം നൂററാണ്ടിന്റെ അവശിഷ്ടങ്ങളിലൊന്നായ ഫ്രഞ്ച് നാച്ചുറലിസത്തിന്റെ അമ്പലപ്പല്ലവികൾ പാടി ബാലകൃഷ്ണപിള്ള ഇന്നാട്ടിലെ സാഹിത്യകാരന്മാരെ വ്യാമോഹിപ്പിച്ച് വഴിപിഴപ്പിക്കുന്ന പാതിരിപ്പണിയെടുക്കുന്നുവെന്നൊരാക്ഷേപമുണ്ട്. ഇതു് ശരിയായിരിക്കാം: അദ്ദേഹം, കണ്ടു പഠിക്കാൻ നമ്മെ ഉപദേശിക്കുന്ന സാഹിത്യകലാവല്ലഭന്മാരെക്കുറിച്ചാണ് ഈ വാദഗതി. ഇതബദ്ധമാണെങ്കിൽ മോപ്പാസാങ്ങിനെ പരിചയപ്പെടുത്തുന്ന ബാലകൃഷ്ണപിള്ള ഗോർക്കിയുടെ സോഷ്യലിസ്റ്റ് റിയലിസം വിട്ടുകളയാതിരിക്കുന്നതെങ്ങിനെ? അപ്പോൾ കാര്യമിതാണ്: ഒരു കലാവിദ്യാർത്ഥിയിലുള്ള പ്രതിഭ ഇന്നാഴിക്കാണെന്നു കണ്ടെത്താനുള്ള തന്റേടം അദ്ദേഹത്തിനു സ്വതസ്സിദ്ധമാണ്. ശബ്ദങ്ങളെഴുതിയ ബഷീറിനെ അദ്ദേഹം നിരുത്സാഹനാക്കിയില്ല. കാരണം, ജന്മദിനം രചിച്ച ബഷീർ, ബഷീറിനോട് എന്നെന്നേയ്ക്കുമായി 'സലാം'പറഞ്ഞു പിരിഞ്ഞിരിക്കുന്നുവെന്നദ്ദേഹം മനസ്സിലാക്കി. ഉല്പതിഷ്ണുക്കളായ പലരേയും അദ്ദേഹം അവർക്കു പററിയ മുറയിൽതന്നെ ഏററവും പുരോഗമനാത്മകമായ ആശയങ്ങൾകൊണ്ടും ഉപദേശങ്ങൾകൊണ്ടും അനുഗ്രഹിച്ചയക്കാറുണ്ട്. കെടാമംഗലത്തിന്റെ കടത്തുവഞ്ചി, ചങ്ങമ്പുഴയുടെ 'രാക്കിളികൾ', ചൂട്ടരിക്കൽ, ഗളഹസ്തം എന്നീ കവിതകളെക്കുറിച്ചുള്ള അഭിപ്രായം എന്നിവ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ചങ്ങമ്പുഴയുടെതന്നെ യവനികയും ദേവഗീതയും മലയാളസാഹിത്യപ്രപഞ്ചത്തിലെ രണ്ടാവിഷ്കാരങ്ങളായ കവിതാശരങ്ങളാണെങ്കിൽ അവ, ഏതൊരു ഭാഗവതത്തിന്റെ അനുശാസനത്തിന്റെ ആവനാഴിയിൽ നിന്നെടുത്താണ് ആ കവികിരീടി പ്രയോഗിച്ചതെന്നാലോചിച്ചാൽ തീർച്ചയായും നമുക്കവിടെ ബാലകൃഷ്ണപിള്ളയെ മാത്രമെ കണ്ടെത്തുവാൻ സാദ്ധ്യമാവൂ. ഇതൊന്നും അദ്ദേഹത്തിന്റെ നേട്ടങ്ങളല്ലെന്നു വാദിക്കുന്നവരുണ്ടാകുമോ? ഏതായാലും വൃത്തനിബന്ധമായ മുദ്രാവാക്യങ്ങളെല്ലാം മഹാകാര്യമാണെന്നു പറയുന്ന പതിവ് അദ്ദേഹത്തിലില്ല. നാടൻ വൃത്തങ്ങളിൽ കവിത രചിക്കുന്നതിൽ കെടാമംഗലത്തിന്നും ഗാനരചനയിൽ പി. ഭാസ്കരന്നും വേണമെങ്കിൽ മഹാകവിപ്പട്ടത്തിന്നർഹതയുണ്ടെന്ന് അദ്ദേഹം ഒരിക്കൽ എന്നോടു പറകയുണ്ടായിട്ടുണ്ട്. ഇതിൽ പരമാർത്ഥമില്ലേ? അപ്പോൾ ചുരുക്കത്തിൽ ഇതാണ്' വാസ്തവം. സ്വതന്ത്രനായൊരു സാഹിത്യചിന്തകനാണ്' ബാലകൃഷ്ണപിള്ള. അലംഭിതമായ നിർണ്ണായകസന്ധികൾപോലും അദ്ദേഹത്തിന്നെതിരല്ല. ജീവിച്ചിരിക്കുന്നവരെ ബഹുമാനിക്കുന്നതിൽ അദ്ദേഹം അഭിമാനംകൊള്ളുന്നു. ഒരു വക്കീലാണദ്ദേഹം. പക്ഷെ ഇന്നത്തെ വക്കീലന്മാരിൽ നിന്നും വിഭിന്നമായൊരു രാഷ്ട്രീയാഭിപ്രായവുമായി ആ നിയമപണ്ഡിതൻ തന്റെ ആയുഷ്ക്കാലം മുഴുവൻ കൈരളിയെ സേവിയ്ക്കാൻ തപസ്സനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ചരിത്രം തികച്ചും അഭിമാനകരമല്ലേ?

മാന്യനായൊരു പത്രാധിപരായിരുന്നു ബാലകൃഷ്ണപിള്ള. ഇന്നും, പത്രം നടക്കുന്നില്ലെങ്കിലും, അദ്ദേഹം എഴുതുന്ന കത്തുകളിൽ പത്രാധിപർ, 'കേസരി'

എന്നുകൂടി തൻെറപേരിന്നു താഴെ ചേക്കാറുണ്ട്. ഇതൊരു സ്ഥാനമാനക്കൊതിയല്ല. കാരണം അദ്ദേഹത്തിന്നും നമുക്കും ചരിത്രത്തിന്നുതന്നെയും നിഷേധിക്കാനാവാത്ത കല്പനയുടെ മഹിമയുണ്ട് ആ 'കേസരി'പത്രത്തിൻെറ പാരമ്പര്യത്തിന്ന്. പൊൻകുന്നം വക്കി പറഞ്ഞതുപോലെ മുഖപ്രസംഗം എഴുതാൻ പോലും നിശ്ചയമില്ലാത്ത പത്രാധിപന്മാരാണ് നമ്മുടെ നാട്ടിൽ. ഇന്ത്യയിൽവെച്ച് ഏററവും കൂടുതൽ സാക്ഷരന്മാരും സംസ്കാരമൂല്യങ്ങളും നിറഞ്ഞ ഇന്നാട്ടിലെ ഇന്നത്തെ പത്രങ്ങളുടെ പ്രവർത്തനരീതികണ്ട് പത്രലോകത്തിൽ അഭിമാനം സമ്പാദിച്ച മൺമറഞ്ഞ ധീരദേശാഭിമാനികളുടെ ചിതാഭസ്മങ്ങൾ നീറുന്നു! വടക്കൻ പറവൂർ ആ മാടവനപ്പറമ്പിൽ രോഗശയ്യയിൽ കഴിഞ്ഞുകൂടുന്ന താടിക്കാരനായ കേസരിയുടെ ഹൃദയം നൊന്തുനൊന്തുരുകുകയാണ്''. തിരുവിതാംകൂറിലെ ജനകീയപ്രക്ഷോഭണത്തിന്ന് മററാരേക്കാളും മുൻപായി ആഹ്വാനംചെയ്ത കേസരിയെ — സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയ്ക്കുപോലും പുരോഗതിയുടെ വഴിത്താരയിൽ ചൂണ്ടുപലകയായി നിലകൊണ്ട മാതൃകായോഗ്യനായ ബാലകൃഷ്ണപിള്ളയെ കേരളം മറക്കുകയില്ല — തീർച്ച. ആ അക്ഷയമായ പാരമ്പര്യത്തിന്നു നമുക്കു നമോവാകം അപ്പിക്കുക!

പത്രപ്രവർത്തനം, സാഹിത്യനിരൂപണം തുടങ്ങിയവയിൽ എന്നും അദ്ദേഹമിന്ന് ഭൂമിശാസ്ത്രപരമായ ചരിത്രഗവേഷണത്തിൽ ഏർപ്പെട്ടിരിക്കയാണ്. 'ആർക്കിയോളജി'യിൽ ആ എഴുപതോടടുക്കാറായ വിദ്ധ്യാവയസ്സൻ ഇന്നും ഗവേഷണ തല്പരനാണ്. ചരിത്രാതീതകാലത്തു മുറയ്ക്ക് അറേബ്യ, മെസൊപ്പൊത്തേമ്യ, പേർഷ്യ, അഫ്ഘാനിസ്ഥാൻ എന്നിവിടങ്ങളിൽ കേരളങ്ങളുണ്ടായിരുന്നുവെന്നും ഭാരതത്തിൽതന്നെ ആറു കേരളങ്ങളെ കാണാമെന്നും അദ്ദേഹം ശക്തിയുക്തം വാദിക്കുന്നതുകേട്ടാൽ അതൊരു ബുദ്ധിവിശേഷമാണെന്നേ ആദ്യമാദ്യം ആരും പറയൂ. പക്ഷെ ചരിത്രരേഖകളോടെ തൻെറ ഏതഭിപ്രായത്തേയും സ്ഥാപിക്കുകയെന്ന മതമുള്ള കേസരി അതിൽ വിജയിക്കുകതന്നെ ചെയ്യുന്നുണ്ട്. അദ്ദേഹത്തിൻെറ ഗവേഷണങ്ങൾ നമ്മുടെ സർവ്വകലാശാലകൾ അംഗീകരിക്കുമെങ്കിൽ ബാലകൃഷ്ണപിള്ളയുടെ പേരിൽ കേരളം എവിടെയെല്ലാം വളരുമെന്നൂഹിക്കുക........!

കേസരി ഒരു സാഹിത്യകാരനല്ല. എങ്കിലും നോവൽ പ്രസ്ഥാനങ്ങൾ, രാജരാജീയം എന്നീ ലക്ഷണഗ്രന്ഥങ്ങളും, നവലോകമെന്ന പ്രബന്ധസമാഹാരവും, ഒരു സ്ത്രീയുടെ ജീവിതം, സാനഡില്യ, ഓമനകൾ, കാർമെൻ എന്നീ നോവലുകളും, പ്രേതങ്ങൾ എന്ന നാടകവും മൂന്നു ഹാസ്യകഥകൾ, ആപ്പിൾ പൂമൊട്ട് എന്നീ കഥാപുസ്തകങ്ങളും ഗവേഷണമാലയെന്ന പുതിയൊരു ഗ്രന്ഥവും നമുക്കു ലഭിച്ചിട്ടുണ്ട്. (ലേഖകൻെറ അറിവിൽ ഇനിയും ഗ്രന്ഥങ്ങൾ വിട്ടുപോയിട്ടുണ്ടെങ്കിൽ ക്ഷമിക്കുക—)

സാഹിതീസേവനോത്സുകരായ ചെറുപ്പക്കാർ ബാലകൃഷ്ണപിള്ളയെ അദ്ദേഹം മരിക്കുന്നതിന്നു മുൻപ് ഒരിക്കലെങ്കിലും നേരിൽ സന്ദർശിക്കണമെന്നെനിക്കഭിപ്രായമുണ്ട്. കാരണം ആധുനിക വിമശനബുദ്ധിയ്ക്കുചുംബിതമായി വർത്തിക്കുന്ന നിരവധി ഗുണങ്ങൾ — ഗവ്വിൻെറ കറപററാത്ത — ആക്കും അനുഭവിക്കാവുന്ന ഒരു വിജ്ഞാനനിധിയാണദ്ദേഹം. ആ ദീപശിഖയിൽനിന്നും നമുക്ക് ഓരോ കൈത്തിരികൊളുത്തിയെടുക്കുക.

ഈ ഏററവുമടുത്തകാലത്ത് ഞാനദ്ദേഹത്തെ കാണുകയുണ്ടായി. കഴിഞ്ഞ ഏപ്രിൽമാസത്തിലൊരു ദിവസമാണെന്നാണെൻെറ ഓമ്മ. അദ്ദേഹത്തിന്നു നന്നെ ക്ഷീണമുണ്ട്. പക്ഷെ മരണത്തെ തരിമ്പും ബഹുമാനിക്കാത്ത അഥവാ ഭയപ്പെടാത്ത കേസരിയുടെ സമീപ്യം എന്നെ കോരിത്തരിപ്പിച്ചു. എനിയ്ക്കേററവും പ്രിയമുള്ള കഥാപ്രസംഗകലയെക്കുറിച്ച് ഞാനിപ്പോൾ തയ്യാറാക്കിവരുന്ന ഒരു നീണ്ട ഉപന്യാസത്തിലേക്ക്, അതിൻെറ ചരിത്രപരമായ ഉത്ഭവകഥയിലേക്ക് വെളിച്ചംവീശുന്ന ഏതാനും രേഖകൾ ശേഖരിക്കാനാണദ്ദേഹത്തെ സമീപിച്ചതു്. എൻെറ ആഗ്രഹം സഫലമായി. തൊള്ളായിരം കൊല്ലങ്ങൾക്ക് മുൻപ് ഇങ്ങോട്ടുള്ള പൂവ്വികമായ അതിൻെറ സ്വഭാവത്തെക്കുറിച്ച് ഞാനന്നു മനസ്സിലാക്കി. ഏതു ചോദ്യത്തിന്നും അദ്ദേഹത്തിൽനിന്നും ഉത്തരംകിട്ടും. പക്ഷെ ഒരു സർവ്വജ്ഞനല്ല താനെന്ന് അദ്ദേഹം സമ്മതിക്കുന്നതിലല്ല, പ്രവർത്തിയിൽ കാണിക്കുന്നതിലെന്തോ ഉണ്ട്. അതു് മാനുഷികമായ ഒരു ബലഹീനതയായേ ഞാൻ ഗണിക്കുന്നുള്ളൂ. ഒരിക്കലും തെററുപററാത്തവയായിരിക്കണം അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെന്നു നാം വാശിപിടിച്ചാൽ—ഒന്നു തീച്ചയാണ്: കുഴങ്ങുന്നതു് ബാലകൃഷ്ണപിള്ളതന്നെയായിരിക്കും..... ....എന്തുപറയുന്നു?

(ശേഷം 15_ാം പേജിൽ)

# ക്രമപടഞ്ഞ കവിത

— ടി. എം. ശങ്കരൻ —

അയാൾ ആറടി മണ്ണിലേക്ക് ചുഴ്ന്നിറങ്ങി. ആരുടേയും ഹൃദയം വ്രണപ്പെട്ടിരിക്കാനിടയില്ല. തലമുറകൾക്കതീതമായി ആ നാമം നിലനില്ക്കുകയില്ല. ഹൃദയത്തിന്റെ സ്പന്ദനം നിലക്കുന്നതുവരെ നല്ലവനായ ആ കാമുകൻ ലോലഗാനങ്ങളുതിർത്തു. അവസാനം മരണം അയാളെ മാലയിട്ടു.

പക്ഷെ ദേവുവിന്റെ ഹൃദയത്തിൽ ഉണങ്ങാത്ത ഒരു മുറിവുണ്ടായി. വിവാഹിതയായ ഒരു സ്ത്രീയെന്ന നിലയിൽ അതു പാടില്ലാത്തതാണ്. നിരോധനാജ്ഞകളെ വെല്ലുവിളിച്ചുകൊണ്ട് ദയനീയമായ ഒരു സത്യം മുന്നേറി. അവൾ പൊട്ടിക്കരഞ്ഞുപോയി. അതാരും കണ്ടില്ല.

*   *   *   *

"ഖൗം....... ....ഖൗം............." ആത്മാവ് കൂടുവിട്ടുപറക്കാൻ വെമ്പുകയായിരുന്നു. ദേവു ഞെട്ടിയുണർന്നു. ബാല്യകാലബന്ധം ദിവ്യമായ ഒരു സന്ദേശം കൈമാറി. സോമുവിന്റെ അസഹനീയമായ ചുമ വായുവിലുണ്ടാക്കിയ ചലനങ്ങൾ അവളുടെ കാതിലും വന്നലച്ചു. ജാലകപ്പഴുതിലൂടെ രണ്ടു നീല വണ്ടുകൾ പറക്കാൻ ശ്രമിച്ചു

പ്രകൃതി ഇരുണ്ടവസ്ത്രം ധരിച്ച് ക്രൂരനായ ഒരു ചണ്ഡാളന്റെ ഭാഗം അഭിനയിക്കയാണ്. രാത്രി മുല്ലകളുതിർത്ത പൂമണം അവിടേക്ക് ഇഴഞ്ഞിഴഞ്ഞു വന്നു. ചെത്തിലപ്പട്ടികൾ വിശ്രമമില്ലാതെ ഓരിയിട്ടു. ഒരു ജീവിതം അവസാനിക്കുമ്പോൾ അവ പ്രതിഷേധത്തിലൂടെ യാത്രയയക്കുകയാവാം.

ശരീരത്തിലെ ചൂടു വററി രക്തം ഉറയുന്നതിനു മുമ്പ്, സോമുവിനെ ഗാഢമായി ഒന്നു പുണരണമെന്ന് അവൾ ആഗ്രഹിച്ചു. പാടില്ല; അവൾ ഒരു ഭാര്യയല്ലെ? അവളുടെ ഭർത്താവെന്ന് അറിയപ്പെടുന്ന മനുഷ്യൻ നിദ്രയുടെ കരതലത്തിൽ വിശ്രമിക്കയാണ്.

പെട്ടെന്നു ഒരു വെളിച്ചം കാണായി. അതു സോമുവിന്റെ വീട്ടിൽനിന്നായിരുന്നു. ഒരു കടലാസുകെട്ട് ആ ചാവാറായ മനുഷ്യൻ തീയിടുകയായിരുന്നു. ദേവു വിചാരിച്ചു, "അദ്ദേഹം തന്നോടു പ്രതികാരം ചെയ്യുകയാവാമെന്ന്." മരണത്തിനുമുമ്പും അദ്ദേഹം ചിന്തിക്കയും പ്രവർത്തിക്കയും ചെയ്യുകയായിരുന്നു. അവൾക്കു പൊട്ടിക്കരയണമെന്നു തോന്നി. കണ്ണുനീർ വന്നില്ല. ഹൃദയം വിങ്ങുകയും തേങ്ങുകയും ചെയ്തു.

"നിയെന്തിനു മററുള്ളവരെ ഉപദ്രവിക്കുന്നു."

അവൾ അതു വ്യക്തമായും കേട്ടു. അദ്ദേഹം കടലാസുകെട്ടിനോടു സംസാരിക്കുകയായിരുന്നു. ആ കടലാസുചീന്തുകൾ വെന്തെരിഞ്ഞു. ഒരു മനുഷ്യന്റെ ജീവിതചിന്തകളുടെ പ്രതിഫലനങ്ങൾ!

ഒരു ചിന്തകന്റെ ശാസ്ത്രക്കുറിപ്പുകൾപോലെ വ്യക്തവും വിശദവുമായ തന്റെ സ്മരണകളുടെ ഈടു വയ്പിലേക്ക് അവളുടെ ചിന്ത പറന്നുകുന്നു.

ദേവുവിന് വർണ്ണംകുറഞ്ഞ ഒരു ചായപ്പെൻസിൽ അമ്മാവൻ സമ്മാനിച്ചിരുന്നു. കൌതുകമുള്ള ആ പെൻസിൽ മററു കുട്ടികളിൽനിന്നു അവളുടെ വിലയുയർത്തി. ആ പെൻസിലിന്റെ കഥ അവൾ കൂട്ടുകാരികൾക്കു വിവരിച്ചുകൊടുത്തു.

"ന്റെ അമ്മാമൻ തന്നതായിത്. അമ്മാമൻ സിങ്കപ്പൂരില് വല്യ ഉദ്യോഗസ്ഥനാ."

കൂട്ടുകാരികളുടെ കണ്ണുകൾ തെളിഞ്ഞു. സിങ്കപ്പൂര് അവർക്ക് അപരിചിതമായ ഒരു ലോകമായിരുന്നു.

"എവിട്യാ, കുട്ടീ സിങ്കപ്പൂര്?" ജിജ്ഞാസ ചോദ്യരൂപത്തിൽ പുറത്തുവന്നു.

"അതു കടലിനപ്രത്താ! കപ്പലീ കേറിപോണാം!" ഭാവനയിലുള്ള "സിങ്കപ്പൂർ" ലോകത്തെപ്പററി അവൾ വിവരിച്ചുകൊടുത്തു.

"കുട്ടീടെ അമ്മാമനാരാ?"

"സൂപ്രണ്ട്!"

അതും അവൾക്ക് മനസ്സിലായില്ല. ആ പുതിയ ലോകത്തിലെ ഏററവുംവലിയ ഉദ്യോഗസ്ഥരാണതെന്ന് അവളുടെ കൂട്ടുകാരികൾ വിചാരിച്ചിരിക്കും.

"അവടെ വല്യസ്കൂളും വീടും ഉണ്ടോ, കുട്ടീ?"

"ഉം. ആകാശം തൊടുന്ന വീടുണ്ടവടെ!"

അങ്ങനെ അവളുടെ അസംസ്കൃതമായ ഭാവനയിലുള്ള "സിങ്കപ്പൂർ" എന്ന ലോകത്തെപ്പററി അവർ ചർച്ചനടത്തി. എല്ലാ ചോദ്യങ്ങൾക്കും അവൾ ഉത്തരം കൊടുത്തു. അന്നുതൊട്ട് ദേവു കൂട്ടുകാരികളുടെയിടയിൽ ബഹുമാന്യയായി. "എല്ലാം തികഞ്ഞ ഒരു ലോക"ത്തിൽനിന്നു കൊണ്ടുവന്ന ഒരു ചായപ്പെൻസിലിന്റെ അധിപയല്ലേ ദേവു?

ഒരു ദിവസം ആ പെൻസിൽ കളഞ്ഞുപോയി. എല്ലാവർക്കും കാണത്തക്ക നിലയിൽ കയ്യിൽ പെൻസിൽ പിടിച്ചു നടക്കുമ്പോൾ അവൾ 'ഒരു കൊച്ചുറാണിയായിരുന്നു. അവൾക്കു വാവിട്ടു കരയാതിരിക്കാൻ കഴിഞ്ഞില്ല. അംബരചുംബിയായ ഒരു മണിസൌധത്തിൽനിന്ന് പുൽക്കുടിലിലേക്ക് വീണപോലെ തോന്നി അവൾക്ക്'.

പിമ്പെ വന്ന രഘുവിന്റെ കയ്യിൽ അവളുടെ ചായപ്പെൻസിലുണ്ടായിരുന്നു. അവൾക്ക് സമാധാനമായി. "രഘുവല്ലേ, ചോദിച്ചാൽ തരാതിരിക്കില്ല." അതായിരുന്നു അവളുടെ സമാധാനം. പരിഭ്രമം ഒട്ടൊന്ന് ഒതുങ്ങി.

"കുട്ടീ, ന്റെ ചായപ്പെൻസിലിങ്ങു തരാ."

ധൃതിയിൽ പോകുന്ന രഘു തിരിഞ്ഞുനോക്കി. ഒന്നുമറിഞ്ഞില്ലെന്ന മട്ടിൽ അവൻ പറഞ്ഞു.

"ചായപ്പെൻസിലോ? കുട്ടീടെ പെൻസിലു് എന്റെട്ത്താ?" അവൻ പെൻസിൽ ട്രൌസറിന്റെ കീശയിൽ തിരുകിവച്ചു. ചക്രവാളം ചുരുങ്ങുന്നതുപോലെ അവൾക്കുതോന്നി; അവൾ ഊഞ്ഞാൽതാടിയെപ്പോലെ നിരാലംബയായി കറങ്ങി.

"സിങ്കപ്പൂരീന്ന് എന്റെമ്മാമൻ കൊണ്ടന്നതേ"

"എനിക്കിതു് റോട്ടീന്ന' കിട്ടീതാ ഞാനിതു് തരില്ല."

അവൻ അരുത്തുമുറിച്ചു പറഞ്ഞു

വീണ്ടും ദേവു കരയാൻ തയ്യാറാവുകയായിരുന്നു.

"വഴീലുള്ളതൊക്കെ നിന്റെയാടാ, ആനേ?" ('ആന'യെന്നതു് രഘുവിന്റെ ടൈററിൽ ആയിരുന്നു.)സോമു ആ പ്രമാദമായകേസ്സിൽ ഇടപെട്ടു. ആയിരം വെല്ലുവിളികൾ അടങ്ങിയിട്ടുണ്ടായിരുന്നു ആ ചോദ്യത്തിൽ.

"ആരടാ, നിന്റെ ആന?" രഘുവിന് ചില്ലപ്പേരു വിളിച്ചതു് സുഖമായി തോന്നിയില്ല.

"നിനക്കറിഞ്ഞൂടെ, ആരാ ആനയെന്നു"? സോമു പരിഹാസമായി വീണ്ടും ഒരു ചോദ്യം എറിഞ്ഞുകൊടുത്തു.

"ഉവ്വ്. നിന്റെപ്പനാ."

സോമു ചൂളിപ്പോയി. നാലുഭാഗത്തുനിന്നും മുള്ളാണികൾ തറക്കുന്നതുപോലെ അവനു തോന്നി; ഞെരിഞ്ഞിൽവിരിച്ച ചെരിപ്പിലാണ് നില്ക്കുന്നതെന്നും. അന്നുവരെ അവന്റെ അച്ഛനെയെടുത്തു ആരും പന്താടിയിട്ടില്ല. രഘുവിന്റെ കവിളിൽ സോമു ഒരു ചിത്രം വരച്ചുവച്ചു — അഞ്ചുവിരലിന്റെ ഒരു ചിത്രം. ചായപ്പെൻസിൽ ദേവുവിന്റെ കയ്യിൽ വന്നുവീണു. ഒരു നിമിഷനേരത്തെ വിജയകരമായ നാടകം അഭിനയിച്ചതിനുശേഷം സോമു ഓടിമറിഞ്ഞു.

ദേവുവിന്റെ ഹൃദയത്തിന്റെ ഭിത്തിയിൽ സോമുവിന്റെ ചിത്രം ആരോ വരച്ചുവച്ചു. ഒരു ഔട്ട്സ്കെച്ചു മാത്രമായിരുന്നു അതു് — ചുരുളുവീഴാത്ത മുടി അലസമായി ചീകിയിട്ട തല, ദൃഢതയും ആത്മാഭിമാനവും പണിതെടുത്ത കണ്ണുകൾ, വെളുത്ത മുഖം. നീളൻകയ്യുള്ള കുപ്പായത്തിന്റെ കൈ അശ്രദ്ധമായി ചുരുട്ടിവച്ചു് പുസ്തകം അടുക്കിപ്പിടിച്ചുകൊണ്ടുള്ള സോമുവിന്റെ വരവ്.

ജിലേബിയുടെ മധുരമുള്ള ആ കാലം കഴിഞ്ഞുപോയി. അത്തറിന്റെ മാദകമായ സുരഭിലത വിതറുന്ന കാലംവന്നു. ആ കാലം അനിശ്ചിതമായ ഒരു ദിവസത്തിൽ കേന്ദ്രീകൃതമാണ്. അദ്ദേഹം എങ്ങനെയായിരിക്കും. ഏതെങ്കിലും ചെറുപ്പക്കാരനെ കാണുമ്പോൾ തന്റെ ഭാവനയിലുള്ള ചെറുപ്പക്കാരനോടു തട്ടിച്ചുനോക്കാനും, ഭാവനയിലുള്ള സൌന്ദര്യത്തിന് കൂടുതൽ വിലയിരുത്താനും അക്കാലത്തു് ശ്രമിക്കും. പിന്നെ വിവാഹവേദിയെക്കുറിച്ചും, പ്രഥമരാത്രിയെക്കുറിച്ചും ചിന്തിക്കാതിരിക്കാൻ അക്കാലത്തു് സാദ്ധ്യമല്ല. അങ്ങനെ ഇക്കിളി പൊട്ടിവിരിയുന്ന രംഗങ്ങൾ തെളിഞ്ഞും മറഞ്ഞും കൊണ്ടിരിക്കും. പക്ഷെ, ദേവു ഇതിൽനിന്നൊക്കെ മുക്തയായിരുന്നു. അവളുടെ ഭാവനകൾക്ക് അതിർവരമ്പുണ്ടായിരുന്നു. ഒരു വ്യക്തമായ ബിന്ദുവിനെ ആധാരമാക്കി മാത്രം അവളുടെ ഭാവനകൾ തെളിഞ്ഞും മറഞ്ഞും കൊണ്ടിരുന്നു. കാ

ലം കഴിയുംതോറും ആ ഒട്ടെറെച്ച് വിശേഷപ്പെട്ട ചായക്കൂട്ടുകൊണ്ട് ആരോ വർണ്ണശബളമാക്കുന്നുണ്ടായിരുന്നു.

സോമു അക്ഷരങ്ങൾകൊണ്ടു ചിത്രമെഴുതി. സോമുവിന്റെ ആത്മാവിനെ പ്രതിഫലിപ്പിച്ച കവിത അവളെ കാണിക്കാനവൻ മറന്നില്ല. അവൾ പാടി, ഒരാവർത്തിയല്ല. നൂറാവർത്തി പാടിക്കാണും. അവൾ തന്നെയല്ലെ പ്രതിപാദ്യം എന്നവൾ സംശയിച്ചു. അവൾ ധരിച്ചിരുന്ന പുള്ളിബ്ലൌസുകൂടി സോമുവിന്റെ ശ്രദ്ധയിൽനിന്നു വിട്ടുപോയിട്ടില്ല. പക്ഷെ, ആ കവിതവഴി സങ്കീർണ്ണങ്ങളായ നിരവധി ചോദ്യങ്ങൾ എറിഞ്ഞുകൊടുത്തു, സോമു.

"നീലവണ്ടുകളെപ്പോലെയുള്ള നിന്റെ കണ്ണുകളിൽ ഞാൻ സൌന്ദര്യം കാണുന്നു. പക്ഷെ എന്റെ നെ ആയിരം കണ്ണുകളിലെ കണ്ണുനീർ തുടയ്ക്കാനുള്ളതാണ്. നീയെന്തു പറയുന്നു?"

"പുക തള്ളുന്ന പുകക്കുഴലുകളെപ്പറ്റി ഞാൻ പാടുമ്പോൾ നീ ശ്രുതിമീട്ടാൻ തയ്യാറാണോ?"

'മരുഭൂമിയുടെ മാറിൽക്കൂടി നടന്നു് എന്റെ കൈകാൽ കഴയുമ്പോൾ നീ നിന്റെ മാർദ്ദവമുള്ള കൈകൊണ്ടു എന്നെ തടവുകയില്ലേ?"

അങ്ങനെ നിരവധി ചോദ്യങ്ങൾ സോമു ചോദിക്കുന്നതുപോലെ അവൾക്കു തോന്നി.

ദേവുവിന്റെ അച്ഛൻ മനമുരുകി ചിന്തിക്കയായിരുന്നു, മകളുടെ ഭാവിയെപ്പറ്റി. ജീവിതത്തിന്റെ സ്പന്ദനം നിലയ്ക്കുന്നതുവരെ അവളോടു ഇഴുകിച്ചേരേണ്ട കൂട്ടുകാരന്റെ തിരഞ്ഞെടുപ്പിൽ പരമാധികാരം അവൾക്കുണ്ടെന്നു ദേവു വിശ്വസിച്ചു. പക്ഷെ, ദേവുവിന്റെ അച്ഛൻ പറഞ്ഞു:

"നിന്റെ ഈ കൊഴുത്ത ശരീരം എന്റെ വിയർപ്പാണെടീ." ഒരു സംഘർഷത്തിനുള്ള മുഖവുര അദ്ദേഹം എഴുതിച്ചേർത്തു. ഒടുവിൽ അദ്ദേഹം ഇങ്ങനെ സമാപിക്കയും ചെയ്തു.

"നീ, പഠിച്ചവളാണ്. പക്ഷേ, ഞാൻ നിന്റെ അടിമയാവുകയില്ല"

തേനോലുന്ന തന്റെ ബാല്യകാലസ്മരണകളിൽ കൂടി കറുത്ത പുള്ളികൾ വീഴ്ത്തിയ 'ആനവാല്'വെ ദേവുവിനു എങ്ങനെ സമ്മതമാകും?

ഇതുകേട്ടു സോമു ഇടറുന്ന കണ്ഠത്തോടെ പറഞ്ഞു—"ദേവൂ, എന്റെ കവിതയുടെ കൂമ്പടഞ്ഞു."

അവളും കരഞ്ഞു. പരസ്പരം അള്ളിപ്പിടിച്ച രണ്ടാത്മാവുകൾ വീണ്ടും വേർപെടുകയായിരുന്നു. ഒടുവിൽ, അവൾ പറഞ്ഞു

"ഞാൻ എന്തുചെയ്യണം?" അതൊരു വിഷമപ്രശ്നമായിരുന്നു. അതിനുത്തരം കണ്ടുപിടിക്കാൻ ആ ആരാധകനു കഴിഞ്ഞില്ല.

"ദേവു, ലോകം മധുരനാരങ്ങയല്ല. ഞാൻ തുറന്ന ഒരു നോട്ടുപുസ്തകമാണ്. അതു നിനക്കായി എന്നും തുറന്നിട്ടിരിക്കും. പോകൂ."

അങ്ങനെ ശോകംകുറിച്ച ഒരു രംഗം കഴിഞ്ഞു. ദേവു വീണ്ടും ഓർത്തു. "അദ്ദേഹം ഒരു തുറന്ന പുസ്തകമായിരുന്നു. എന്നെക്കുറിച്ചുള്ള ഗാനങ്ങൾനിറഞ്ഞതായിരുന്നു അതു്."

---

12-ാംപേജിൽനിന്നു തുടർച്ച

അതിരിക്കട്ടെ ഈ മഹത്തായ വിജ്ഞാനകോശത്തെ ഭാവിയിൽ ക്രമമായി സൂക്ഷിച്ചു പരിരക്ഷിക്കാൻ ഒരനന്തരഗാമിയെ കണ്ടുപിടിക്കേണ്ടതല്ലേ എന്നദ്ദേഹത്തോടു് ഞാനിയിടെ ഒരു സ്വാഭാവികമായ ചോദ്യം ചോദിച്ചതിന്നു് മരണത്തെപ്പോലും പുല്ലുപോലെ കരുതുന്ന കേസരി മറുപടിപറഞ്ഞതിതാണ്: "അതു് നിങ്ങളേവരും തീരുമാനിക്കുക......ഇല്ലെങ്കിൽ........പിന്നെ........" ആ വാക്യം അപൂർണ്ണമല്ല. എങ്കിലും നിന്നു — ഞാൻ പിന്നീടൊന്നും പറഞ്ഞില്ല. എന്താണു് പറയേണ്ടതു്?

കാസസംബന്ധമായ (ഗ്ലൂരഷി) സുഖക്കേടുബാധിച്ച അദ്ദേഹം ഇന്നു് ഒരു ശ്വാസകോശത്തിന്റെ മാത്രം പ്രവർത്തനംകൊണ്ടു് ജീവിക്കുന്നു. ഒരെണ്ണം രോഗം ചപ്പിത്തിന്നു കഴിഞ്ഞു. എന്നിട്ടും ആ ഭാവന ഇന്നും സജീവമായ തേജസ്സോടെ ചരിത്രഗവേഷണത്തിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്നു. എന്തൊരു നിരന്തരമായ സരസ്വതീപൂജ........! ഓർക്കുന്തോറും ഞാൻ നടുങ്ങുന്നു........ഞാൻ കഴിഞ്ഞതവണ കാണാൻചെന്ന നേരം അദ്ദേഹം എഴുതിക്കൊണ്ടിരിക്കയാണ്. എന്നിട്ടും എന്നെപ്പോലുള്ള ഒരു വിദ്യാർത്ഥിയെ സ്വീകരിച്ചു് തന്റെ വിലയേറിയ രണ്ടരമണിക്കൂർനേരം ഒരു ചർച്ചക്കു തയ്യാറായ അദ്ദേഹത്തെക്കുറിച്ചെന്തുപറയാൻ — അത്രയും നിസ്വാർത്ഥമാണ് ആ സേവനം—

സൃഷ്ടിക്കാമെങ്കിൽ മരണത്തെ ജയിക്കാമെന്നു റൊമാങ്റോളണ്ട് ഒരിക്കൽ പറയുകയുണ്ടായിട്ടുണ്ട്. ജീവിച്ചിരിക്കുമ്പോൾതന്നെ മരണത്തെ ജയിച്ചുകൊണ്ടിരിക്കുന്നൊരു അസാമാന്യ പ്രതിഭാശക്തിയാണ് കേസരി

ഒരു വ്യാഴവട്ടക്കാലത്തിന്നപ്പുറം മലയാളസാഹിത്യം നേടിയിട്ടുള്ള നന്മയുടെ ആകത്തുകയിൽ ഒരു വലിയപങ്ക് സൃഷ്ടിച്ചുവെന്ന അനശ്വരമായ കീർത്തി ബാലകൃഷ്ണപിള്ളയെ ഒരുയർന്ന ഗാലക്സിയിൽ പ്രതിഷ്ഠിക്കുന്നു.........ഇനിയും എത്രയോനാൾ ആ വെളിച്ചം ഇവിടെ പ്രകാശം പരത്തട്ടെ!!

# "കേരളത്തിലെ കളരിപ്പയററ്"

(സി. എൽ ബി. മേനോൻ)

1945ലാണെന്നു തോന്നുന്നു. ഞാൻ ഇന്ത്യൻ എയർഫോഴ്സിൽ ജോലിനോക്കിയിരുന്ന കാലം. കല്ക്കത്തയിലെ ഒരു തിയേററിലിരുന്നുകൊണ്ട് ഞാനും എന്റെ പട്ടാളസുഹൃത്തുക്കളും കൂടി 'ഒളിമ്പിക്ക് ഗെയിംസ്' എന്ന ഒരു ചലച്ചിത്രം കണ്ടുകൊണ്ടിരിക്കുകയാണ്. പാശ്ചാത്യ രാഷ്ട്രങ്ങളിലെ വിവിധ ഭാഗങ്ങളിൽ നിന്നും വന്ന ലോകപ്രസിദ്ധരായ കായികാഭ്യാസവിദഗ്ദ്ധർ മത്സരിക്കുന്ന രംഗങ്ങൾ ഞങ്ങളെ കോരിത്തരിപ്പിച്ചുകൊണ്ട് പോവുകയാണ്. രണ്ടു മണിക്കൂർ കൊണ്ടു ചിത്രം തീർന്നു. ഇംഗ്ലീഷുകാരും, പഞ്ചാബികളും, ബങ്കാളികളുമായ എന്റെ സുഹൃത്തുക്കളൊന്നിച്ച് 'ട്രക്കി'ൽ കയറി 40 നാഴിക അകലെയുള്ള ഞങ്ങളുടെ ക്യാമ്പിലേക്ക് തിരിച്ചു. യാത്രക്കിടയിൽ ഏററവുമധികവും സംസാരം ഒളിമ്പിക്ക് കളികളെപ്പററിയായിരുന്നു. ഇംഗ്ലീഷുകാരും, സ്കോട്ട്ലണ്ടുകാരും, ഐറിഷുകാരും, വെൽഷുകാരും തങ്ങളുടെ നാട്ടിലെ കായികാഭ്യാസവിദഗ്ദ്ധരുടെ നേട്ടങ്ങളെക്കുറിച്ച് അഭിമാനത്തോടുകൂടി ഓരോന്നു പറഞ്ഞുകൊണ്ടിരുന്നു. അതിന്നിടയിൽ ഇന്ത്യക്കാരായ ഞങ്ങളെ നോക്കി ഞങ്ങളുടെ ഒരു ബ്രിട്ടീഷ് ഓഫീസർ ചോദിച്ചു "അല്ല നിങ്ങൾക്ക് സ്വന്തമായി ദേശീയ കായികാഭ്യാസ കലകളൊന്നുമില്ലേ?" "ഉവ്വ്. ഞങ്ങളുടെ നാട്ടിൽ ഗുസ്തി ഉണ്ട്!" പഞ്ചാബിയും, ബീഹാറിയും, ബങ്കാളിയും അഭിമാനപൂർവ്വം പറഞ്ഞു "മി. മേനോൻ, നിങ്ങളുടെ നാട്ടിലെന്താണ്?" എന്നോടാണദ്ദേഹം ചോദിച്ചത്. എനിക്കുടൻ ഉത്തരം കിട്ടിയില്ല. 14 വയസ്സിൽതന്നെ പട്ടാളസേവനത്തിനിറങ്ങിയ ഞാൻ — അതും അന്ന് ഒരു ഏഴാംക്ലാസ്സുകാരൻ മാത്രമായ ഞാൻ — ഒന്നു പകച്ചുനോക്കി. കേരളകലകളെക്കുറിച്ചോ കേരളസംസ്ക്കാരത്തെക്കുറിച്ചോ എനിക്കൊന്നുമന്നറിവുണ്ടായിരുന്നില്ല. ഞാനൊന്നാലോചിച്ചു. സ്വന്തമായ ഒരു പ്രാദേശിക കായികാഭ്യാസ കല എന്താണുള്ളതെന്ന്. വട്ടുകളിയും, മാസുകളിയും ഞാൻ കണ്ടിട്ടുണ്ട്. പക്ഷെ അതു കുട്ടികളുടെ കളികളാണ്. ഒടുവിൽ ഞാൻ തെല്ല് ഇളിഭ്യനായി പറഞ്ഞു 'ഒന്നുമില്ല, സർ!" പരിഹാസം കലർന്ന ഒരു പൊട്ടിച്ചിരി അവിടെ മുഴങ്ങി. 'കാക്കപിടിയ'നായ എന്റെ ഒരു മലയാളിസുഹൃത്ത് പറഞ്ഞു. "സർ, മലയാളികൾ കുമ്പളങ്ങയും, വഴുതിനങ്ങയും തിന്നു കഴിയുന്നവരാണ്." "അതെ, സാർ, മലയാളികൾ 'ജംഗിളി'കളാണ്. മലയാളികളെ ജംഗിളികളെന്ന്

## കേരളത്തിന്റെ അഭിമാനസമ്പത്ത്



ടി. പി. ശങ്കരഗുരുക്കൾ.

(പത്തുസംവത്സരക്കാലമായി തൃശ്ശൂരിൽ നിലനിന്നുവരുന്ന "തിരുവമ്പാടി കളരിസംഘ"ത്തിന്റെ സ്ഥാപകൻ)

സദാ പുച്ഛിക്കുന്ന ഒരു താടിക്കാരൻ പഞ്ചാബിയുടെ ഈ പ്രസ്താവനയെ ഒരു കൂട്ടച്ചിരിയോടുകൂടി എല്ലാവരും അനുമോദിച്ചു എന്താനും സമയംകൊണ്ട് ടക്ക് ക്ലബ്ബിലെത്തി. യാത്രാക്ഷീണംകൊണ്ട് വേഗം ഞാനുറങ്ങിയെങ്കിലും 'സർ, മലയാളികൾ ഒരുതരം ജംഗിളികളാ'ണെന്നുള്ള ആ പ്രസ്താവന എന്റെ ഹൃദയാന്തരാളത്തിലേക്ക് ഒരു ശരംപോലെ തുളച്ചുകയറിക്കൊണ്ടിരുന്നു.

അതിൽ പിന്നിട്ട ദിവസങ്ങൾ, അല്ല മാസങ്ങൾ തന്നെ പലതുകഴിഞ്ഞു. ജീവിതത്തിലെനിക്കുണ്ടായ ഒരു പരിവർത്തനം എന്നെ സാഹിത്യലോകത്തിലേക്കു തിരിച്ചു 1946 മുതൽ ഭാഷാസാഹിത്യകൃതികൾ വായിക്കുന്നതിൽ ഞാൻ കൂടുതൽ ശ്രദ്ധപതിപ്പിക്കുകയും, മദിരാശിയിൽ വന്നതോടുകൂടി സാഹിത്യ സേവനത്തിൽ ഞാൻ കൂടുതൽ വ്യാപൃതനാവുകയും ചെയ്തു. കേരളസംസ്കാരത്തെക്കുറിച്ചും, കേരളീയ കലകളെക്കുറിച്ചും എനിക്ക് കൂടുതൽ വായിക്കുവാനും അറിയുവാനുംകഴിഞ്ഞു. 'സർ, മലയാളികൾ ജംഗിളി'കളാണെന്നുള്ള ആ പഞ്ചാബിയുടെ പ്രസ്താവനയുടെ ബുദ്ധിശൂന്യതയും, അവാസ്തവതയും കേരളത്തിന്റെ നീണ്ടചരിത്രത്തിന്റെ താളുകളിലേക്ക് കണ്ണോടിച്ചപ്പോൾ എനിക്ക് മനസ്സിലായി.

കാണികളെ കോരിത്തരിപ്പിക്കുന്ന കളരിപ്പയററിന്റേയും, കേളികേട്ട കഥകളിയുടേയും ജന്മഭൂമിയായ കേരളത്തിലെ ഒരു സന്താനത്തിന്റെ നാവുകൊണ്ട് 'കന്ദങ്ങളെയും വഴുതിനങ്ങയും തിന്നു കഴിയുന്നവരാണ് കേരളീയർ' എന്ന ആ പ്രസ്താവന കേട്ട് മലയാളത്തിന്റെ മൺമറഞ്ഞ മക്കൾ ഒരു ചുടുനെടുവീർപ്പ് വിട്ടിരിക്കണം. അക്രമങ്ങളുടേയും, അഴിമതികളുടേയും എതിരെ പ്രതിഷേധത്തിന്റെ ഖരപരുഷസ്വരമുയർത്തിക്കൊണ്ട് പടവാളെടുത്ത് പോരടിച്ച് വീരസ്വർഗ്ഗം പ്രാപിച്ച, ബൈബിളിലെ സാംസണെക്കാളും, ഗ്രീക്ക് പുരാണത്തിലെ ഹെർക്കുലിസ്സിനെക്കാളും, പടനായകനായ അലക്സാണ്ടറെക്കാളും ധീരന്മാരും, ശക്തരുമായ കേരളത്തിലെ തച്ചോളി ഓതേനനേയും, ആരോമൽച്ചേകവരേയും പോലുള്ളവരുടെ ഇന്നും സ്പന്ദിക്കുന്ന അസ്ഥിമാടങ്ങൾ ആകെ ഒന്നടിമുടി കുലുങ്ങിയിരിക്കണം! ഫ്റാൻസിലെ ജോൺ ഓഫ് ആർക്കിനേക്കാളും, വടക്കെ ഇന്ത്യയിലെ ജാൻഷിയിലെ റാണിയേക്കാളും, ഒരുപടി മേലെത്തന്നെ നിൽക്കുന്ന വീരതരുണികളും മലയാളത്തിന്റെ അഭിമാനസ്തംഭങ്ങളുമായ ഉണ്ണിയാർച്ചയുടേയും, കുങ്കിയുടേയും ആത്മാക്കൾ ഇതു കേട്ട് കണ്ണീർപൊഴിച്ചിരിക്കണം. നാവാമുകുന്ദക്ഷേത്രത്തിൽ കുളിച്ചുതൊഴുത് മാമാങ്കത്തിൽ പങ്കുകൊണ്ട് കച്ചകെട്ടി പയററിയ വീരന്മാരെപ്പററി തിരുനാവായ മണൽപ്പുറത്തെ ഓരോ മണൽത്തരികളും ഓരോ വീരകഥകൾ പറയുവാനുണ്ടെന്ന പരിഷ്കൃത നാട്ടിലേക്ക് അവധിയിൽ വരുന്ന ഓരോ മലയാളികളും മനസ്സിലാക്കിയിരുന്നെങ്കിൽ! മാമാങ്കം കണ്ട് കോരിത്തരിച്ച ഭാരതപ്പുഴ, തിരുനാവായ മണൽപ്പുറത്തുവെച്ചു നടന്ന സമരങ്ങളിൽ പങ്കുകൊണ്ട പടയാളികളുടെ പടവാളുകളുടെത്തെയാണ് അലകളിളക്കി ഇന്നും അനുസ്മരിപ്പിക്കുന്നതെന്ന പരമാർത്ഥം പച്ചപ്പരിഷ്കാരികളായ മലയാളികൾ മനസ്സിലാക്കിയെങ്കിൽ!!

ലോകസംസ്കാരത്തിന്റെ ഉത്ഭവകേന്ദ്രങ്ങളിൽ പ്രാമുഖ്യമായ പങ്ക് വഹിച്ചിട്ടുള്ള പുരാതന ഗ്രീസിലെ ഒളിമ്പിക്ക് കളികൾക്കുമുമ്പുതന്നെ കളരിപയററിനു കേൾവികേട്ട കേരളത്തിലെ ജനങ്ങൾ 'ജംഗിളി'കളെന്നുപറയുന്ന ഉത്തരേന്ത്യക്കാരുടെ ഇടുങ്ങിയ പ്രാദേശിക മനോഭാവത്തെക്കുറിച്ച്, സംസ്കാരസമ്പന്നർ സഹതപിക്കുകയേ ഉള്ളു. ജർമ്മനിയിലെ 'ഫെൻസിങ്ങും' (പരിമിതമില്ലാതെയുണ്ടുള്ള വാൾപയററ്) മെക്സിക്കോവിലെ 'ബുൾഫൈററി'ങ്ങും (മനുഷ്യനും കാളയുമായുള്ള യുദ്ധം) ജപ്പാനിലെ 'ജൂഡോ' (മല്ലയുദ്ധം)വും വടക്കെ ഇന്ത്യക്കാരുടെ ഗുസ്തിയും കേരള കളരിപ്പയററിന്റെ ശാസ്ത്രീയമായ വളർച്ചയോളംതന്നെ വന്നിട്ടില്ലെന്നുള്ളത് നിഷ്പക്ഷവാദികൾ സമ്മതിക്കുന്നതാണ്. നിരവധി കാലത്തെ പ്രായോഗികപരീക്ഷണങ്ങൾ നടത്തി വളർത്തിക്കൊണ്ടുവന്നിട്ടുള്ളതാണ് കേരളത്തിലെ കളരിപ്പയററ് അഥവാ പുരാതനകേരളത്തിലെ ആയുധാഭ്യാസമുറകൾ. ഭാരതത്തിലെ ഭരണാധികാരികളുടേയും വിദേശ തന്ത്രപ്രതിനിധികളുടേയും സന്നിധിയിൽ അടുത്തകാലത്തു് ഡൽഹിയിൽവെച്ചു നടന്ന കളരിപ്പയററ് പ്രദർശനത്തിനു കിട്ടിയ ബഹുമതികൾ ഇതിന്നൊരു തെളിവാണ്. ഭാരതത്തിലും പുറത്തും കളരിപ്പയററ് കഥകളിയെപ്പോലെത്തന്നെ പേരും പുകളുമാർജ്ജിച്ചിട്ടുണ്ട്.

കേരളത്തിലെ ആയോധനരീതികളെക്കുറിച്ചും മററും നമുക്കറിവുകിട്ടുന്നതു് പുരാതന തമിഴ ഗ്രന്ഥങ്ങളായ തൊൽകാപ്യം, മണിമേഖല മുതലായവയിൽ നിന്നും വീരാപദാന സമ്പൂർണ്ണമായ വടക്കൻപാട്ടുക

ളിൽനിന്നുമാണ്. ഹോമറിന്റെ 'ഇല്ലിയാഡും', ഒഡെസ്സിയും എത്രമാത്രം ഗ്രീക്കിലെ പുരാതനജീവിത രീതി കാണിക്കുവാൻ ഉപകരിക്കപ്പെടുന്നുവോ അത്രത്തോളം ഈ ഗ്രന്ഥങ്ങളിൽനിന്നും ലഭിച്ച വിവരങ്ങൾ നമുക്കു ഉപകരിക്കുന്നുണ്ട്. കേരളചരിത്രത്തിന്റെ പ്രധാന ഭാഗങ്ങളെല്ലാം മേൽപറഞ്ഞ തമിഴ്ഗ്രന്ഥങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. പണ്ഡിതരത്നമായ ആററൂരിന്റെ കേരളചരിത്രകഥകളും, മററു കേരളചരിത്രത്തെക്കുറിച്ചുള്ള ഗ്രന്ഥങ്ങളും കേരളീയരുടെ ആയോധനരീതികളെക്കുറിച്ച് നമുക്ക് അറിവുതരുന്നുണ്ട്.

കേരളത്തെ പതിനെട്ടു നാടുകളായി വിഭജിച്ചിരുന്ന കാലത്തു് ഓരോ നാട്ടിലും കളരികൾ ഉണ്ടായിരുന്നു. വലിയവലിയ തറവാടുകളിൽ സ്വന്തമായും കളരികൾ കഴിപ്പിക്കുക എന്നുള്ളതു് അന്നത്തെ ഒരു പതിവുമാത്രമായിരുന്നു. കേരളത്തിലെ പുരാതന നിവാസികൾ നാഗന്മാരായിരുന്നു. അവരാണിന്നത്തെ നായന്മാർ. കളരിപ്പയററും, കൃഷിയുമായിരുന്നു നാഗപ്പുരിഷയുടെ തൊഴിലുകൾ. ആര്യബ്രാഹ്മണരായ നമ്പൂതിരിമാർ കേരളത്തിൽ വന്നു് തൃക്കാരിയൂർ തൃക്കൊട്ടിലിൻകീഴിൽ ഒരു നമ്പീയോഗം ഏർപ്പെടുത്തി പ്രബലരായിവന്നിരുന്ന കാലഘട്ടത്തിൽ നാഗപ്പുരിഷയെ പരാജിതരാക്കുവാൻ അവരും കളരിപ്പയററ് നാഗപ്പുരിഷയിൽനിന്നു പഠിച്ചിരുന്നു. കളരിപ്പയററ് പഠിച്ചുകഴിഞ്ഞ നമ്പൂതിരിമാരെ ചാത്തിരർ എന്ന പേരിൽ അന്നറിയപ്പെട്ടിരുന്നു.

നാല്പത്തിരടിക്കളരിയെന്നാണ് സാധാരണ കളരിക്ക് പറയുക. കാരണം, ഒരു കളരിക്ക് നാല്പത്തിരണ്ടടി നീളവും ഇരുപത്തിഒന്നടി വീതിയും ഉണ്ടായിരിക്കും. ചില കളരികൾ വളരെ താഴ്ത്തിപ്പണിതതായിരിക്കും. അത്തരം കളരികൾക്ക് കുഴിക്കളരി എന്നും പറഞ്ഞിരുന്നു. സാധാരണ ആധുനികലോകത്തിലെ വ്യായാമശാലകൾപോലെ കാററും വെളിച്ചവും ധാരാളം കടക്കുന്നരീതിയിലായിരിക്കുകയില്ല കളരിയുടെ പണി. ഓലകൊണ്ടും പനമ്പുകൊണ്ടും നല്ലവണ്ണം മറച്ചാണ് കളരി പണിയുക. കളരിയിൽ കിഴക്കുപടിഞ്ഞാറുനിന്നാണ് സാധാരണ പയററുന്ന പതിവ്. കളരിയുടെ ഒരു മൂലക്കൽ (സാധാരണയായി തെക്കുപടിഞ്ഞാറ മൂലക്കലായി) കളരി ദൈവങ്ങളെ ആവാഹിച്ചിരുത്തിയ ഒരു തറയുണ്ടാകും.

കളരിപ്പയററഭ്യസിപ്പിക്കുന്ന ഗുരുനാഥന്മാരെ സാധാരണയായി കളരിഗുരുക്കൾ എന്ന സ്ഥാനപ്പേരോടുകൂടിയാണറിയപ്പെടുക. 'ആശാൻ' എന്നു വിളിക്കുകയും സാധാരണ പതിവാണ്. ചില ദിക്കിൽ കളരിക്കുറുപ്പന്മാർ, കളരിപ്പണിക്കന്മാർ എന്നീ സ്ഥാനപ്പേരുകളും കളരി ആശാന്മാക്ക് കൊടുത്തുവരാറുണ്ട്. നാട്ടുകൂട്ടങ്ങളിലെല്ലാം കാര്യമായ ഒരു പങ്ക് അന്നത്തെ കളരി ആശാന്മാക്കുണ്ടായിരുന്നു. 'വാഴക്കും വാക്കാണവും' തീക്കുന്നതിലെല്ലാം കളരിആശാന്മാക്ക് നല്ല പങ്കുണ്ടായിരുന്നു. സ്നേഹവും ബഹുമാനവും ഭയവും നാട്ടുകാക്ക് കളരിഗുരുക്കന്മാരോടുണ്ടായിരുന്നു അക്കാലത്തെല്ലാം.

ആറേഴുവയസ്സു കഴിഞ്ഞാൽ ആൺകുട്ടികളെ കളരിപ്പയററഭ്യസിപ്പിക്കുവാൻ അയക്കുക എന്നുള്ളതു് രക്ഷിതാക്കളുടെ ഒരൊഴിച്ചുകൂടാത്ത ചുമതലയായിരുന്നു. തുടച്ചയായി അനാവധി വഷം കളരിപ്പയററഭ്യസിക്കണമെന്നുള്ളതു് ഒരു നിബ്ബന്ധവുമായിരുന്നു അന്നെല്ലാം. ഓരോ കളരിഗുരുക്കന്മാക്കും അനവധി ശിഷ്യന്മാർ ഉണ്ടായിരിക്കും. അപൂർവ്വം സ്ത്രീകളും അക്കാലത്തു് പയററഭ്യസിച്ചിരുന്നു. സംസ്കാരത്തിന്റെ ഉത്ഭവസ്ഥാനമെന്നുൽഘോഷിക്കുന്ന പുരാതനഗ്രീസിൽ സ്ത്രീകൾക്ക് യാതൊരുതരത്തിലുമുള്ള സ്വാതന്ത്ര്യവും ഉണ്ടായിരുന്നില്ലെന്നുള്ളതു് ഇതവസരത്തിൽ ഓക്കേണ്ടതാണ്. കളരിയിലിറങ്ങുന്നതിനുമുമ്പ് കളരി തൊട്ടു ആദ്യമായി ശിഷ്യന്മാർ വന്ദിക്കും. ദേഹം മുഴുക്കെ എണ്ണതേച്ചതിനുശേഷം കച്ചകെട്ടുകയായി. കച്ചകെട്ട് ഒരുവിധത്തിൽ ഒരഭ്യാസമാണ്. നാല്പത്തിരണ്ടടി, പതിനെട്ടടി, പന്ത്രണ്ടടി എന്നീ നീളത്തിൽ കച്ചകളുണ്ട്. വീതി ഒരടിയായിരിക്കും, ഏകദേശം കതിരമുഖവും, ആനമുഖവും വെച്ച് പലതരത്തിൽ കച്ചകെട്ടാം. ഇക്കാലത്തെ ലങ്കോട്ടി കെട്ടുന്നതിനോക്കാൾ ഒതുക്കവും, മുറുക്കവും അരക്ക് കച്ച ശരിയായി കെട്ടിയാൽ ഉണ്ടാകുന്നതാണ് കച്ചകെട്ടുമ്പോഴും, അഴിക്കുമ്പോഴും കച്ച തൊട്ടു വന്ദിക്കണമെന്നുണ്ട്. കച്ച കെട്ടിക്കഴിഞ്ഞാൽ കളരിദൈവങ്ങളെ തൊഴുകയായി. അതിന്ന് വടക്കെ മലബാറിലെ ഭാഷയിൽ 'തൊഴുത്തു്' എന്നാണ് പറയുക. ചില പ്രത്യേകരീതിയിൽ ഉള്ള ചോടുകളും, 'തുള്ളല്'കളും കഴിച്ച് പന്തിയിലമന്ന്, മൂന്നുവട്ടം 'മുട്ട്' തൊട്ട് മുയപ്പ് തൊട്ട് രണ്ടു കൈയും നീട്ടി തൊഴുതു' പിന്നേയും ചില ചോടുകൾവെച്ച് തൊഴുതുകഴിഞ്ഞാൽ ഗുരുക്കളുടെ കാലു തൊട്ടു വന്ദിച്ച് പയററാരംഭിക്കുകയായി. സാധാരണയായി മിക്കശിഷ്യന്മാരും നേർകാൽ, കോൺകാൽ,

(ശേഷം 22–ാംപേജിൽ)

# ★ ലീലാ ★

വിവർത്തകൻ: **വിദ്വാൻ എ. എം. മാധവൻ നായർ.**

പ്രഥമഃസർഗ്ഗഃ
(പൂർവ്വാനുബന്ധഃ)

വിദ്വദഗ്രണീഃ സഹൃദയവരേണ്യഃ കുമാര മഹാകവിഃ കേരളീയാനാംപ്രാതഃ സ്മരണീയേഷ്വന്യതമോ മഹാൻ. ആശയഗാംഭീര്യ്യേണ ഔചിത്യദീക്ഷയാച മഹാകവിഃ കവനവിഷയേ സമുന്നതമേവ പദമർഹതീത്യത്ര സഹൃദയഃ പ്രമാണം. യശശ്ശരീരിണസ്തത്രഭവതോ ലീലാഭിധഖണ്ഡകാവ്യസ്യ പരിഭാഷേയം സഹൃദയൈഃ സദയം ശ്രദ്ധേയാ.

16 വിഭവോചിതഥാകലാരതൌ
സുഭഗതേഽത്രപയൌവനാഗമേ
രുചിരേ, വിജഹാരശോഭനാ
പ്രിയവാപീഷ്വിവമുഗ്ദ്ധഹംസികാ.

17 ഉരുഭൂതിമപീപ്രതീക്ഷ്യമാ
കലയാമസ്ഥിരഭാവുകാമിമാം
അതികാന്തിഭവോദഹന്മുഖം
ചരശൈലോപരിനീരദസ്ഥിതൌ.

18 ഹതദൈവഫലനോദയാത്തമഃ—
പ്രസരോയം; ബതലോകയാപനേ
ഉദഗാദതനുഃപ്രകമ്പനോ—
വനിതാനൌഘഭവാത്സമാകുലാ.

19 വിജയംപുരമാവസൻവണി—
ക്പ്രവരഃകശ്ചനതല്പഥാഽഗതഃ
നിജപുത്രവധൂചികീഷ്യയാ
സ്വജനാത്താംവൃതവാൻസശോഭനാം.

20 ധനവംശസമോയുവാവര—
സ്തനയായാഅനുരൂപഇത്യസൌ
മമതാപരയാഽവധാര്യ്യതൽ—
സമയംചാഹതഥാഽകരോസിയാ.

21 പ്രഭൃതാഽവികലാതുകുത്രചി—
ന്നിജരക്ഷ്യേവിഹിതാനകസ്യചിൽ
അവിചാത്മപരിഗ്രഹ ഗ്രഹേ
നിജതന്ത്രം യുവലോകമാനസം.

22 മദനഃപ്രഥിതോസ്തി മാധുരീ—
നിലയഃകോപിസഖാഗുണോൽക്കരഃ
ഉപസദ്മനിവാസിനേ നിജം
ഹൃദമസ്മൈപ്രദദൌപുരൈവസാ.

23 തനയോപയമോത്സവം യഥാ—
വിധിവർത്മന്യതനോദ്വണിഗ്വരഃ
അഥതാതനിദേശപീഡിതാ
കദനം ദുഃസ്സഹമാപബാലികാ.

24 ചിരസക്തലതാദ്രുഭേദനം,
സരിതോവേഗപഥാന്യഥാകൃതിഃ
സുകരേ;ഉമനസ്വിനാംമനോ—
നാവിഭേദ്യംദൃഢലഗ്നമേകതഃ.

25 ഗുരുലോകഗിരം കുലക്രമം
തരുണീനാംപരതന്ത്രതാഞ്ചസാ
പരിചിന്ത്യപിധായകാമിതം
രുജയാലൌകികമന്വദർശ്ശയൽ.

26 വിനയാവനതാസമർപ്പയേ—
ത്സ്വഹിതംതാതഹിതായകേവലം
തമനന്യരതിം സ്വകാമുകം
നിരഘം ഹാ! കദനേകഥംക്ഷിപേൽ

27 തദമോപ്യരുജാകുലാവൃഥാ
പരിഖിന്നാമദനോന്മനാസതീ
നിയതിർവിദയാ, സുദുസ്തരാം
സരിതംകഃപ്രതിസന്തരേദിമാം.

28 പ്രതിരോപിതവൈജയന്തികാം
ധ്വജദണ്ഡാഗ്രമിവാന്തതഃസ്ഫുടം
വനിതാതദനിഷ്ടദർശനം
സ്വഗളേഽധത്തവിവാഹകൌതുകം.

29 തനയാർദ്രമനാദദൌതരാ
ഗുണിതംതല്പതയേധനംധനീ
സരിതാനുഫലനോന്നതോധ—
പ്രദദാത്യംബുധയേ

# മഹാകവി വള്ളത്തോളും അഭിജ്ഞാനശാകുന്തളവും.

(ഗ്രന്ഥകർത്താ:– ചങ്ങരംകുമരത്തു് ശങ്കരൻ.)
സിദ്ധാർത്ഥബുക്ക് ഹൌസ്. [വില. 1ക

ഭാരതീയരുടെ കലാബോധത്തിന്റെ ഉത്തമ നിദർശനങ്ങളായ അപൂർവ്വം സാഹിത്യകൃതികളിൽ ഒന്നത്രേ കാളിദാസന്റെ ശാകുന്തളം. പ്രസ്തുത നാടകം വിവർത്തനം ചെയ്തിട്ടില്ലാത്ത ഭാഷകൾ ഇല്ലെന്നുതന്നെ പറയാം. ജർമ്മൻ, ഫ്രഞ്ചു്, ഇത്താലിയൻ, ഡാനിഷ് മുതലായ ഭാഷകളിലേക്കു് വളരേ മുമ്പുതന്നെ അതു് പരിഭാഷപ്പെടുത്തിയിട്ടുണ്ടു്. പ്രാന്തീയ ഭാഷകളിലെ കാര്യംപിന്നെ പറയേണ്ടതില്ലല്ലോ? മലയാളത്തിൽ, ശാകുന്തളത്തിന്നു് അഞ്ചോ ആറോ തർജ്ജിമകളുണ്ടു് എന്നാൽ, മൂലകൃതിയുടെ പ്രാതിനിധ്യം വഹിക്കുവാൻ ഇന്നേവരെ പ്രസിദ്ധീകൃതങ്ങളായിട്ടുള്ള തർജ്ജിമകളിൽ ഏതിന്നാണു് കഴിയുക? ഒന്നിനും കഴിയുകയില്ലെന്നായിരിക്കും ഉത്തരം. കാരണം, എല്ലാ വിവർത്തനങ്ങൾക്കും ഉണ്ടാകും ഓരോരോ ന്യൂനത. സംസ്കൃതത്തെപ്പോലെ വ്യഞ്ജകപ്രധാനമായൊരു ഭാഷയിൽ, തികഞ്ഞ ഔചിത്യത്തോടുകൂടി, ഭവ്യമധുരമായൊരു ശൈലിയിൽ എഴുതപ്പെട്ട ശാകുന്തളം, വീക്ഷണഗതികൊണ്ടും ശൈലികൊണ്ടും വിജാതീയമായ മറ്റൊരു ഭാഷയിലേക്കു് തർജ്ജിമ ചെയ്യുകയെന്നതും അത്രഎളുപ്പമല്ല. ഈ വസ്തുത ഓർത്തുവേണം, ശാകുന്തളം തർജ്ജിമകളെ മൂലകൃതിയോടു് ഒത്തുനോക്കുവാനെന്നു് ഊഴയുള്ളവന്നു് തോന്നുന്നു

കേരളവർമ്മ, കേരളപാണിനി, ആററർ എന്നു തുടങ്ങിയവരുടെ വിവർത്തനങ്ങളും മൂലകൃതിയുമായി ഇടതട്ടിച്ചുനോക്കി, മഹാകവി വള്ളത്തോളിന്റെ തർജ്ജിമയ്ക്കുള്ള ന്യൂനതകൾ ചൂണ്ടിക്കാണിക്കാനാണു് 'വള്ളത്തോളും അഭിജ്ഞാന ശാകുന്തളവും' എന്ന നിബന്ധദ്വാരാ ചങ്ങരംകുമരത്തു ശങ്കരൻ ശ്രമിച്ചിട്ടുള്ളതു്. ഭാഷയിലെ മററു വിവർത്തനങ്ങളെയപേക്ഷിച്ചു് വള്ളത്തോളിന്നു് വളരെക്കുറെ — തെററുകൾ

30 കമനാദചിരഹസ്യനാഥസം–
ഗമിതായായദിദോദനാംവഃദൽ
അനുഗംപരിമുച്യദൂരതോ–
ദയവിക്രേയവശാകചോതികാ

31 ഘനവേദനയാപ്രതസ്ഥുഷഃ
പിതുരേഷാനവിയോഗമധ്യഗാൽ
ഹൃദയംററതമസ്തസൌഹൃദം
നവിഭിന്നാംസ്വനഹൃതിവല്ലകീം.

32 സഗതോऽഥപിതാऽധികശ്ചിതം
പരിഖിന്നസ്തനയാനനസ്മരൻ
കലയൻനിജവിപ്രയോഗജം
കദനംതച്ചസമാശ്വസൻസ്വയം.

33 വരഭോഗപരമ്പരാഃ പരം
വ്യഥയന്തിസ്മസതീം വരാപ്തിതാഃ
നരമാനസഭാവനാഗതീ–
രനുരുദ്ധൈവസുഖവ്രജനം ജനം

34 പിതൃദത്തവരോഹ ഏവ, സാ
കൃതധീരേവ, തഥാപികിം ഫലം
അവരുദ്ധ്യഗുണാൻ വിലോകയേൽ–
കിമി വിനാസതീജനാഃ

35 ഘടനാസുവിലാസിനോപിസാ
ദയയാർദ്രാപിച പത്യുരംഗനാ
തടഭാഗശിലാതരംഗസം–
ഗമലീലാസ്വിവനാന്തരാർദ്രിതാ.

36 ഇതിയാതമഹോ! ദിനം തഥാ
ബതമാസോഽതിതതശ്ചവത്സരഃ.
ഗുണാത്യതിനിഷ്ഠയാസ്ഥിതാ
പരകാഷ്ഠാം പ്രണയാർത്തിരത്യഗാൽ.

37 വിപദോഥഹതിർഭവേ,ദിയം
ബലഹീനാ കമനീത്യദർശയൽ
ഗുണപാകപരീക്ഷകഃക്ഷണാൽ
വിദയം സ്വാവിഭവം പരംവിധിഃ

38 സതതച്ഛയനീയശായ്യപ–
സ്യാപുനർജാഗരതാംകചാപിൽഗതഃ
കപനയൌവന — മത്രദേഹിനാം
വിവൃതച്ചാരവതീസദാമൃതിഃ.

പററിപ്പോയിട്ടുണ്ടെന്നാണു ലേഖകൻെറ വാദം. മഹാകവിക്ക് പിണഞ്ഞിട്ടുള്ള തെററുകളെ തെളിയിക്കാൻ മാത്രമാണ് അദ്ദേഹം ഇതര വിവർത്തനങ്ങളെ കൂട്ടുപിടിക്കുന്നതും. തികഞ്ഞ നിഷ്പക്ഷതയോടുകൂടി ചെയ്യപ്പെട്ടേണ്ട ഒരു താരതമ്യ നിരൂപണത്തിൽ അതത്ര പന്തിയായെന്നു തോന്നിയില്ല. തന്നെയുമല്ലാ വള്ളത്തോളിൻെറ തർജ്ജിമ പരാജയമാണെന്ന കാര്യത്തിൽ ദത്താവധാനനായ ശ്രീ. ശങ്കരൻ, അതിൻെറ വിജയത്തെക്കുറിച്ച് മൌനമവലംബിക്കുകയാണ് ചെയ്യുന്നത്. കാളിദാസൻെറ മധുരമായ രചനാഭംഗി ശ്രീ. വള്ളത്തോളിൻെറ പരിഭാഷ സ്വായത്തമാക്കിയിട്ടുള്ളതു് മറച്ചുവെക്കത്തക്കതല്ല. കൂടാതെ, ശാകുന്തളത്തിന്ന് നിരവധി വ്യാഖ്യാനങ്ങളും നിരവധി പാഠങ്ങളും ഉള്ളതിൽ ശ്രീ രാഘവഭട്ടൻെറ വ്യാഖ്യാന പാഠങ്ങളെയാണ് മഹാകവി സ്വീകരിച്ചിട്ടുള്ളതു്. ഏതു വ്യാഖ്യാനമാണ് ശരി? ഏതു പാഠമാണ് യുക്തം? അവിടേയും അഭിപ്രായഭിന്നതയാണുള്ളതു്; പണ്ഡിതന്മാക്കിടയിൽ. എന്നുവെച്ചും ശ്രീ. ശങ്കരൻ ഉന്നയിച്ചുകാണിച്ചിട്ടുള്ള ദോഷങ്ങൾ അമ്പേ തള്ളിക്കളയാവുന്നവയാണെന്ന് വിവക്ഷയില്ല. പക്ഷേ, വള്ളത്തോൾ തർജ്ജിമ ദോഷഭൂയിഷ്ഠമാണെന്നും, തദ്വാരാ അതു നിരോധിക്കേണ്ടതാണെന്നും ഉള്ള ലേഖകൻെറ അഭിപ്രായത്തോടു് എന്നേപ്പോലെ ചിലരെങ്കിലും വിയോജിക്കാനുണ്ടായിരിക്കും. ആ പ്രസ്താവന തെല്ലൊരു ഔദ്ധത്യമായും വ്യാഖ്യാനിച്ചുകൂടെന്നില്ല!

മലയാളത്തെ സംബന്ധിച്ചിടത്തോളം വളരെയൊന്നും വളൎന്നിട്ടില്ലാത്ത ഒന്നാണ് താരതമ്യനിരൂപണ പ്രസ്ഥാനം. 'വ്യുല്പത്തിയുടെ വിലയിടിഞ്ഞുപോയ' ഇക്കാലത്തു്, പഠിച്ചും ചിന്തിച്ചും എഴുതപ്പെടുന്ന നിരൂപണങ്ങൾ നന്നേ കുറവാണ്. ഒരു നിരൂപകനിലുണ്ടായിരിക്കേണ്ട പ്രധാന ഗുണങ്ങൾ, തികഞ്ഞ പാണ്ഡിത്യവും തെളിഞ്ഞ സഹൃദയത്വവുമാണെന്ന് വെയ്ക്കുക. എന്നാൽ, അതിൻെറ മായാത്ത മുദ്രകൾ ഈ ഗ്രന്ഥത്തിൽ ഉടനീളം കാണാം. നിരൂപണം കുറെക്കൂടി നിഷ്പമായിരുന്നെങ്കിൽ? ഈ ഗ്രന്ഥം. വായിച്ച പലരും അങ്ങിനെ ചിന്തിച്ചുകാണും. ഇങ്ങനെയെല്ലാമാണെങ്കിലും, സാഹിത്യലോകത്തേക്ക് കാലൂന്നുന്ന ഏതൊരാളും അവശ്യം വായിച്ചിരിക്കേണ്ട ഒരുത്തമ നിരൂപണഗ്രന്ഥമാണ് ഇതെന്നു് തോന്നി.

(രാമചന്ദ്രൻ വടക്കേടത്തു്)

---

കൈപ്പററി.

"പത്തു കക്കകൾ" (കവിതാസമാഹാരം)
ഗ്രന്ഥകർത്താ: കെ. സി. പൂങ്കുന്നം.
വില നാലണ.

"ദയനീയസംഭവം" ഒരു (വിലാപകാവ്യം.)
ഗ്രന്ഥകർത്താ: സി. വി. ഫർണാൻറസ്.
വില നാലണ.

"മണിത്താക്കോൽ"
ഗ്രന്ഥകർത്താ: ടി ആർ. നായർ.
വില എട്ടണ.

"കുട്ടിക്കഥകൾ" (ഒന്നാംഭാഗം)
ഗ്രന്ഥകർത്താ:
ടി. വി. കൃഷ്ണൻ എം. എ., ബി. ടി. അന്തിക്കാട്ട്
വില എട്ടണ.

"ജീവിതം" (കവിത)
ഗ്രന്ഥകർത്താ: ഭരതൻ എരനെല്ലൂർ.
അരുണോദയം പ്രസ്സ്, വടക്കാഞ്ചേരി
വില 12ണ.

"സുമതി" (കവിത)
ഗ്രന്ഥകർത്താ: ടി. ആർ നായർ, പുഴയ്ക്കൽ.
വില 0_8_0

"ശ്രന്താൻ്റദർ"
(സിനിമാസംബന്ധിയായ ഹാസ്യമാസിക)
വില 0_4_0
പത്രാധിപർ എ. സി. സബാസ്റ്റ്യൻ,
ഗുരുവിലാസം പ്രസ്സ്, തൃശ്ശൂർ.

---

(18ൽനിന്നുതുടർച്ച)
അകംകാൽ, പുറംകാൽ എന്നീ കാലുകൾ എടുക്കുകയായി മുട്ടു വളക്കാതെകണ്ട് കാൽ നേക്കും, കോണിലേക്കും വീശുന്നതിനെയാണ് കാൽ എടുക്കൽ എന്ന പ്രഥമപാഠം. മെയ്പയററ്, ആയുധപ്പയററ്, കോൽപയററ് എന്നീ പയററുമുറകളിൽ വൈദഗ്ദ്ധ്യം നേടണമെങ്കിൽ മെയ്പയററിലെ ആദ്യപാഠമായ 'കാൽ എടുക്കലിൽ' നല്ല തഴക്കംചെന്നേ മതിയാകു. ചോടൊററയ്ക്കണമെങ്കിൽ ഈ നേർകാൽ, കോൺകാൽ എന്നീ കാലുകൾ ശരിയാംവണ്ണം അഭ്യസിക്കുകതന്നെ വേണം. അതിനുശേഷം മെയ്പയററിനങ്ങൾ ഓരോന്നായി എടുക്കണം. മെയ്പയററിൽ വളരെ നാളത്തെ തഴക്കംവന്നാലേ കോൽപയററിലും ആയുധപയററിലും വൈദഗ്ദ്ധ്യംനേടാൻ കഴിയുകയുള്ളൂ. മുച്ചാൺ, കെട്ടുകയറി, ഒററ, ഒടവടി, പന്തീരാൻ എന്നിവ കോൽപയററിൽ പെടുന്ന ഇനങ്ങളാണ്. മുച്ചാൺവടി, ഒററ മുതലായവ പയററാൻ നല്ല മെയ്സ്വാധീനം വേണം. പന്തീരാൻ വീശുന്നതിന് കൈ വീശുന്നതിനുള്ള കൂടുതൽ വേഗത അത്യന്താപേക്ഷിതമാണ്. ഏററവും അധികം മെയ്സ്വാധീനം ഒററ പയററുന്നവക്ക്യത്യന്താപേക്ഷിതമാണ്. നല്ലവണ്ണം 'അമച്ച'യും 'ചോടും' വേഗതയും ഇല്ലാത്തവർ ഒററ പയററുന്നതു കാണുവാൻ കൌതുകമുണ്ടായിരിക്കുകയില്ല. കോഴിയങ്കം കാണുന്നപോലെയൊരു തോന്നൽ ഒററപയററുന്നതു കാണുമ്പോൾ നമുക്കുണ്ടായിരിക്കും. അറുപത്തിനാലു വമ്മങ്ങളിലേയ്ക്കാണ് ഒററക്കോലു കൊണ്ടുള്ള കുത്തു ചെല്ലുന്നതെന്നുള്ള കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

വാൾ, കഠാരം, കുന്തം, മറപിടിച്ചകുന്തം, ഉറുമി മുതലായവകൊണ്ടുള്ള പയററിന്നു ആയുധപ്പയററെന്നു പറയും. മെയ്സ്വാധീനം എത്രമാത്രം വേണമെന്നു നാം മനസ്സിലാക്കുന്നതു ആയുധപ്പയററഭ്യസിപ്പിക്കുമ്പോഴാണ്. കണ്ണുതെററിയാൽ അപകടം പിണയുന്ന പയററിനങ്ങളാണ് ആയുധപ്പയററിലുള്ളവയെല്ലാം. ഏററവും അപകടംപിടിച്ചതാണ് കുന്തപ്പയററ്. വളരെ നീണ്ടു ഒരു ബെൽട്ടോളംതന്നെ വീതിയില്ലാത്ത ഒരു ഇ. വാലച്ചുരുൾപോലെയുള്ളതാണ് ഉറുമി എന്ന ആ[illegible] മികച്ച ഉറുമിഅഭ്യാസികളുടെ ഉറുമിപ്പയററ [illegible] കാരിത്തരിപ്പോടും, ഭയാശങ്കകളോടുമല്ലാതെ കാ[illegible] ൾക്ക് നോക്കനില്ല. വാൻ സാദ്ധ്യമല്ല.

വെറും കൈകൊണ്ടുള്ള അഭ്യാസങ്ങളും കളരിപ്പയററിൽ ദുർല്ലഭമല്ല. അടവും, തടവും വമ്മംനോക്കിയുള്ള കുത്തുകളും, അടികളും, പിടുത്തങ്ങളും അനവധിയാണ്; കളരിപയററിൽ. ഇവയിലെല്ലാം, പ്രത്യേകിച്ച് കളരിപയററിലങ്ങോളമിങ്ങോളം കാണുന്നതൊക്കെ 'ലിവർ പ്രിൻസിപ്പിളിൽ' (വീണ്ടികൊണ്ടു ഒരു മരത്തടി മറിക്കുന്നതുപോലെ) അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്.

കളരിപയററിൻെറ ഒരു ഏകദേശ രൂപം മാത്രമാണ് ഈ ലേഖനംകൊണ്ട് ഞാനുദ്ദേശിച്ചിട്ടുള്ളൂ. മെയ്പയററ്, വടിപ്പയററ്, ആയുധപ്പയററ്, ഒഴിച്ചൽ, അടവും തടവും എന്നിവയെപ്പററി പ്രത്യേകമായിത്തന്നെ ഓരോ ലേഖനങ്ങൾ എഴുതുവാനുണ്ട്. അതു സൌകര്യം കിട്ടുന്നപക്ഷം 'കളരി'യിൽത്തന്നെ പ്രസിദ്ധപ്പെടുത്തുന്നതാണ്. കളരിപ്പയററിനെക്കുറിച്ച് ശാസ്ത്രീയമായ ലേഖനങ്ങൾ എന്നെക്കാൾ കളരിപ്പയററിൽ തഴക്കവും, പഴക്കവും ഉള്ളവർ ചെയ്യേണ്ടുന്ന ഒരു കടമയാണ്. പക്ഷെ കളരിപ്പയററ വിദഗ്ദ്ധന്മാരിൽ ആരുംതന്നെ അക്കാര്യം ചെയ്യുന്നില്ല. അഥവാ ചെയ്യുകയാണെങ്കിൽതന്നെ അതു അവനവൻെറ മേന്മകളെക്കുറിച്ചുള്ള ഒരു നീണ്ട പട്ടിക സമപ്പിക്കലാണ്. ഞാനീയിടെ ഒരു ലേഖനം കാണുകയുണ്ടായി. 1129 മേടം 13–ാംതിയതിയിലെ മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ 'കളരിയഭ്യാസം' എന്ന ഒരു ലേഖനം! തലശ്ശേരിയിലെ സി. വി. എൻ. കളരി സംഘത്തിലെ സി. വി. ഗോവിന്ദൻകുട്ടിനായരുടേതായിരുന്നു ആ ലേഖനം. കേരളത്തിലെ കളരിപ്പയററിന്നു പേരും പെരുമയും സമ്പാദിച്ചുകൊടുത്ത പരേതനായ സി. വി. നാരായണൻനായരുടെ പുത്രനായ അദ്ദേഹത്തിൻെറ ലേഖനം വലിയ പ്രതീക്ഷകളോടെയാണ് ഞാനെടുത്തുവായിക്കുവാൻ തുടങ്ങിയതു്. നിർഭാഗ്യമെന്നു പറയട്ടെ, കളരിപയററിൻെറ ശാസ്ത്രീയവശങ്ങളെക്കുറിച്ച് യാതൊന്നുമതിലുണ്ടായിരുന്നില്ല. ശ്രീ. ശ്രീധരൻനായരെപ്പററി തീരെ സംസ്കാരമില്ലാത്തതരത്തിലുള്ള ആരോപണങ്ങളുൾക്കൊള്ളുന്നതായിരുന്നു, ആ ലേഖനം. ഇത്രമാത്രം തന്നെപ്പററി അഹംഭാവത്തോടും, ആത്മപ്രശംസയോടുംകൂടി എഴുതുവാൻ ഒരു കലാകാരനായ അദ്ദേഹത്തിന് തോന്നിയ മനോഭാവമോത്തു് വീരചരമം പ്രാപിച്ച അദ്ദേഹത്തിൻെറ വന്ദ്യപിതാവിൻെറ ആത്മാവു വേദനിച്ചിരിക്കണം. മേലിലെങ്കിലും കേരളക്കരയിലെ കളരിയഭ്യാസികൾ അന്യോന്യമുള്ള 'വഴക്കും വക്കാണവും' വെടിഞ്ഞു കളരിപ്പയററിനെക്കുറിച്ചുള്ള വിജ്ഞേയങ്ങളായ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുമെങ്കിൽ അതു മൺമറഞ്ഞ മലയാളത്തിലെ വീരസന്തതികളോട് ചെയ്യാവുന്ന ഏററവും വലിയ ഒരു ഉപകാരമായിരിക്കും.

——

(തുടരും)



# മുരളീഗാനം.

ചാത്തനാത്ത് അച്യുതനുണ്ണി
(വിദ്യാർത്ഥി)

(ഓമനക്കുട്ടൻ രീതി)

മലരൊളിപോലെ പവിഴച്ചുണ്ടിന്മേ-
ലലതല്ലി സ്മേരമൊഴുകവെ,
മിഴികൾ രണ്ടിലും മധുരഭാവന-
വഴിയും വീക്ഷണം പുലരവെ,
സുഭഗവാസന്ത മണികപോലെന്റെ
ഹൃദയം പൂവിട്ടു വിലസവെ,
മുരളിയൂതി നീ വരിക കണ്ണാ,യെൻ-
കരളിലാനന്ദക്കുളിർ വീശി!

കിലുകിലെ പാടും കനകക്കിങ്ങിണി
കരവെച്ചപ്പട്ടു തുകിൽ ചാർത്തി,
മധുരനൂപുര സ്വരതരംഗത്തിൽ
വിധുരതയെങ്കലകലവെ,
ചികുരലാളിത ലളിത പിഞ്ഛികാ-
നികരശേഖര കമനീയൻ,
കുറുനിരചിന്നും നിടിലത്തിൽ മിന്നും
നറുമൃഗമദതിലകവും,
അവിരളകാന്തിയൊഴുകുമാത്തുടു-
കവിളിണയുമായ് കണികാണ്മാൻ,
മുരളിയൂതി നീ വരിക കണ്ണാ,യെൻ-
കരളിലാനന്ദക്കുളിർ വീശി!

അരുണനീരാളം ചുമലിൽ,പൊൻവള
സുരുചിരകരയുഗളിയിൽ,
വനമാലമാറിൽ, വികചരശ്മിയാം
മകരകുണ്ഡലം ശ്രുതികളിൽ,
അണിയായിങ്ങനെ പലതുമംഗത്തി-
ലണിയുമംബുജ വദനനെ;
മണിമഞ്ജീരച്ചേണൊലിയാൽ പൂവടി
പണിയുവോർക്കുള്ളിൽ പൊലിയുവാൻ,
പെരുകും കാരുണ്യമൊഴുകും സാന്ത്വന-
മുരചെയ്യും പാദമുടയോനെ,
കണികാണാവൂ ഞാൻ പരനെ,യെന്മനോ-
മണിസദന ശ്രീ വദനനെ!

# പ്രതീക്ഷകൾ.

(മേനാക്കമ്പലം വാസുദേവനുണ്ണിത്താൻ)

ക്ലേശമോരോന്നു കേറിക്കലമ്പിയെ-
ന്നാശയം തളർന്നിങ്ങനെ വീഴുമ്പോൾ,
ലോകയാത്രയിൽ ചൈതന്യബിന്ദുക്കൾ
തൂകിടുന്നവരാണെൻ പ്രതീക്ഷകൾ!
മാദകസ്വപ്നമേന്തും ചഷകത്തെ
വേദനവന്നിട്ടൂററിക്കുടിക്കിലും
പ്രത്യഹമതു വീണ്ടും നിറയ്ക്കുവാ-
നത്യുദാരകളാണെൻ പ്രതീക്ഷകൾ!
ജീവിതത്തിന്റെ വിണ്ണിലിരുളുകൾ
താവിനിൽക്കിൽ ചിരിച്ചുചിരിച്ചെത്തി,
പ്രേമസൗന്ദര്യം കൊണ്ടൊളി പൂശുന്ന
കോമളാംഗികളാണെൻ പ്രതീക്ഷകൾ!
നിത്യമെന്നെ പുണർന്നിടാഞ്ഞാലിവർ
സത്യമാവില്ലെൻ ചിന്താവിഭൂതികൾ!!

മുരളിയൂതി നീ വരിക കണ്ണാ,യെൻ
കരളിലാനന്ദക്കുളിർ വീശി!

യമുനനോക്കി നിന്നലതുളുമ്പുന്ന
പ്രമദഗാനങ്ങളുതിരുമ്പോൾ,
തടവിടപിയിൽ കുതുകത്തള്ളലിൻ
മട്ടുമലർച്ചിരിപൊഴിയുമ്പോൾ,
പുളകശാലിയായ് നഗഗോവർദ്ധനം
മിളിതാഭയാർന്നമരുവുമ്പോൾ,
മുരളിയൂതിയാവ്രജഭൂവിൻ കണ്ണും-
കരളും കട്ടൊരക്കടൽവണ്ണൻ!
മധുരഖേലന ലഹരിയാൽ ഗോപീ-
വിധുരതതീർത്ത മുകിൽവർണ്ണൻ!
കണികാണാവൂ ഞാൻ വ്രജവധൂടിയാ
പ്രണയസ്വപ്നത്തിൻ കണികപോൽ
മുരളിയൂതി നീ വരിക കണ്ണാ,യെൻ
കരളിലാനന്ദക്കുളിർ വീശി!

# ജാതകൈക്യം. (തുടച്ച)

(പി. ബാലകൃഷ്ണക്കുറുപ്പ്)

## അധ്യായുന്നിരൂപണം.

ത്രിവിധാശ്ചായുഷാം യോഗാസ്സ്വല്പായുർമ്മദ്ധ്യമോത്തമാ:
ദ്വാത്രിംശാൽപൂർവ്വമല്പം സ്യാൽ തദൂർദ്ധ്വം മദ്ധ്യമംഭവേൽ. 12
ആസപ്തതിസ്തദൂർദ്ധ്വന്തു ദീഘായുരിതിസമ്മതം
ഉത്തമായുശ്ശതാദൂർദ്ധ്വമിതിശംസന്തിതദ്വിദ: 13

സാരം: മനുഷ്യായുസ്സിനെ അല്പായുസ്സ്, മദ്ധ്യായുസ്സ്, ദീഘായുസ്സ് എന്നിങ്ങിനെ മൂന്നായി വിഭജിച്ചിട്ടുള്ളതിൽ 32 വയസ്സുവരെ അല്പായുർയ്യോഗകാലവും, 32 വയസ്സിന്നു മേൽ 70 വയസ്സുവരെ മദ്ധ്യായുർയ്യോഗകാലവും, 70 വയസ്സിന്നു മേൽ ദീഘായുർയ്യോഗകാലവുമാകുന്നു. 100 വയസ്സിന്നു മേൽ ഉത്തമായുസ്സെന്നും ആചാര്യാഭിപ്രായം കാണുന്നു.

അല്പായുരല്പമദ്ധ്യന്തു പൂർണ്ണായുസ്ത്രിവിധംസ്മൃതം
മദ്ധ്യമാദല്പമദ്ധ്യന്തു പൂർണ്ണായുസ്ത്രിവിധംഭവേൽ 14
ദീഘായുഷോല്പമദ്ധ്യന്തു പൂർണ്ണായുസ്ത്രിവിധംഭവേൽ
ഏവം നവവിധപ്രോക്തതാശ്ചായുഷാന്തു വിനിർണ്ണയ: 15

സാരം: അല്പായുർയ്യോഗത്തെതന്നെ അല്പം, മദ്ധ്യം, പൂർണ്ണം എന്നിപ്രകാരം മൂന്നുവിധത്തിലും അപ്രകാരം തന്നെ മദ്ധ്യായുർയ്യോഗകാലത്തെ അല്പം, മദ്ധ്യം, പൂർണ്ണം എന്നും, ദീഘായുർയ്യോഗകാലത്തെ അല്പം, മദ്ധ്യം, പൂർണ്ണം എന്നും ഒമ്പതായി വിഭജിച്ചിരിക്കുന്നു.

അല്പായുർയ്യോഗജാതസ്യ വിപദായെമൃതിംവദേൽ
ജാതസ്യ മദ്ധ്യമെയോഗെ പ്രത്യരേസ്തുമൃതിർഭവേൽ 16
ദീഘായുർയ്യോഗജാതാനാം വധഭേതുമൃതിർഭവേൽ
ത്രിഷുയോഗെഷു സവ്വേഷു പ്രത്യേകം ത്രിവിധംഭവേൽ. 17

സാരം: അല്പായുർയ്യോഗത്തിൽ ജനിച്ചവക്ക് മൂന്നാംനക്ഷത്രാധിപന്റെ ദശാകാലവും മദ്ധ്യായുർയ്യോഗത്തിൽ ജനിച്ചവക്ക് അഞ്ചാംനക്ഷത്രാധിപന്റെ ദശാകാലവും ദീഘായുർയ്യോഗത്തിൽ ജനിച്ചവക്ക് ഏഴാംനക്ഷത്രാധിപന്റെ ദശാകാലവും സാമാന്യേന മാരകകാലങ്ങളായിരിക്കും.

ലഗ്നം ദേഹോഷ്ടമോജീവ:തയോരധിപയോർബ്ബലം
അന്യോന്യ ദൃഷ്ടിയോഗൌച ദീഘായുഃപ്രഷ്ടൂരായുഷെ 18

സാരം: ലഗ്നംകൊണ്ട് ദേഹത്തേയും അഷ്ടമംകൊണ്ട് ജീവനേയും വിചാരിക്കണം. അതുകൊണ്ടു ലഗ്നാഷ്ടമാധിപന്മാക്ക് ഉല്ല്യബലം അവർ തമ്മിൽ അന്യോന്യവീക്ഷണം യോഗം എന്നിവകൾ ദീഘായുർയ്യോഗലക്ഷണങ്ങളാണ്.

ആയുസ്ഥാനാധിപ: കേന്ദ്രെ ദീഘമായു: പ്രയച്ഛതി: 19

സാരം: അഷ്ടമാധിപനായ ഗ്രഹം ലഗ്നം നാല്, ഏഴ്, പത്ത് എന്നീ ഭാവങ്ങളിൽ ഏതെങ്കിലും ഒരു ഭാവത്തിൽ സ്ഥിതനാകുന്നു എങ്കിൽ ആയത് ദീഘായുസ്സിനെ സൂചിപ്പിക്കുന്നു.

ഷഷ്ഠെവ്യയെപി ഷഷ്ഠേശോ വ്യയാധീശോ രിപൌവ്യയെ
ലഗ്നെഷ്ടമെ സ്ഥിതൊവാപി ദീഘമായുഃപ്രയച്ഛതി. 20

സാരം: ആറാംഭാവാധിപൻ ആറിലോ പന്ത്രണ്ടിലൊ നിൽക്കുകയും പന്ത്രണ്ടാംഭാവാധിപൻ ആറിലോ പന്ത്രണ്ടിലൊ നിൽക്കുകയും ആറാംഭാവാധിപനൊ പന്ത്രണ്ടാംഭാവാധിപനൊ ലഗ്നത്തിലെ അഷ്ടമത്തിലൊ നിൽക്കുന്നതും ദീഘായുർയ്യോഗലക്ഷണമാകുന്നു.

സ്വസ്ഥാനെ, സ്വാംശകെവാപി പുത്രേശേമിത്രമന്ദിരെ
ദീൎഘായുഷം കരോത്യേവം ലഗ്നേശോഷ്ടമപഃ പുനഃ 21

സാരം: ലഗ്നം അഞ്ച്, എട്ട് എന്നീ ഭാവങ്ങളുടെ അധിപന്മാർ അവരവരുടെ സ്വക്ഷേത്രങ്ങളിലൊ ബന്ധുക്ഷേത്രങ്ങളിലൊ നിൽക്കുകയൊ അംശകിക്കുകയൊ ചെയ്താലും ദീൎഘായുര്യോഗലക്ഷണമാണ്.

ലഗ്നാഷ്ടമപകൎമ്മേശമന്ദാഃ കേന്ദ്രത്രികോണയോഃ
ലാഭേവാ സംസ്ഥിതാസ്തദ്വൽ ദിശേയുഃ ദീൎഘമായുഷം 22

സാരം: ലഗ്നം എട്ട്, പത്ത് എന്നീ ഭാവങ്ങളുടെ നാഥന്മാർ, ശനി ഇവർ കേന്ദ്രങ്ങളായ 1, 4, 7, 10 എന്നീ ഭാവങ്ങളിലൊ 5, 9 എന്നീ ത്രികോണങ്ങളിലൊ 11-ാം ഭാവത്തിലൊ നിൽക്കുന്നതു് ദീൎഘായുര്യോഗലക്ഷണമാകുന്നു.

ലഗ്നേശെ സ്വോച്ചരാശിസ്ഥെ ചന്ദ്രെലാഭസമന്വിതെ
രന്ധ്രസ്ഥാനഗതെ ജീവെ ദീൎഘമായുൎന്നസംശയഃ 23

സാരം: ലഗ്നാധിപൻ തന്റെ ഉച്ചരാശിയിലും ചന്ദ്രൻ പതിനൊന്നാം ഭാവത്തിലും അഷ്ടമത്തിൽ വ്യാഴവും നിൽക്കുന്നതു് ദീൎഘായുര്യോഗലക്ഷണമാകുന്നു.

ലഗ്നേശോതിബലീദൃഷ്ടഃ കേന്ദ്രസംസ്ഥൈഃ ശുഭഗ്രഹൈഃ
ധനൈഃ സൎവ്വഗുണൈസ്സാൎദ്ധം ദീൎഘമായുഃ പ്രയച്ഛതി 24

സാരം: ബലവാനായ ലഗ്നാധിപന്നു് കേന്ദ്രസ്ഥിതന്മാരായ ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയുണ്ടായാൽ എല്ലാവിധ ഗുണങ്ങളോടുകൂടിയും ധനത്തോടുകൂടിയും ദീൎഘായുസ്സായിരിക്കും.

ലഗ്നജന്മപയോഃ ശത്രുനിജാഷ്ടമപതീയദി
സമൌവായദിവാ ബന്ധൂസ്വല്പമദ്ധ്യമിരായുഷഃ 25

സാരം: ലഗ്നാധിപന്നു് ലഗ്നാഷ്ടമാധിപനും ചന്ദ്രലഗ്നാധിപന്നു് ചന്ദ്രലഗ്നാഷ്ടമാധിപനും ബന്ധുവായിരുന്നാൽ ദീൎഘായുസ്സ് സമനായിരുന്നാൽ മദ്ധ്യായുസ്സ് ശത്രുവായിരുന്നാൽ അല്പായുസ്സും ആകുന്നു.

ചന്ദ്രാംശേശസ്യ തൽഭ്രഷാ നവാംശേശോഥവാരവേഃ
ലഗ്നേശോരാവാപിയദ്യേവം സ്വല്പമദ്ധ്യചിരായുഷഃ 26

സാരം: ചന്ദ്രനവാംശകാധിപന്നു് ചന്ദ്രനവാംശകം മുതൽ അറുപത്തിനാലാം നവാംശകാധിപൻ (ചന്ദ്രൻ ഏതു രാശിയിൽ എത്രാം നവാംശകത്തിൽ നില്ക്കുന്നുവൊ ആ രാശിയുടെ എട്ടാം രാശിയിൽ അത്രാമത്തെ നവാംശകമാകുന്നു. അറുപത്തിനാലാം നവാംശകം) ബന്ധുവാണെങ്കിൽ ദീൎഘായുസ്സും സമനാണെങ്കിൽ മദ്ധ്യായുസ്സും ശത്രുവാണെങ്കിൽ അല്പായുസ്സും ആയിരിക്കും.

## സമസ്യ.

..........................................................................
..........................................................................
..........................................................................
"സന്ധിയ്ക്കാഞ്ഞാലഖിലരുമോരോന്നുമട്ടു ചിന്താകുലന്മാർ."

പണ്ഡിതർ എൻ. പി. ആർ.

# EXISTENCE AFTER DEATH.

(DR. K. K. RAMDAS, Ph. D. Sc)
AYURVEDA SASTRY.

All are mortals. Nothing remains after death. All desires, actions and everything in connection with the individual ends there in the moment of death. This is the general understanding of everyone. When it is thought deeply in the cause of birth, existence and death, there is something hidden in it to be realised All men of letters and great researchers are found to be stunned at this point of view.

It is doubtless that nothing is born without a cause. All living beings have some cause dormant for birth, existence and death. Mind is the pendulum for all actions That is the cause. Therefore, the cause is the root for all these happenings. All beings have three bodies each. They are causal, spiritual and physical bodies. After expiry of an individual the physical body is decayed and the elements consisted in the structure separates and unites with the elements in nature known as earth, water, fire, air and ether.

The ten vayus (Dasapranas) which were in working order of the body also have thus united with the elements in nature in their usual places. Among these ten vayus dhananjayan vayu, the power at muladharam, joins with the shadow of the body embracing all desires with results of good and evil actions in [illegible] completed, and exists in the [illegible]tual body roaming about in [illegible]al, etherial or other ele- [illegible]rdingly.

Those who were living with good actions and desires in life move with good spirits, and those of evil actions and desires move with evil spirits, The discarnate spirits with certain phenomenas existing in the elements in separate forms are called as earthly, watery, firy, airy and etherial spirits. The period of existence of the departed spirits in such environments varies accordingly, and when the period of enjoyments or punishments (sufferings) as the case may be, has been exhausted the spirit is antomatically drawn to be confined in the womb of a deserving mother in some corner of the sphere and takes rebirth to enjoy or suffer the balance of past actions and desires-

There are certain spiritual bodies with powerful phenomenas. They were strong willed persons in life with great concentrations in self. All of them will have to take birth again after exhaustions of stored powers in them. The period may vary to less or more years as the case may be. Certain saintly persons who are enlightened in the latent power having washed out all desires and living without a jot of darkness (shadow) unites with universal force ending causes for rebirth. They are yogis who attained Nirvana (nothingness).

(Continues)

# മാസഫലങ്ങൾ.

1. മേടക്കൂറ്: (അശ്വതി, ഭരണി, കാർത്തിക ¼) 1 മുതൽ 5 വരെ തിയ്യതികളിൽ ശത്രുഭയം, രോഗപീഡ, അപമാനം, സഞ്ചാരം, സുഖഹാനി. 6 മുതൽ 8 കൂടിയ തിയ്യതികളിൽ സുഖം, ധനലാഭം, രോഗശാന്തി, അശനശയനസുഖങ്ങൾ. 9—13 വരെ തിയ്യതികളിൽ വിഷഭയം, മനോദുഃഖം, കലഹം, ദ്രവ്യവ്യയം. 14—21 വരെ തിയ്യതികളിൽ സമ്മാനലാഭം, ധനലാഭം, ബന്ധുസഹകരണം, വസ്ത്രലാഭം, ഭക്ഷണസുഖം. 22—26 വരെ തിയ്യതികളിൽ ഗുണദോഷമിശ്രഫലം. ശേഷം തിയ്യതികളിൽ സന്തോഷം, ബഹുമാനം, ധനലാഭം, പ്രവർത്തിഗുണം, സ്ത്രീസുഖം, വിജയം എന്നിവ ഫലങ്ങൾ.

2. എടവക്കൂറ്. (കാർത്തിക ¾, രോഹിണി, മകീരം ½) 1മുതൽ 5വരെ തിയ്യതികളിൽ ധനാഗമം, ആരോഗ്യം സുഖം, ബന്ധുപ്രീതി, ഇഷ്ടജനസഹകരണം. 6—11 വരെ തിയ്യതികളിൽ വിവാദം, കാര്യപ്രതിബന്ധം, വ്യസനം, ദ്രവ്യവ്യയം. 12—16വരെ തിയ്യതികളിൽ വസ്ത്രലാഭം, ഭക്ഷണപാനീയസുഖം, ഇഷ്ടജനസഹകരണം, സന്തോഷം. 17—21വരെ തിയ്യതികളിൽ ഗുണദോഷമിശ്രഫലം. 22—26 വരെ തിയ്യതികളിൽ സുഖം, സമ്മാനലാഭം, സദ്‌വസ്ത്രലാഭം, വിജയം, ബഹുമാനം, കാര്യസാദ്ധ്യം. ശേഷം തിയ്യതികളിൽ മനോദുഃഖം, ധനനഷ്ടം, ജന്തുക്കളിൽനിന്നും ഭയം, വിഷഭീതി എന്നിവ ഫലങ്ങൾ.

3. മിഥുനക്കൂറ്. (മകീരം ½, തിരുവാതിര പുണർതം ¾) 1മുതൽ 5വരെ തിയ്യതികളിൽ ഗുണദോഷമിശ്രഫലങ്ങൾ. 6—11വരെ തിയ്യതികളിൽ ധനലാഭം, സുഖം, സന്തോഷം, ജയം, കാര്യസാദ്ധ്യം. 12—16 വരെ തിയ്യതികളിൽ പരാജയം, ബന്ധുവിരഹം, കുഡുംബകഷ്ടം, രോഗാരിഷ്ടം. 17—21വരെ തിയ്യതികളിൽ സുഖോപകരണസാദ്ധ്യം, വസ്ത്രലാഭം, സന്തോഷം, പുത്രസുഖം, ധനാഗമം. 22—26വരെ തിയ്യതികളിൽ ഗുണദോഷമിശ്രഫലം. ശേഷം തിയ്യതികളിൽ ഇഷ്ടജനസഹകരണം, ബഹുമാനം, സ്ഥാനലാഭം, കർമ്മഗുണം എന്നിവ ഫലങ്ങൾ.

4. കർക്കിടകക്കൂറ്. (പുണർതം ¼, പൂയം, ആയില്യം) 1മുതൽ 5 തിയ്യതിവരെ കർമ്മഭംഗം, മാനക്ഷയം, അർത്ഥഹാനി, മനോവ്യസനം, ശത്രുഭയം. 6—11 വരെ തിയ്യതികളിൽ സ്ത്രീസുഖം, പുത്രലാഭം, ഭക്ഷണപാനീയസുഖം, സന്തോഷം, ആരോഗ്യം. 12—16 വരെ തിയ്യതികളിൽ അപമാനം, വിഷഭയം, ധനവ്യയം, ഇഷ്ടജനവിരഹം. 17—22 വരെ തിയ്യതികളിൽ ഉദ്ദേശസാദ്ധ്യം, സുഖം, ശത്രുനാശം, ധനബഹുമാനലാഭം, സ്ഥാനപ്രാപ്തി, സജ്ജനപ്രശംസ. ബാക്കി തിയ്യതികളിൽ ശരീരക്ഷതി, മനോവ്യസനം ദുർജ്ജനദ്രോഹം, ബന്ധുവിരഹം, ധനനഷ്ടം എന്നിവ ഫലങ്ങൾ.

5. ചിങ്ങക്കൂറ്. (മകം, പൂരം, ഉത്രത്തിൽ ¼) 1മുതൽ 5വരെ തിയ്യതികളിൽ കാര്യഹാനി, ധനനഷ്ടം, ദേഹാരിഷ്ടം. 6മുതൽ 11വരെ തിയ്യതികളിൽ ധനലാഭം, സുഖം, ബന്ധുപ്രാപ്തി, പ്രവർത്തിഗുണം. 12മുതൽ 16വരെ തിയ്യതികളിൽ ഭാര്യപുത്രാരിഷ്ടം അപമാനം, പരാജയം. 17മുതൽ 22വരെ തിയ്യതികളിൽ ബന്ധുസഹകരണം, ഭക്ഷണപാനീയസുഖം, വസ്ത്രലാഭം, കാര്യസിദ്ധി, സജ്ജനസംസർഗ്ഗം. ശേഷം തിയ്യതികളിൽ ഗുണദോഷമിശ്രഫലങ്ങൾ. ഈ കൂറകാൎക്കു ഈ മാസം പ്രായേണ ശോഭനം.

6. കന്നിക്കൂറ്. (ഉത്രം ¾ അത്തം ചിത്ര ½) 1 മുതൽ 7വരെ തിയ്യതികളിൽ ഇഷ്ടലാഭം, സുഖം, സന്തോഷം, ധനാഗമം. 8മുതൽ 16വരെ തിയ്യതികളിൽ ധനവ്യയം, ആരോഗ്യഹാനി, കാര്യപ്രതിബന്ധം, ഭയം ദുർജ്ജനദ്രോഹം. 17മുതൽ 22വരെ തിയ്യതികളിൽ ഗുണദോഷമിശ്രഫലം. ശേഷം തിയ്യതികളിൽ ധനാഗമം സൽക്കർമ്മാനുഷ്ഠാനം ഗുരുജനപ്രീതി, വസ്ത്രലാഭം ഇവ ഫലങ്ങൾ. പ്രായേണ ഈ മാസം ഗുണാധികം ഫലം.

7. തുലാക്കൂറ്. (ചിത്ര ½ ചോതി വിശാഖം ¾) ഈ കൂറകാൎക്ക് 1മുതൽ 5വരെ തിയ്യതികളിൽ ആരോഗ്യം, ധനാഗമം, സുഖം, സ്ഥാനലാഭം, എന്നിവയും 6—11വരെ തിയ്യതികളിൽ സുഖഹാനി, ധനനാശം, സജ്ജനവിരോധം, കാര്യനിവൃത്തിഭംഗം, മനഃപീഡ, വിദേശസഞ്ചാരം. 12—16 തിയ്യതികളിൽ ഗുണദോഷമിശ്രഫലം. 17—22വരെ തിയ്യതികളിൽ ധനലാഭം, സൽകീർത്തി, ഇഷ്ടജനസഹകരണം, കർമ്മഗുണം. ശേഷം തിയ്യതികളിൽ മനോവ്യസനം, കാര്യനഷ്ടം, ദുർജ്ജനദ്രോഹം, തസ്കരപീഡ ഈ കൂറകാൎക്ക് ഈ കാലം ശനിപിഴ മുതലായ ദോഷങ്ങളാൽ ദോഷാധികം ഫലം.

8. വൃശ്ചികക്കൂറ്. (വിശാഖം ¼ അനിഴം തൃക്കേട്ട) 1മുതൽ 5വരെ തിയ്യതികളിൽ ധനാഗമം, മനഃസുഖം, വസ്ത്രലാഭം, ഭക്ഷണപാനീയസുഖങ്ങൾ, സജ്ജനപ്രീതി. 6—12വരെ തിയ്യതികളിൽ ആരോഗ്യഹാനി,

അൎത്ഥനാശം, മിത്രദ്വേഷ്യം, ഭാൎയ്യാപുത്രജനങ്ങൾക്കു അരിഷ്ടം, അദ്ധ്വാനം. 13—20വരെ തിയ്യതികളിൽ ഗുണദോഷമിശ്രഫലം. ശേഷം തിയ്യതികളിൽ ആരോഗ്യം, സുഖം, സന്തോഷം, മററും ഫലങ്ങളെങ്കിലും, ഈ കൂറുകാൎക്ക് പന്ത്രണ്ടിൽ ശനി അഷ്ടമത്തിൽ വ്യാഴം എന്നിവകളാകയാൽ പ്രായേണ ദോഷഫലപ്രദമാകുന്നു.

9 ധനുക്കൂറ്. (മൂലം, പൂരാടം, ഉത്രാടം ¼) 1മുതൽ 5വരെ തിയ്യതികളിൽ ധനാഗമം, ഇഷ്ടജനസഹകരണം, കാൎയ്യനിവൃത്തി, മംഗളകാൎയ്യങ്ങളിൽ സഹകരിക്കുക, ഭാൎയ്യാപുത്രസുഖം. 6—12വരെ തിയ്യതികളിൽ കാൎയ്യനാശം, അദ്ധ്വാനം, മൃഗങ്ങളിൽനിന്നും ഭീതി, വിഷഭയം, പതനം. 13—20വരെ തിയ്യതികളിൽ ഇഷ്ടാൎത്ഥലാഭം, ആരോഗ്യസുഖങ്ങൾ, സന്തോഷം, പ്രവൎത്തിഗുണം. ശേഷം തിയ്യതികളിൽ ഗുണദോഷമിശ്രഫലമെങ്കിലും, ശനിവ്യാഴന്മാർ അനുകൂലഭാവത്തിൽ സഞ്ചരിക്കുന്നതുകൊണ്ട് ഈ കൂറുകാൎക്ക് ഗുണഫലം അധികമായിക്കാണുന്നു.

10. മകരക്കൂറ്. (ഉത്രാടം ¾ തിരുവോണം അവിട്ടം ½) 1മുതൽ 5വരെ തിയ്യതികളിൽ രോഗാരിഷ്ടം, ശത്രുദ്രോഹം, കാൎയ്യനിവൃത്തിനാശം, കൎമ്മനാശം, സുഖഹാനി, ആയുധഭയം 6—12വരെ തിയ്യതികളിൽ ധനാഗമസുഖങ്ങളും, കാൎയ്യസാദ്ധ്യം, ബന്ധുജനസഹകരണം, ഇഷ്ടാൎത്ഥലാഭം, ഗുരുപ്രീതി, വിശേഷ ധനലബ്ധി. 13—17വരെ തിയ്യതികളിൽ ഗുണദോഷമിശ്രഫലം. 18—23വരെ തിയ്യതികളിൽ സന്തോഷം, സുഖം, ആരോഗ്യം, കൎമ്മഗുണം, ധനലാഭം. ബാക്കി തിയ്യതികൾ ഗുണദോഷമിശ്രഫലങ്ങൾ. വിശേഷാൽ ശനിവ്യാഴന്മാർ പ്രതികൂലന്മാരാകയാൽ പ്രായേണ ദോഷാധിക്യഫലം.

11. കുംഭക്കൂറ്. (അവിട്ടം ½ ചതയം പൂരോരുട്ടാതി ¾) 1മുതൽ 5വരെ തിയ്യതികളിൽ വിശേഷ വസ്ത്രലാഭം, സന്തോഷം, കാൎയ്യനിവൃത്തി, വിജയബഹുമാനങ്ങൾ. 6—12വരെ തിയ്യതികളിൽ സ്വജനവിരോധം, മഹജ്ജനവിരോധം ധനനഷ്ടം, സുഖഹാനി, കാൎയ്യവിഘ്നം, ഭാൎയ്യാരിഷ്ടം 13—20വരെ തിയ്യതികളിൽഗുണദോഷ മിശ്രഫലം. ശേഷം തിയ്യതികളിൽ ബഹുമാനം, സമ്മാനലാഭം, ഇഷ്ടജനസഹകരണം, വിശേഷ ബന്ധുപ്രാപ്തി, ഭക്ഷണസുഖം, വസ്ത്രാലങ്കാരലാഭം. ഈ കൂറുകാൎക്ക് അഷ്ടമശ്ശനി കാലമാകയാൽ അരിഷ്ടപ്രധാനമാണ്.


12. മീനക്കൂറ്. (പൂരോരുട്ടാതി ¼ ഉത്രട്ടാതി, രേവതി) 1—5 വരെ തിയ്യതികളിൽ ആരോഗ്യക്ഷയം, ബന്ധുവിരഹം, ഭാൎയ്യ, സന്താനക്ലേശം, ധനനഷ്ടം. 6—12 വരെ തിയ്യതികളിൽ ധനാഗമം, കൎമ്മസിദ്ധി, ആരോഗ്യം, കുഡുംബസുഖം, 13—21 വരെ തിയ്യതികളിൽ ഗുണദോഷമിശ്രഫലം. ശേഷം തിയ്യതികളിൽ ബന്ധുവിരഹം, യാത്രാക്ലേശം, ധനനഷ്ടം, ദുൎജ്ജനദ്രോഹം, രോഗാരിഷ്ടം എന്നിവകൾ ഫലം ഈ കൂറുകാൎക്ക് ഈ മാസം പ്രായേണ ദോഷാധികഫലം.

## ക്രുപ്പകൈ.

കൈരളി! വാണി! വീണാധാരിണി മനോഹരി!
കേരളാവനി പുണ്യഭാഗ്യശാലിനീ! മാതെ!
താവകാനുഗ്രഹത്താലെന്നോ മണിക്ഷേത്രം
ഭാവനാചൈതന്യത്തിൻ പൊന്നോളം പരത്തുവാൻ
അജ്ഞാനാന്ധകാരത്തെ നീക്കി സാഹിത്യപ്രഭാ-
വിജ്ഞാനം കാട്ടിതന്ന കവീതേ! നമസ്കാരം
പൈങ്കിളിപ്പാട്ടാൽ തുഞ്ചത്താചാൎയ്യൻ പ്രകീൎത്തിച്ച-
ചങ്കമെന്നിയേപാടി തുള്ളലിൽ കുഞ്ചൻനമ്പ്യാർ
ആടിയും പാടിപ്പിച്ചും താവക സൌന്ദൎയ്യത്തെ-
കോട്ടയത്തരചനും കീൎത്തിച്ചിട്ടുണ്ടായിട്ടും
മോഹന മണിവീണാമഞ്ജുള ഗാനംപോലെ
സൌഹൃദഗാഥാമാധുര്യം രചിച്ച ചെറുശ്ശേരി
കൈരളിക്ഷേത്രം ദിവ്യ സാഹിത്യസ്തനങ്ങളാൽ
കേരള ഗാനങ്ങളാൽ ശോഭനം പരിശുദ്ധം
താവകാൎച്ചനംതന്നെ ആനന്ദം മോക്ഷപ്രാപ്തി-
യ്ക്കാവതും അൎപ്പിക്കട്ടേ! ക്കുപ്പകൈ മലരെന്നും.

*By* ചിറയത്ത്.


**SHELL BRAND**



CUPS, SAUCERS, BOWLS
CLOSETS etc.
of Kerala Ceramics Feroke are available at

**BEN & CO.**, Ernakulam.

# കാമ്യകവനം.

** മുരളീധരൻ— ആഗ്ര **

ഉത്തരേന്ത്യയിൽ രാജസ്ഥാനിലുൾപ്പെട്ട ഭരതപുരം എന്ന രാജ്യത്തിൽ ഉദ്ദേശം 5000ത്തോളം ജനങ്ങൾ താമസിച്ചുവരുന്ന ഒരു ചെറിയദേശമാണ് കാമവനം എന്നു വ്യവഹരിച്ചുവരുന്ന കാമ്യകവനം. ഗ്രാമ്യഭാഷയിൽ, കമയീ, കാമാ, കാമവനം, എന്നിങ്ങിനെ പലവിധത്തിലും ഈ സ്ഥലം അറിയപ്പെടുന്നു. യഥാർത്ഥത്തിൽ അതു സാക്ഷാൽ കാമ്യകവനമാണ്. ഭഗവാൻ ശ്രീകൃഷ്ണന്റെ ക്രീഡാരംഗമായ വ്രജവനത്തിന്നരികെ സ്ഥിതിചെയ്യുന്നതിനാൽ ഇവിടെയും ഭഗവാന്റെ കാലടികൾ പതിഞ്ഞിരിക്കാമെന്നു അനുമാനിക്കുന്നു. വളരെ കാലങ്ങളായി അവിടെ സ്ഥിതിചെയ്യുന്ന തീർത്ഥസ്ഥാനങ്ങൾ പണ്ടകളാൽ നിർമ്മിക്കപ്പെട്ടതാണ്. ഭഗവാന്റെ ലീലകളെ ആസ്പദമാക്കി നിർമ്മിക്കപ്പെട്ടിട്ടുള്ള ഈ തീർത്ഥസ്ഥാനങ്ങളെക്കുറിച്ച് 12–ാംശതാബ്ദത്തിൽ രചിക്കപ്പെട്ടിട്ടുള്ള വരാഹപുരാണ മധുരാഖണ്ഡത്തിൽ രണ്ടാമദ്ധ്യായത്തിൽ ഇങ്ങിനെ വിവരിച്ചുകാണുന്നു.

''ചതുർത്ഥം കാമ്യകവനം വനാനാം വനമുത്തമം
തത്രഗത്വാനരോദേവി മമ ലോകേ മഹിയതേ''

വൈഷ്ണവ മതവിശ്വാസമനുസരിച്ച് കാമവനം ആദിവൃന്ദാവനമായിരുന്നുവത്രെ: വൃന്ദാവനത്തിന്റെ അധീശ്വരിയായ വൃന്ദാദേവിയുടെ പ്രസിദ്ധമായ ക്ഷേത്രം ഇന്നും ഇവിടെ സ്ഥിതിചെയ്യുന്നുണ്ട്. വല്ലഭകുലത്തിലെ ശുദ്ധാദ്വൈതവാദിയായ ഗോസ്വാമി ആചാര്യർ; ഉത്തരമധുരയിൽ പ്രതിവർഷം നടത്തിവരാറുള്ള 168 മൈൽ പുണ്യയാത്രയിൽ മൂന്നുദിവസം ഈ കാമ്യവനത്തിൽ താമസിക്കാറുണ്ട്. ശ്രീ. ഭഗവാന്റെ ക്രീഡാരംഗമായ പന്ത്രണ്ട് മഹാവനങ്ങളിൽ ഒന്നാണത്രെ കാമവനം. സമീപസ്ഥമായ കാടുകളിൽ വ്യോമാസുരന്റെയും അഘാസുരന്റെയും ഗുഹകൾ ഇന്നും അനേകം യാത്രക്കാരെ ആകർഷിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈ രണ്ടു അസുരന്മാരുടെ വധത്തെക്കുറിച്ച് ഭാഗവതത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. കാമവനത്തിന്റെ പ്രാചീനതയെ ദ്യോതിപ്പിക്കുന്ന ശിവക്ഷേത്രം ഐതിഹാസികമായി പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഭഗവാന്റെ പ്രപൌത്രനായ വ്രജനാഭനാണ് ഈ ശിവമൂർത്തിയുടെ സ്ഥാപകനെന്നു പറയപ്പെടുന്നു. നന്ദഗാവിലെ നന്ദീശ്വരൻ, ഗോവർദ്ധനത്തിലെ ചകലേശ്വരൻ വൃന്ദാവനത്തിലെ ഗോപീശ്വരൻ, കാമവനത്തിലെ കാമേശ്വരൻ എന്നീ നാലു് രൂപത്തിലാണ് ശിവലിംഗം പ്രഖ്യാതമായിക്കാണുന്നതു്. അതിന്നുംപുറമെ ഇന്ത്യയിൽ ഒട്ടാകെ കാമ്യവനമൊഴിച്ചു വേറെ മൂന്നു പുണ്യസ്ഥലങ്ങളാണുള്ളതു്. അതു് കാശിയും, കാമാഖ്യയും, കാശ്മീരവുമാണത്രെ. കാമവനത്തിൽ ഏകദേശം ആറുനാഴിക ദൂരെയുള്ള ''ഘട്ടം'' എന്ന സ്ഥലത്തുനിന്നും കണ്ടെടുക്കപ്പെട്ട ഒരു വലിയ ശിലാലിഖിതം കാമേശ്വരശിവക്ഷേത്രത്തിന്റെ പ്രാചീനതയെ വിളംബരം ചെയ്യുന്നുണ്ടു്. ക്രി. വ. 904–ൽ ഗുജ്ജര പ്രതിഹാരവംശത്തിൽപ്പെട്ട രാജാഭോജദേവൻ, കാമേശ്വരക്ഷേത്രനിർമ്മാണത്തിന്നുവേണ്ടി ഭൂദാനംചെയ്തതായി ആ ശിലാലിഖിതത്തിൽ രേഖപ്പെടുത്തിക്കാണുന്നു. ആ ശിലയിലുള്ള 28 വരികളിൽ ശിവസ്തുതിയ്ക്കുപുറമെ ക്ഷേത്ര നിർമ്മാണകർത്താവിനെക്കുറിച്ചും അതിന്നുള്ള ഭൂദാനത്തെക്കുറിച്ചും വിവരിച്ചുകാണുന്നു. അക്കാലത്തു കാമേശ്വരപൂജനടത്തിയിരുന്നതു് പാശുപതശൈവസമ്പ്രദായത്തിലുള്ള ഒരു കർമ്മിയാണെന്നു പ്രസ്തുത ശിലാലേഖനം വ്യക്തമാക്കുകയും ചെയ്യുന്നു.

പുരാണമനുസരിച്ചു കാമവനം ഒരു തീർത്ഥസ്ഥലംകൂടിയാണ്. അവിടെ ചാതുർമ്മാസത്തിൽ (നവമ്പർ—ഫെബ്രുവരി) ഇന്ത്യയുടെ നാനാഭാഗങ്ങളിൽ നിന്നും അനേകം ഭക്തന്മാർ വന്നു താമസിക്കുക പതിവാണ്. തദ്വാരാ ഇന്നു് അവിടം ഒരു പ്രധാന തീർത്ഥ

സ്ഥാനമായി തീന്നിരിക്കുന്നു. ശുദ്ധാദ്വൈതവാദിയായ നിമ്പകാചാര്യരാണ് അവിടത്തെ മേൽനോട്ടവും പുനർനിർമ്മാണവും നടത്തിയത്. ഈ മഹാന്മാരായ ആചാര്യന്മാരുടെ പരിശ്രമഫലമായി ഇന്നു ആ സ്ഥലം വിഖ്യാതമായിത്തീന്നു. വൈഷ്ണവരും ശൈവരുമായ ആചാര്യന്മാരുടെ നേതൃത്വത്തിൽ അനേകായിരം സ്ത്രീപുരുഷന്മാർ ഇന്നും അവിടെ വന്നു തങ്ങളുടെ ജന്മസാഫല്യം അടയുന്നു. ശ്രീ. വല്ലഭാചാര്യരുടെ പൌത്രനായ രഘുനാഥ് അച്ഛനായ വിത്തൻനാഥിന്റെ ഏഴ് ഭഗവദ്വിഗ്രഹങ്ങളിൽ ഒന്നായ "ഗോകുലേന്ദ്രപ്രഭുവിഗ്രഹം" കൊണ്ടുവന്ന് കാമവനത്തിൽ സ്ഥാപിച്ചു. അതിന്നു വിശാലമായ ഒരു ക്ഷേത്രം നിർമ്മിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ വംശജനായ ശ്രീ. ഗോവിന്ദലാൽ ആ മൂർത്തിയുടെ അച്ചനാദികർമ്മങ്ങൾ യഥാവിധി നിർവ്വഹിച്ചുപോന്നു.

കാമവനത്തിൽനിന്നും സംഭരിക്കപ്പെട്ട മനോഹരങ്ങളായ അനേകം വിഗ്രഹങ്ങൾ ഇന്ത്യയിലെ പുരാതനവസ്തുഗവേഷണശാലകളെ ഇന്നും അലങ്കരിച്ചുകൊണ്ടിരിക്കുന്നു. ഭരത്പൂരിലെ ഗവണ്മെൻറ് കാമവനത്തിന്റെ ഉദ്ധരണത്തിൽ കാണിക്കുന്ന അനാസ്ഥ ആ പ്രാചീനവും അമൂല്യവുമായ ഒട്ടനേകം കലാവസ്തുക്കൾക്കു നാശത്തിന്നു നിദാനമായിത്തീന്നിരിക്കുന്നു. കാമേശ്വരക്ഷേത്രത്തിലെ ശ്രീകോവിലിന്നു ചുററും കാണപ്പെടുന്ന കലാരൂപങ്ങൾ മദ്ധ്യയുഗത്തിലെ സർവ്വോത്തമങ്ങളായ കലാരൂപങ്ങളിൽ ഉൾപ്പെടുന്നവയത്രെ. ഈ ക്ഷേത്രത്തിന്നരികെ കാണുന്ന നാല് വലിയ ലിംഗങ്ങൾ സത്യയുഗത്തിലേയും ത്രേതായുഗത്തിലേയും, ദ്വാപരയുഗത്തിലേയും, കലിയുഗത്തിലേയും പ്രാചീനതയെ കുറിക്കുന്നവയാണ്. അവിടെത്തന്നെയാണ് മദ്ധ്യയുഗത്തിലെ വരാഹമൂർത്തിയുടെ പ്രതിമയുള്ളതും. ഇത്രയും ഭംഗിയുള്ളൊരു വരാഹമൂർത്തി പ്രതിമ മറെറാരേടത്തും ഉള്ളതായി അറിയുന്നില്ലത്രെ. ഇവിടെത്തന്നെ ഭഗവാന്റെയും പാണ്ഡവന്മാരുടേയും മാതാവായ കുന്തീദേവിയുടേയും പ്രതിമകൾ കാണാം. കാമവനത്തിലെ ഈ പ്രതിമകളെക്കുറിച്ചു മഹാഭാരതത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. മഹാഭാരതത്തിൽ പറഞ്ഞുകാണുന്ന കാമ്യകവനം അതിന്റെ ഉല്പത്തിക്കു നാലായിരം സംവത്സരങ്ങൾക്ക് മുമ്പുള്ള പ്രതീതിയാണ് ഉളവാക്കുന്നത്. ചൂതുകളിയിൽ പരാജയപ്പെട്ട പാണ്ഡവന്മാർ ഹസ്തിനപുരത്തുനിന്നും യാത്രയായപ്പോൾ അവിടത്തെ നഗരവാസികൾ അവരെ അനുഗമിച്ചുവെങ്കിലും പാണ്ഡവന്മാർ അവരെ സമാശ്വസിപ്പിച്ചു മടക്കിയയച്ച് ഗംഗാതീരത്തിലുള്ള "പ്രമാണ"മെന്ന മഹാവനത്തിൽ താമസിച്ചതായും പിന്നീട് — ധൌമ്യമഹർഷിയുടെ ആശീർവ്വാദം വാങ്ങി ബ്രാഹ്മണരോടുകൂടെ കാമ്യകവനത്തിലേക്കു യാത്രചെയ്തതായും മഹാഭാരതത്തിൽ താഴെ കാണുംവിധം പറഞ്ഞുകാണുന്നുണ്ട്.

"തതഃകൃതസ്വസ്ത്യനാ ധൌമ്യേനസഹപാണ്ഡവാഃ
ദ്വിജസംഘൈഃപരിവൃതാപ്രയയുഃ കാമ്യകം വനം."

പാണ്ഡവന്മാർ പോയതിന്നുശേഷവും മഹാനായ വിദുരൻ ധൃതരാഷ്ട്രരെ ഉപദേശിച്ചുവെങ്കിലും കുപിതനായ അദ്ദേഹം പാണ്ഡവന്മാരെ അനുഗമിച്ചു കാമ്യകവനത്തിൽ എത്തിച്ചേന്നു. ഇളയച്ഛനായ വിദുരരെ പാണ്ഡവർ യഥോചിതം സ്വീകരിച്ചു. വിദുരൻ പോയതിൽ പശ്ചാത്തപിച്ച ധൃതരാഷ്ട്രർ വിദുരനെ കൂട്ടിക്കൊണ്ടുവരാനായി സഞ്ജയനെ കാമ്യകവനത്തിലേക്ക് അയച്ചു. കാമ്യകവനത്തിൽവെച്ച് മൈത്രേയമഹർഷി പാണ്ഡവന്മാരുടെ ആതിഥ്യം സ്വീകരിച്ചതായും ധൃതരാഷ്ട്രരോട് ഇപ്രകാരം പറഞ്ഞതായും കാണുന്നു.

"തീർത്ഥയാത്രാമനുക്രാമൻ പ്രാപ്തോസ്മി കുരുജംഗലാൻ
യദൃച്ഛയാധർമ്മരാജം ദൃഷ്ടവാൻ കാമ്യകാവനെ"

ഭയങ്കരമായ ഈ വനത്തിൽവെച്ച് മേകാസുരന്റെ സഹോദരനായ കമ്മീരനെ മഹാബലവാനായ ഭീമസേനൻ വധിച്ചു. അവിടെവെച്ചുതന്നെയാണ് യാദവശ്രേഷ്ടനായ ഭഗവാൻ പോയി സന്ദർശിച്ചതും.

ഗുജ്ജരപ്രതിഹാരവംശത്തിന്റെ ശാസനങ്ങൾ കൊത്തപ്പെട്ടിട്ടുള്ള ഒരു വലിയ ശിലയിൽ കാമ്യകവനത്തേയും കാമ്യകനഗരത്തേയുംകുറിച്ചു രേഖപ്പെടുത്തിക്കാണുന്നു. കാമവനത്തിലെ എൺപത്തിനാല്കാൽ മണ്ഡപം എന്ന സ്ഥലത്താണ് ഈ ശില ഇന്നു സ്ഥാപിച്ചിരിക്കുന്നതു്. ഒമ്പതാംശതകത്തിലെ ഈ ലിഖിതത്തിൽ ഗുജ്ജരപ്രതിഹാര വംശത്തിലുള്ള ചില രാജാക്കന്മാരെക്കുറിച്ചും വർണ്ണനകൾ കാണ്മാൻ കഴിയും. അവരിൽ വാഞ്ഛലീകയെന്ന ഒരു റാണിയാണ് അവിടെ വിശാലമായ ഒരു വിഷ്ണുക്ഷേത്രം പണിചെയ്യിപ്പിച്ചിരിക്കുന്നതു്. ഈ ശിലലിഖിതം ബ്രാഹ്മീഭാഷയിലാണ്. എണ്പത്തിനാല്കാൽമണ്ഡപമെന്ന വിഖ്യാതമായ ഭവനനിർമ്മാണത്തിൽ സാധാരണ ഒരു കല്ലാണെന്നുകരുതി ഇതു ഉപയോഗപ്പെടുത്തുകയുണ്ടായി.

പുരാതനവാസ്തുഗവേഷകന്മാർ ഇപ്പോൾ അതു വായിച്ചു മനസ്സിലാക്കുകയും അതിന്റെ ഫോട്ടോ എടുക്കുകയും ചെയ്തുകഴിഞ്ഞു. ഈ കല്ല് ഭൂനിരപ്പിൽനിന്നു ഇന്നു ഒരടിമാത്രം ഉയരത്തിലാണ് കാണാൻകഴിയുന്നതു്. ഈ വിഷ്ണുക്ഷേത്രം യവനാക്രമണത്തിന്നു വിധേയമാകുകയും തദവസരം ചില പരിവർത്തനങ്ങൾവരുത്തി ആ പുണ്യക്ഷേത്രത്തെ ഒരു മുസ്‌ലിംപള്ളിയാക്കി രൂപാന്തരപ്പെടുത്തുകയും ചെയ്തു. ആ പള്ളിക്കും ഈ പ്രത്യേകശില ഉപയുക്തമാക്കിയിരുന്നു. ഏഴാം ശതാബ്ദത്തിന്റെ മദ്ധ്യത്തിൽ പണിചെയ്യപ്പെട്ട ഈ ക്ഷേത്രം ശില്പകലയുടെ ഒരു ഉത്തമോദാഹരണമാണ്. അതിന്റെ നിർമ്മാണത്തിന്നാവശ്യമായ ചുകന്ന കല്ല് രൂപവിസത്തിൽനിന്നും ആഗ്രയിൽനിന്നും 23നാഴിക ദൂരെസ്ഥിതിചെയ്യുന്ന ഫത്തേപ്പൂർ സിക്രിയിലെ ഖനികളിൽനിന്നും എടുത്തിട്ടുള്ളതാണ്. വിഗ്രഹനിർമ്മാണങ്ങൾക്കും മററും പ്രത്യേകമായി എടുക്കാറുള്ളതാണ് ഈ വിശിഷ്ടപ്പെട്ട ചെങ്കല്ല്. ഇന്നു എൺപത്തിനാല്കാൽമണ്ഡപമെന്നു പേരിനാൽ മാത്രം അറിയപ്പെടുന്ന ആ സ്ഥലത്തു ഇതുകൊണ്ടു അനേകം സ്തംഭങ്ങൾ നിർമ്മിക്കപ്പെട്ടിരിക്കണം. സേർ അലക്സാണ്ടർ കന്നിംഗാം 1882ൽ അവിടം സന്ദർശിച്ചതിനുശേഷം എഴുതിയിട്ടുള്ള കുറിപ്പുകളിൽ അക്കാലത്തു 200 സ്തംഭങ്ങളുണ്ടായിരുന്നുവെന്നു പറയപ്പെടുന്നു. പക്ഷെ കാലക്രമേണ അവയെല്ലാം നശിച്ചു ഇന്നുകാണുന്ന ഏതാനും ചിലസ്തംഭങ്ങൾമാത്രമായി അവശേഷിച്ചുവെങ്കിലും എണ്പത്തിനാല്കാൽമണ്ഡപം എന്ന സംജ്ഞതന്നെ വ്യവഹാരഭാഷയിൽ പറഞ്ഞുവരുന്നു. ഇതെല്ലാം ഒരു രാത്രികൊണ്ടു പണ്ടു വിശ്വകർമ്മാവിനാൽ സൃഷ്ടിക്കപ്പെട്ടതാണെന്നും, എണ്ണമററ തൂണുകൾ ഉണ്ടായിരുന്നുവെന്നും അവിടത്തെ സ്ഥാനികളായ ഇന്നത്തെ പാണ്ഡകൾ പറയുന്നു. അവിശ്വസനീയമായ അത്തരം കഥ കാണികളെ അത്ഭുതസ്തബ്ധരാക്കുവാൻ മാത്രം ഉപയോഗിക്കുന്നതാണെന്നെ വിചാരിക്കുവാനുള്ളു. അതിന്റെ സ്തംഭങ്ങളിൽ ഒരു കാലത്തു ഗണപതിയുടേയും, കാളിയുടേയും, നരസിംഹമൂർത്തിയുടേയും വിഷ്ണുഭഗവാന്റെ പ്രതിമകൾമാത്രമല്ല, അപ്പോലെത്തന്നെ നാഗരാജാവിന്റെയും, നാഗപാണിമാരുടേയും പ്രതിമകൾകൂടി ഭംഗിയായി ആലേഖ്യം ചെയ്തു അലങ്കരിച്ചിരുന്നുവെന്നും പറയപ്പെടുന്നു. ഇന്നവിടെ മൂന്നുവരി സ്തംഭങ്ങൾ മാത്രമെയുള്ളു. നാലാമത്തെവരി സ്ഥിതിചെയ്തിരുന്നേടം യവനാക്രമണാനന്തരകാലത്തിൽ നിർമ്മിക്കപ്പെട്ട ഭിത്തികളാണു ഇപ്പോഴുള്ളതു. നാലാമത്തെവരി സ്തംഭങ്ങൾ ഇടിച്ചുവീഴ്ത്തി ആ പഴയ കല്ലുകൾകൊണ്ടുതന്നെയാണ് ഈ ഭിത്തികൾ പണിചെയ്യിപ്പിച്ചിരിക്കുന്നതു്.

1353ൽ ഫറോഷാബാദ് തുഗ്ലക്കിന്റെ ആക്രമണത്തിനു കാമവനം വിധേയമായി. അതിന്റെ ഫലമായി അന്നുണ്ടായിരുന്ന എൺപത്തിനാല്കാൽമണ്ഡപം അടിച്ചു തകർക്കപ്പെട്ടു. കൂടാതെ അതിന്റെ പ്രവേശനദ്വാരത്തിനരികെയുള്ള ഒരുസ്തംഭത്തിൽ തന്റെ പേരുകൊത്തിക്കുകയും പടിഞ്ഞാറുഭാഗത്തു വിഷ്ണുപ്രതിമ സ്ഥിതിചെയ്തിരുന്നേടത്തു ഒരു വലിയ ആർച്ച് പോലെയുണ്ടാക്കി അതിനുചുററും ഖുറാനിലെ ചില വരികൾ എഴുതിക്കുകയും ചെയ്തു. ഈ വാതിലിന്നു ഏഴടി ഉയരവും നാലടി വിസ്താരവും ഉണ്ട്. അതിനുനേരെ മുല്ലമാക്കു നമാജ് (പ്രാർത്ഥന) ചെയ്യുവാനായി ഏകദേശം അഞ്ചടി ഉയരത്തിൽ ഒരു തറ കെട്ടുകയും ചെയ്തു. ഇന്നും അതൊരു മുസ്‌ലിം ആരാധനാസ്ഥലമായിത്തന്നെയാണ് ഉപയോഗിച്ചുവരുന്നതു്. അക്കാലത്തു എൺപത്തിനാല്കാൽമണ്ഡപത്തിന്റെ ചുററളവ് നീളത്തിൽ 52 അടി 8 ഇഞ്ചും വീതി 49 അടി 9 ഇഞ്ചും ആയിരുന്നു.

ഈ സ്ഥാനത്തുനിന്നും കണ്ടുകിട്ടിയ പ്രതിമകളും മററുപല കലാവസ്തുക്കളും ഇന്നും ഈ നഗരത്തിന്റെ പ്രാചീനതക്കു സാക്ഷ്യംവഹിക്കുന്നു. കേന്ദ്രപുരാതനവസ്തുഗവേഷണ വിഭാഗത്തിന്റെ ശ്രദ്ധ ഇവിടെ പതിയുന്നപക്ഷം ചരിത്രത്തിലെ ഇരുളടഞ്ഞ വശങ്ങളെപ്പോലും പ്രകാശത്തിലേക്കു കൊണ്ടുവരുവാൻ കഴിയുന്നതാണ്.

(ഹിന്ദിയിൽനിന്നും)


# TYPEWRITERS.

We undertake repairs to all makes and models of TYPEWRITERS, provided on examination they are worth repairing, else the customers are told frankly not to waste their money on repairs.

Examination and estimates given absolutely free of charge.

Repairs are undertaken only when our estimates are approved by our customers. All thorough repairs are guaranteed by us for one year.

EXCELLENT WORKMANSHIP,
GENUINE PARTS AND REASONABLE
CHARGES — MAXIMUM RELIABILITY AT
MINIMUM COST.

Consult:

Service Department,
WESTERN TYPEWRITER CO.,
Round West, TRICHUR.

# Discipline in educational institutions and its national Significance.

V. V. JOSEPH, B. A., B. T.

Education in India is undergoing revolutionary changes. Tentative schemes for education are produced and reproduced so that a radical improvement in the standard of education can be attained in accordance with the national need. But when we go deeper and deeper we can reasonably argue that the application of the physical modern scheme of education is only instrumental to turn out citizens in a theoretical sense. Actually what we experience today is not the lack of modern ideas in education but the lack of moral standard in those who come out of the educational institutions in multitudes. Practically, therefore, moral standard and modern ideas in education should go hand in hand. Then only the national aim of education can be achieved that is the production of citizens fit for a nation.

Now, discipline is the most important factor that determines the moral standard in our educational institutions at large. Now a days we are told from every nook and corner of the country that there is something fundamentally wrong with the present system of education. The advocates of this protestation have got their own arguements in support of their views. They say that the majority of the pupils lot that come out of high schools and colleges at present are found to be unwanted elements and that they are consequently unsuited to the modern requirements of the nation. In fact, there is much truth in the exponents of this theory. A simple comparison between the old and the new modes and standards of education will throw much light on the fact that some divices or other should be essentially and immediately found out, so that India in the near future can cope with the international standard of education.

As we saw, the primary requisite for keeping up the moral standard is the prevalence of adequate and sufficient discipline in our institutions.

Now there is a double attribute for the term of discipline. Discipline can be spontaneous and forced. The former is the most advantageous and effective and the latter more abrupt and artificial and hence the outcome will be more and more fruitles and unsatisfactory. This does not mean that forced discipline should be totally disregarded. The only thing is that we should rise to the occasion and sometimes forced discipline will be found imperative.

How can the maintenance of the proper discipline either of the two be possible in our institutions? Ever since the dawn of the freedom India has undergone many experiments on education. The result of these experiments has been far from satisfactory simply because the solution of the greater problem of discipline still remains. It is the young and healthy present generation that moulds

the future world. The pupils who form the bulk of the population under such circumstances should be grown under proper discipline. They should be able to adjust themselves to the dynamic world with which they are confronted. To day, apart from the cardinal aim of education, the idea of international oneness has been stressed more than ever Any part of the World is no more a scattered tip from the other parts. In other words inter-dependance and not independance is the order of the day. This particular idea has been more prominent and outstanding and therefore necessarily there should have a harmony between the ideas of the pupils of various countries. The attainment of this harmony will be the output of a generation that is brought up under the spontaneous discipline in their educational institutions. The pupils should be guided by principles that have stood the test of time. Any hasty adjustment will have its own havoc primarily on the individual concerned and finally on the world unity at large. The miniature citizen inside the schools and colleges should not be contaminated by the interference of the undesirable outside agencies. Party politics has nothing to do with the proper would be citizens in the educational corners. It is likely that they will infuse in the minds of these agile generation the idea of disruption and destruction. He should not be hypocritic in political ideas. False conceptions in politics may probably culminate in serious dangers that might standin the way of the pupils' individual progress.

Therefore, the agencies that impart education should be very impartial in opening out a political argument and reaching a conclusion. The balance of judgement is one of the most significant assets that keep the steady and amicable discipline in our institutions. This contributes much to the mental and moral development of pupils. That does not mean that pupils become bankrupt in political consciousness.

On the contrary, they get more and more things towards developing the horizon of their political thoughts. The only thing is that they should be guarded against the inexperienced and undesirable leadership. Now, the question of ideological dispute does not arise in the four corners of their institutions, which paves the way for stable discipline and harmonious social life.

The dealings of a teacher with the taught have a considerable influence on the betterment of the future citizen in a pupil. In the old school of educational thought there was a gulf of difference between a teacher and the taught. In those days teachers were generally considered to be infallible philosophers who could glance his pupils only from the angle of a vested superiority. Psychological instruction was vogue in those days. But at present that conservative conception has been completely exploded. Now, the affectionate dealings of teacher with pupils are of extraordinary importance organising a disciplinary atmosphere in our educational institutions.

Pupils should get ample chance to associate themselves with ideas of various views and principles. They should be given apportunities to judge these ideas from a critical angle of vision. Liberal and sympathetic consideration to their legitimate needs inside and outside the institution will result in the spontaous discipline. Pupils should find that

they are having certain responsibilites of their own in moulding their individual and collective lives. He should inhale considerable liberty on legal occasions. The pedagogues should be on his guard to see that the liberty conceded to the pupils is not unnecessarily misused. If the pupils associate themselves with ideas of varying interest receiving due suggestion from their respective instructors, then they will naturally feel an aim of freedom of judgement which in its turn will contribute much to the most important criterion of discipline that ultimately keeps moral standard in our institutions.

Noble materials should be superfluously and abundantly supplied to the infant conceptions then and there. Out of the outpouring of these vital, energetic and enthusiastic ideas, as a matter of course, the pupils will feel themselves that they are the representatives of a lively and noble nation. Thus ultimately they become proud of their country which animates to national stability in the long run.

Thus, the amelioration of the atmosphere of proper discipline is of immediate consideration. The principles of universal oneness should be grown in the minds of the pupils profusely. Pedagogy should not be sarcastically interpreted. It should move in tune with more modern ideas. Orthodox educational philosophies should not find a place in the present day psychological instruction.

Pupils in our institution must be regarded as the rising generation of a healthy nation. They should be affectionately dealt with in their cravings for knowledge. The creation of sociability in their behaviour pattern is of much importance. All their instinctive energy should be sublimated to individual emancipation and social uplift. Proper liberty and sympathetic attitude with the pupils should find a place in our educational principles.

---

## ലേഖകന്മാരോടു്.

ലേഖനങ്ങൾ, കടലാസ്സിന്റെ ഒരു ഭാഗത്തു് മാത്രം, മഷികൊണ്ടു് വൃത്തിയായി എഴുതി അയക്കേണ്ടതാണു്. ലേഖകന്മാരുടെ വിലാസമെഴുതി സ്റ്റാമ്പൊട്ടിച്ച കവറുകൾ അടക്കം ചെയ്തിട്ടുള്ള ലേഖനങ്ങൾ, പ്രസിദ്ധീകരിക്കാത്തപക്ഷം മടക്കിഅയക്കുന്നതാണു്. മറ്റെതെങ്കിലും പത്രത്തിന്നു് അയച്ചുകൊടുത്തിട്ടുള്ള ലേഖനങ്ങളും കവിതകളും മറ്റും കളരിയിലേക്കു് അയക്കാതിരിപ്പാനപേക്ഷ. വിജ്ഞേയങ്ങളായ ലേഖനങ്ങൾ, കവിതകൾ, കഥകൾ മുതലായവ ക്ഷണിച്ചുകൊള്ളുന്നു. ലേഖകന്മാർ ലേഖനങ്ങൾ അയക്കുന്നതോടൊന്നിച്ചു് അവരവരുടെ മുഴുവൻപേരും മേൽവിലാസവും എഴുതി അയക്കേണ്ടതാണു്. അങ്ങിനെ ചെയ്യാത്തപക്ഷം ലേഖനം പ്രസിദ്ധപ്പെടുത്തുന്നതല്ല.

പത്രാധിപർ.


★ കലോത്സവം. ★

ഗ്രന്ഥകർത്താ:—

— ബാലകൃഷ്ണപ്പണിക്കർ, ചൂണ്ടൽ —

രസനിഷ്യന്ദികളായ ഇരുപതു് ഖണ്ഡകവിതകളുടെ

— ഒരു സുന്ദരസമാഹാരം!! —

വില: ഒരുറുപ്പിക. പോസ്റ്റേജ് സൌജന്യം.

ഉടൻ ആവശ്യപ്പെടുക:—

സി കെ. സുകുമാരൻ,
കളരിക്കൽ വീട്ടു്, ചൂണ്ടൽ P. O.

# പാഠം 3.

அ അ — இ ഇ

அவ അവ — இவ ഇവ

அரி അരി — இரி ഇരി

உ ഉ — எ എ

உமி ഉമി உளி ഉളി எலி എലി எறி എറി

ஐ ഐ ஒ ഒ ஔ ഔ

ஐஷர ഐഷാ ஒரு ഒരു ஓம் ഓം

ஐவர் ഐവർ ஒப்பு ഒപ്പു ஓடு ഓടു

ஆ ஈ ஊ ஏ ஐ ஓ ஔ

ആ ഈ ഊ ഏ ഐ ഓ ഔ

ஆடு ആടു — ஐயா ഐയാ

ஆணி ആണി — ஏணி ഏണി

ஈட்டி ഈട്ടി — மனை മനൈ

ஓசை ഓശൈ — பேனா പേനാ

ர் ல் ற் ள் ண் ம்

ർ ൽ ർ ൾ ൺ ം

அவள் അവൾ — அவர் അവർ

அவல் അവൽ — ஏவர் ഏവർ

அவன் അവൻ — ஆவல் ആവൽ

போனால் പോനാൽ — ஆனால் ആനാൽ

## * வருஷமகாதிசை.

(வி. ஜி. நடேசக் குறுப்பு, புத்தன்சிறை.)

ஜனன நட்சத்திரம் முதல் பங்குனிப்பூர்வபட்சப் பிரதமையன்றைய நட்சத்திரம் வரை எண்ணி 5-ல் பெருக்கி 9-ல் கொடுத்த மிச்சம், 1-க்கு சூரியன் நாள் 20; 2-க்கு செவ்வாய் நாள் 28; 3-க்கு குரு நாள் 58; 4-க்கு கேது நாள் 21; 5-க்கு புதன் நாள் 56; 6-க்கு சுக்கிரன் நாள் 70; 7-க்கு சனி நாள் 36; 8-க்கு சந்திரன் நாள் 50; 1-க்கு இராகு நாள் 21. ஆக நாள் 360.

அதில் எந்தத் திசை முதல் தோன்றுகிறதோ அதுமுதலாக மேற்சொன்ன முறைப் படி வருஷதிசை பார்ப்பது மகாதிசை போல் பலன் கொள்ளவும்.

## மாதமகாதிசை.

ஜனன நட்சத்திரம் முதல் மாதம் பிறந்த நட்சத்திரம் வரை எண்ணிக் கண்டதொகையை 7-ல் பெருக்கி 9-ல் கொடுத்த மிச்சம் 1-க்கு சூரியன்; 2-க்கு புதன் 3-க்கு இராகு; 4-க்கு குரு; 5-க்கு கேது: 6-க்கு சந்திரன்; 7-க்கு சனி; 8-க்கு சுக்கிரன்; 9-க்கு செவ்வாய்திசைகளாகக் கொள்வதாம். கிரகங்களின் மகாதிசை வருஷம் 1-க்கு நாள்காலாக கொள்வது.

* சோதிடகிரக சிந்தாமணி என்றும் பெரிய வருஷாதிநூல்.

## இவற்றின்பலன்.

சூரியதிசை நாள் 4½-க்கு அலைச்சல், கபாலநோய்.

புததிசை நாள் 4¼-க்கு இலாபம் பந்துதரிசனம்.

இராகுதிசை நாள் 4½-க்கு நீசர் சிநேகம்.

குருதிசை நாள் 4-க்கு போசன சௌக்கியம் தனலாபம்.

கேதுதிசை நாள் 1⅛-க்கு தேகபீடை.

சந்திரதிசை நாள் 2½-க்கு சுக்கிறபட்சமானல் தனலாபம், கிருஷ்ணபட்சமாயின் தனநஷ்டம்.

சனிதசை நாள் 4⅛-க்கு விரோதம், குடும்ப கலகம், ஆயுதவிரணம்.

சுக்கிரதிசை நாள் 5-க்கு ரத்தினாபரணலாபம்.

செவ்வாய்திசை நாள் 1⅛-க்கு போசன அசௌக்கியம், கலகம் என்றறிவதாம்.

## ഹിന്ദി പാഠം 3.

നാം വ്യഞ്ജനാക്ഷരങ്ങളും സ്വരാക്ഷരങ്ങളും പഠിച്ചുകഴിഞ്ഞു. എനി നമുക്ക് പഠിക്കുവാനുള്ളത് സ്വരങ്ങൾ ചേരുമ്പോൾ വ്യഞ്ജനാക്ഷരങ്ങളിലുണ്ടാകുന്ന രൂപഭേദങ്ങളെപററിയാണ്.

'ആ'കാരം വ്യഞ്ജനങ്ങളുടെ വലത്തുഭാഗത്ത് 'ा' ഈ ചിഹ്നം ചേർത്താൽ ആകാരത്തിലവസാനിക്കുന്ന സ്വരമായി.

ഉദാ:— का കാ खा ഖാ गा ഗാ घा ഘാ ङा ങാ

ഇകാരം. അക്ഷരങ്ങളെ 'ഇ' കാരത്തിൽ മാററണ്ടിവരുമ്പോൾ ഇടത്തു ഭാഗത്ത് 'ि' ഇങ്ങിനെയുള്ള ചിഹ്നം ചേക്കണം.

ഉദാ:— कि കി खि ഖി गि ഗി घि ഘി ङि ങി

മുൻ കാണിച്ച ചിഹ്നം ചേക്കുമ്പോൾ ഓരോ അക്ഷരത്തിൻെറയും മുകളിലുള്ള '—' ഈ വരയോട്ട് മുട്ടിച്ചും എഴുതാം.

'ഈ'കാരത്തിലാണെങ്കിൽ 'ी' ഈ ചിഹ്നം അക്ഷരങ്ങളുടെ വലത്തുഭാഗത്താണ് ചേക്കേണ്ടത്.

ഉദാ:— की കീ खी ഖീ गी ഗീ घी ഘീ ङी ങീ

'ഉ'കാരത്തിൽ അക്ഷരങ്ങളുടെ ചുവട്ടിലുള്ള നേർവരയോട്ട് തൊട്ട് 'ु' ഈ ചിഹ്നം ചേക്കണം. ഉദാ:— कु കു खु ഖു गु ഗു घु ഘു ङु ങു

എന്നാൽ 'र' എന്നതിന്ന് 'रु' എന്നായി മാറുന്നു.

ഊകാരം. ഉകാരത്തിന്ന് പറഞ്ഞപോലെതന്നെ 'ू' ഉൗ ചിഹ്നം ചേർത്താൽ ഊകാരാന്തത്തിലവസാനിക്കുന്ന അക്ഷരങ്ങളായി.

ഉദാ:— कृ കൃ ख़ू ഖൃ गृ ഗൃ घृ ഘൃ ङृ ങൃ

എന്നാൽ 'र' എന്നതു് 'रू' എന്നായി മാറുന്നു.

എ'കാരം. അക്ഷരങ്ങളുടെ മുകളിൽ ഉള്ള വരയോടു് മുട്ടിച്ചു് ' े ' ഈ അടയാളം ചേർത്താൽ 'ഏ'കാരമായി.

ഉദാ:— के കെ खे ഖെ गे ഗെ घे ഘെ ङे ങെ

'ഐ'കാരം. ' ै ' ഈ ചിഹ്നം ഏതക്ഷരത്തിൻെറയും മുകളിൽ ചേർത്താൽ 'ഐ'കാരമായി.

ഉദാ:— कै കൈ खै ഖൈ गै ഗൈ घै ഘൈ ङै ങൈ

'ഒ'കാരം. അക്ഷരങ്ങളുടെ വലത്തുഭാഗത്തു് ' ो ' ഈ അടയാളം ചേർത്താൽ 'ഒ'കാരമായി.

ഉദാ:— को കൊ खो ഖൊ गो ഗൊ घो ഘൊ ङो ങൊ

'ഔ'കാരം. ' ौ ' ഈ ചിഹ്നം അക്ഷരങ്ങളുടെ വലത്തുഭാഗത്തുതന്നെ ചേർത്താൽ 'ഔ' കാരമായി.

ഉദാ:— कौ കൌ खौ ഖൌ गौ ഗൌ घौ ഘൌ ङौ ങൌ

'അം' എന്ന സ്വരം കിട്ടുവാനായിട്ടു് അക്ഷരങ്ങളുടെ മുകളിൽ '.' ഈ അടയാളമാണു് ചേർക്കേണ്ടതു്. ഉദാ:— कं കം खं ഖം गं ഗം घं ഘം ङं ങം

മേൽ എഴുതിയ ഓരോ സ്വരവിശേഷങ്ങളും क മുതൽ ज्ञ വരെ ക്രമം തെററാതെ എഴുതി നോക്കു. പിന്നെ പറഞ്ഞെഴുതേണ്ട കാര്യം മറക്കരുതെ.

അടുത്ത തവണ നമുക്ക് ഉച്ചാരണ വിശേഷണങ്ങളെ പററി പഠിക്കാം.

നമസ്തെ!

നാട്ടികേയൻ.

# महात्मा कबीर ।

(शुरू हो)

क्रान्तिकारी कबीर ने हिन्दुओं की कर्मकांडी साधना पद्धति का तर्कपूर्ण खंडन किया। उन्हों ने मुसलमानों को भी नहीं छोडा। दोनों का पोल खोल दिया। इसलिए हिन्दु और मुसलमान को ओर से उन पर आक्रमण भी हुआ था। लेकिन उस निर्भीक, स्पष्टवक्ता पर उसका ज़रा भी असर नहीं हुआ था। क्योंकि "जाको राखै साइयाँ मारि न सकै कोई बाल न बाँका करि सकै जो जग बैरी होय"। उनका उद्देश्य था! हिन्दु और मुसलमानों का समन्वय! दोंनों को सही रास्ते पर लाना था! इस उद्देश्य की पूर्त्ति केलिए उन के पास केवल यही शक्ति थी कि अनन्य ईश्वरभक्ति, स्वतंत्र जीवन और अमरवाणी।

यह कहना मुश्किल है कि कबीर केवल संत थे या कवि थे। वे कवि थे, ज्ञानी थे, भक्त थे और थे प्रेम-साधक।

कविता की कसौटी पर कबीर की साखी, सबद और रमैनी शायद ही खरी उतरेगी। लेकिन उन में छिपे भाव और रस से कोई भी इन्कार नहीं कर सकेगा। कबीर कविता करने नहीं बैठे थे। वे अपने "आनम अनुभव ज्ञान की" बात दूसरों को सुनाते थे। इसलिए उनकी वाणी में ओज थी, माधुर्य था क्यों कि वह उनके पावन हृदय का उद्गार थी।

कविता का लक्ष्य केवल आस्वादन करना नहीं है। कविता तभी निकालती है जब कि कवि की हृदय तन्त्री पर चोट लगती है। वह कविता दूसरों के हृदय में घर कर लेती है; चाहे उस आत्माभिव्यंजना में शास्त्रीयता की कमी हो, पिंगल शास्त्र के दायरे से बाहर चली गयी हो। मनुष्य का अंतिम लक्ष्य उस अनुपम, अद्भुत और अलौकिक परम सन्ता की प्राप्ति है कविता के जरिए वह अंतर्दाह प्रकट होता है। कबीर ने अपने जीवन की निकटवर्ती वस्तुओं के ज़रिए उस परम सत्ता की विराटता का वर्णन किया; उस की प्राप्ति का सरल मार्ग बताया। उस कथन में स्वाभाविकता लाये। यदि सच्चा सौन्दर्य सादापन है तो कबीर की कविता सर्वश्रेष्ठ है।

कबीर पढे लिखे नहीं थे। उनका ज्ञान पोथियों से प्राप्त नहीं है। वह अनुभव से प्राप्त ज्ञान है; प्रायोगिक ज्ञान है। इस ज्ञान के आधार पर उन्होंने जो गाया है उस में कलात्मक खूबी अवश्य है;।

लाली मेरे लाल की जित देखो तित लाल
लाली देखन मैं चली मैं भी हो गयी लाल" में जो शब्द चमत्कार है और।
माला तो कर में फिरै जीभ फिरै मुह माहि

मनुओं तो दसों दिसी फिरै यह तो सुमरिन नाहिं में जो व्यंग्य है ये दोनों उनकी कलात्मकता का परिचायक हैं। व्यंग पूर्ण कविता प्रणाली के कबीर आचार्य थे। शब्दानुप्रास, चमक, स्वांग रूपक आदि काव्य गत अलंकारों की कमी कबीर की कविताओं में कभी नहीं है।

जो हो, कबीर कवि थे। इस में सन्देह नहीं। उनकी कविता त्रुटिहीन नहीं थी। यह भी सही है। पर रस प्लावन में और भाव गांभीर्य में उन को टक्कर का कोई भी कवि अभी तक नहीं हुए। कवीन्द्र रवीन्द्र बाबू ने उनकी कविताओं का अनुवाद करके कबीर को विश्व विश्रुत कर दिया है। बीहारी और रहीम ने कबीर का अनुकरण किया।

गाँधीजी की विचारधारा कबीर की भावना से प्रभावित है। यों कबीर हिन्दी साहित्य में ही नहीं बल्कि भारतीय जीवन में भी आदर्श बन कर खडे हैं।

# युवकों से।

(ए. आर. चन्द्रागत नाष्टिका।)

ओ साथी क्या देख रहे हो आँखें होकर भी अन्ध समान,
वीर प्रसविनी रोती है, अब करो इसी का पुनरुत्थान ॥

मान लिया ; भारत देश में;
हुआ जन्म तो वेदों का।
शुभ्र हिमालय की छाती में,
बही नदी संस्कृतियों का ॥

जब कि दुनियाँ तमो जल में पडी रही थी; मूर्ख समान,
तभी भारत के ज्योदिष्पथ, ज्ञान किरण से था शोभित ॥

संतों के इस पुण्य देश में;
शांति का तो फूल खिला।
पिरो लिया हम प्रेम पाठ में,
सभी धर्म हा! एक मिला ॥

वृन्दावन की वेणु नाद पें दुनियाँ का दिल गूंज उठा।
झन-झन नूपुर गीत घोष के हर दसनों से जाग उठा ॥

मुक्त प्रेम की नूतन सरणी
पायी, छोड कुलकानी को।
मीरा की वह विरह रागिणी;
हिला देती नव हृदयों को ॥

१) अदोर का गाँव। २) वासस्थान!

"पुरुष-धीर श्रीराम चन्द्र के गुण गानों की धारा में,
डूब गयी; भारत वीरों की हृदय वन्हि; श्रम कारा में ॥"

भारत देश हा! तब से पतिता,
रची गुलामी की माया।
रही पुरानी बात हमारी;
रही के चुली; नाग गया ॥

ओ भाई! तुम सुत स्वप्न में, भूल गये हो आंगन को॥
तप्त हृदय की मूक उसासें; बुला रही हैं युवकों को॥

Hindi and Thamil Printed at the Mar Narsai Press, Trichur.